
പുസ്തകം 7 ലക്കം 9
ആഗസ്റ്റ് 2017
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

Eka Thathwa

മാസിക




## കനികളുണ്ടിവിടെ അറിവുമുണ്ട്
## അറിവാം കനികളെ രുചിച്ചറിയൂ...

# ഏക തത്ത്വ ന്യൂസ്

## എം. ജോൺസൺ റോച്ചിന്റെ "സാമൂഹിക സംവേദനം" പ്രകാശനം ചെയ്തു



മെലിൻഡ ബുക്സ് പ്രസിദ്ധീകരിച്ച എം. ജോൺസൺ റോച്ചിന്റെ 'സാമൂഹിക സംവേദനം' പുസ്തകം പ്രസ് ക്ലബ്ബ് ഹാളിൽ വെച്ച് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പ്രകാശിപ്പിച്ചു. ആദ്യപ്രതി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി. കാർത്തികേയൻ നായർ ഏറ്റു വാങ്ങി. സി. കെ. ഹരീന്ദ്രൻ എം. എൽ. എ അദ്ധ്യക്ഷത വഹിച്ചു. ഡോ. എസ്. കെ. ശ്രീകുമാർ പുസ്തക പരിചയം നടത്തി. പുല്ലുവിള സ്റ്റാൻലി, പൂവച്ചൽ ഉഷ, പി. എസ്. ഹരികുമാർ, കെ. ജെ. വാസുദേവൻ, ക്ലാപ്പന ഷൺമുഖം എന്നിവർ സംസാരിച്ചു.

മറ്റുള്ളവരെ
ചിരിപ്പിക്കുകയും
ചിന്തിപ്പിക്കുകയും
ചെയ്യുന്ന

**ബൂമറാങ്**
**അടുത്ത ലക്കം മുതൽ.**
**ഏക തത്ത്വ മാസികയിൽ**

ബൂമറാങ്ങിനോട്
ചോദിക്കാം. ആർക്കും
എന്തുവേണമെങ്കിലും
ചോദിക്കാം.
ഹാസ്യാത്മകമായ മറുപടി
ലഭിക്കുന്നതായിരിക്കും.
ചോദിക്കേണ്ട വിലാസം :
കാരിത്തടം വർക്കി
ആലക്കോട് പി. ഒ.,
കണ്ണൂർ – 670571.
സെൽ : 8281926230

## ശ്രീ. എൻ. ജി. ജോൺസൺ ബെസ്റ്റ് ട്രെയ്നർ അവാർഡ് കരസ്ഥമാക്കി



ചിത്രകാരനും സാമൂഹ്യപ്രവർത്തകനുമായ ശ്രീ. എൻ. ജി. ജോൺസനെ ബെസ്റ്റ് ട്രെയ്നർ അവാർഡ് 2017 നൽകി ആദരിച്ചു. ജി-ടെക് കമ്പ്യൂട്ടർ എജ്യുക്കേഷൻ സെന്ററും ചിറ്റൂരിലെ എജ്യുക്കോസ് സോഫ്റ്റ് സ്കിൽസ് ട്രെയിനിംഗ് സെന്ററും ചേർന്ന് ചിറ്റൂർ എൻ. എസ്. എസ്. കരയോഗ ഹാളിൽ വെച്ച് സംഘടിപ്പിച്ചു. അനുമോദന ചടങ്ങിൽ വെച്ച് **ചിറ്റൂർ എം. എൽ. എ. ശ്രീ. കെ. കൃഷ്ണൻകുട്ടി** അവാർഡ് സമർപ്പിച്ചു.

കൗമാര വിദ്യാഭ്യാസം, അവയവദാനം, പേരന്റിംഗ്, സ്ത്രീ ശാക്തീകരണം, എച്ച്. ഐ. വി. എയ്ഡ്സ് അവബോധം, കലാസ്വാദനം, ലഹരിവിരുദ്ധ അവബോധം തുടങ്ങി വൈവിദ്ധ്യമാർന്ന മേഖലകളിലെ നിസ്വാർത്ഥ പരിശീലന കളരികളെ മാനിച്ചാണ് ബെസ്റ്റ് ട്രെയ്നർ അവാർഡ് നൽകി ആദരിച്ചത്.

₹ 15

# ഏക തത്ത്വ
മാസിക

പുസ്തകം 7 ലക്കം 9
ആഗസ്റ്റ് 2017

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**കവർ ഫോട്ടോ**
ഉല്ലാസ് ആർ. ഗോവർധൻ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**

വരിസംഖ്യ
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട വിലാസം :**
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**
**Website: www.ekathathwa.com**

## ഉള്ളടക്കം

ഏക തത്ത്വ

**ലേഖനം**
7 – ജൈവ കൃഷി രീതികൾ – ബാലകൃഷ്ണ മേനോൻ
9 – ടി. വി. സംസ്ക്കാരം – പി. രാധാകൃഷ്ണൻ നായർ
11 – രാമകൃഷ്ണപ്പടി ഇറങ്ങാനാളുണ്ടേ – ശ്രീപ്രകാശ് ഒറ്റപ്പാലം
13 – ക്വാറി നിയമങ്ങളിൽ വൻ അയവ്
– വിനോദ് കുമാർ ദാമോദർ

**കഥ**
22 – ചിങ്ങമഴക്കാറിനോടെന്തു പറയും ?
– അശോകൻ രാജീവം
26 – പുനർജന്മം – സുരേഷ് തെക്കീട്ടിൽ
28 – കാക്കയും കൊക്കും – ടി. കെ. ഉണ്ണികൃഷ്ണൻ
29 – രാമനാഥന്റെ പകൽക്കിനാവുകൾ – എം. ഡി. വിശ്വംഭരൻ
30 – തിരിച്ചറിവ്, ചരിത്രം ആവർത്തിക്കുന്നു – ഉല്ലല ബാബു
32 – ഗർഭം അനീതിയല്ല ഒരാഗ്രഹമാണ്
– ജനാർദ്ദനൻ പി. വണ്ടാഴി
33 – പ്രതിച്ഛായ – സൈനുദീൻ മുണ്ടക്കയം
38 – വഴിയേ പോയ വയ്യാവേലി – കാരിത്തടം വർക്കി

**കവിത**
8 – കഷായവും കാഷായവും – ചമ്പക്കര പ്രസന്നൻ
10 – നെടുവീർപ്പുതിരയുന്ന പൂക്കൾ – ഇന്ദുജൻ ഇന്ദീവരം
16 – ഒറ്റമുറി വാതിൽ – ശ്രീകുമാർ ചേർത്തല
17 – മണ്ഡൂകവിലാപം – ഡി. തോമസ്
18 – ഓവുചാൽ – എം. എ. കുളത്തൂർ
19 – കേരളമാതൃക – വിജയൻ കല്ലട
30 – പെയ്തകന്നവർ – തുളസി കേരളശ്ശേരി
33 – അസ്തമയം – നിദ കെ. എ
37 – ധ്യാനം – അജയ് ബാലചന്ദ്രൻ
42 – ഗുരുർക്കടാക്ഷം – രജീഷ് കാളികാവ്

**സ്മരണ**
14 – എന്റെ അഭിനയ സ്മരണകൾ – മുക്കം ഭാസി
18 – സൂക്ഷിച്ചും കണ്ടും നടന്നാൽ
– അന്ന ജോസഫ് കോരുത്തോട്
19 – മുടങ്ങിപ്പോയ പഠനം – സ്റ്റെല്ല ഡൺസ്റ്റൺ

**പാചകക്കുറിപ്പ്**
20 – ഗാന്ധാരി വിലാപം – കെ. വിജയകുമാരൻ

**അനുഭവങ്ങളിലൂടെ / വായനകളിലൂടെ**
16 – മാറി നടക്കുക – പി. എം. ശശിധരൻ

**കഥയും കാര്യവും**
26 – പ്രത്യുപകാരം – സത്യൻ താന്നിപ്പുഴ
27 – ജോൺ എന്ന കുട്ടിയും ആപ്പിൾമരവും – അരവിന്ദൻ

**അനുഭവം**
31 – കുട്ട്യേട്ടൻ – കെ. കേരളദാസനുണ്ണി

**ആരോഗ്യം**
10 – കെലോയ്ഡ് – ഡോ. സി. രാമകൃഷ്ണൻ

**നോവലെറ്റ്**
39 – വെള്ളിയാഴ്ചകൾ – ചൂലനൂർ രാമചന്ദ്രൻ

**ദൈവനാമത്തിൽ**
12 – എന്താണൊരു പോംവഴി ? – മുഹമ്മദ് കനി



# കനിയുമുണ്ടിവിടെ അറിവുമുണ്ട് അറിവാം കനിയെ രുചിച്ചറിയൂ...

**ഇ. ടി. മുരളീധരൻ**

ഇല്ലായ്മയിൽ നിന്നും വന്ന് മിമിക്രി കാണിച്ചും അഭിനയിച്ചും പാട്ടുപാടിയും ഒടുവിൽ പാടിയിലൊടുങ്ങിയ ഒരു നടനെ നമ്മൾ മറന്നിട്ടില്ല. അത്രതന്നെ മോശമുള്ള അവസ്ഥയിൽ നിന്നല്ലാതെ തന്നെ സിനിമയിൽ വന്നിട്ടും പണം കൂടുതലായപ്പോൾ മറ്റുള്ളവരെ പീഡിപ്പിക്കുന്നതും സ്ഥലം കൈയ്യേറുന്നതും ചോദിക്കാൻ വരുന്നവരെ വകവരുത്തുന്നതുമെല്ലാം ഒരു ഹോബിയാക്കിയ കണ്ട കല്യാണരാമനായി വിലസിയ നടനും വന്നു ദുർഗതി. ചിന്തിക്കുന്നവർക്കിവിടെ ദൃഷ്ടാന്തങ്ങളുണ്ടല്ലോ. എപ്പോഴും ഉയരങ്ങളിൽ നിന്നുള്ള വീഴ്ചയ്ക്ക് ശക്തി കൂടും, വേദന കൂടും. പക്ഷെ വീഴ്ച സ്ഥീരികരിച്ചിട്ടില്ല, സമ്മതിച്ചിട്ടില്ല. അത്രയ്ക്കുണ്ട് പണത്തിന്റെ ഹുങ്ക്.

സോളാർ കേസിലെ നിർണ്ണായക തെളിവ് ഒരു സിഡിയിലുണ്ടെന്ന് പറഞ്ഞ് സിഡി തിരഞ്ഞ് പ്രതിയേയും കൂട്ടി പോലീസ് രാജ്യം മൊത്തം കറങ്ങിനടന്നു. പിന്നാലെ പത്ര-ദൃശ്യ മാധ്യമങ്ങളും. വായിച്ചതുതന്നെ വായിച്ചും കേട്ടതുതന്നെ കേട്ടും കണ്ടതുതന്നെ കണ്ടും നാമും മടുത്തു എന്നറിഞ്ഞപ്പോൾ സിഡി തിരച്ചിൽ നിർത്തി. ഇപ്പോൾ സിനിമാനടിയെ പീഡിപ്പിച്ചതിന്റെ തെളിവടങ്ങുന്ന മെമ്മറി കാർഡ് തിരഞ്ഞ് നടക്കുകയാണ്. പണ്ട് സിഡി തിരഞ്ഞുനടന്നപ്പോൾ പല സിനിമാ സിഡിയും കിട്ടി. അതുപോലെയിപ്പോൾ പല മെമ്മറി കാർഡുകളും കിട്ടുന്നുണ്ട്. വേണ്ടതുമാത്രം കിട്ടുന്നില്ല. എല്ലാം പണം കൊടുത്ത് ഒതുക്കും. പീഡനത്തിനിരയായവരേയും വായനക്കാരേയുമെല്ലാം വെറും നോക്കുകുത്തികളാക്കും.

എല്ലാവരും ഇന്ന് ടി. വി.യിലെ അവതാരകരെ പോലെയായി. അധികം ചിന്ത കൂടാതെ മനസ്സിൽ രൂപപ്പെട്ട സ്വന്തം ആശയങ്ങൾ കഥകൾ, കവിതകൾ എല്ലാം അവതരിപ്പിച്ച് അങ്ങോട്ടുമിങ്ങോട്ടും സ്മാർട്ട് ഫോണിലൂടെ സെന്റ് ചെയ്ത് സംതൃപ്തി അടയുന്നു. കഴുതക്കാമം കരഞ്ഞുതീർക്കും പോലെ. എല്ലാവരുടെ കൈയിലും സ്മാർട്ട് ഫോണുണ്ടെങ്കിലും പലരും സ്മാർട്ടല്ല. കാരണം കറൻസിയുടെ പരിഷ്കാരത്തെ തുടർന്ന് നടത്തിയ ജി. എസ്. ടി. പരിഷ്കാരങ്ങൾ പലരുടേയും മനസ്സിൽ പറഞ്ഞറിയിക്കാനാവാത്ത ദുഃഖമോ നിസ്സംഗതയോ അതുമൂലം ഉണ്ടാവുന്ന ദേഷ്യമോ പരിഭവമോ സൃഷ്ടിച്ചിരിക്കുന്നു. എന്തായാലും എല്ലാ വിഭാഗം ആളുകളുടേയും മനസ്സ് പ്രക്ഷുബ്ധമാണ്. ജീവിക്കണോ മരിക്കണോ എന്നറിയാതെ, നല്ലതിനാണോ ചീത്തക്കാണോ എന്നൊന്നും പിടികിട്ടാതെ ദിവസങ്ങളിങ്ങനെ കഴിഞ്ഞുപോകുന്നു. ജി. എസ്. ടി. വന്നാൽ എല്ലാത്തിന്റേയും വില കുറയുമെന്ന് പറഞ്ഞിട്ട് എല്ലാറ്റിന്റെ വിലയും കുത്തനെ കൂടുകയല്ലേ ചെയ്തത് എന്നു ചോദിച്ചാൽ പറയും അതെല്ലാം ഈ കടക്കാരുടെ പണിയാണ്. അവർ ജി. എസ്. ടി. യുടെ പേരിൽ പല കാരണം പറഞ്ഞ് കൊള്ളലാഭം എടുക്കുകയാണ്. കേൾക്കുമ്പോൾ നമുക്കും ശരിയെന്നു തോന്നും. കോഴിയുടെ വിലയുടെ കാര്യത്തിൽ ചൂഷണം നടക്കുന്നുണ്ട് എന്നത് ശരിതന്നെ. പക്ഷെ മറ്റു പല ചെറുകിട കച്ചവടക്കാരും കറൻസി നിരോധനത്താലും, ടാക്സ് പരിഷ്കരണത്താലും വന്നുചേർന്ന സാമ്പത്തികമാന്ദ്യത്തിൽ പെട്ട് ആടിയുലയുകയാണ്. അവർ പിടിച്ചുനിൽക്കാനുള്ള ശ്രമത്തിലാണ്. കച്ചവടം തീരെ കുറഞ്ഞു. കച്ചവടം നടത്തിക്കൊണ്ടുപോകാനുള്ള ചിലവുകൾ കൂടി.

ജി. എസ്. ടി. സൈറ്റ് എപ്പോഴും ഹാങ്ങാണ്. ബാങ്കിംഗ് സോഫ്റ്റ് വെയറുകൾ തോന്നിയതുപോലെ സർവ്വീസ് ചാർജ്ജുകൾ ഈടാക്കും. ആരോട് ചെന്ന് പറയും? ഇന്റർനെറ്റിന്റേയും സോഫ്റ്റ്വെയറിന്റേയും പണിയാണ്, ഞങ്ങൾക്കൊന്നും ചെയ്യാനില്ല. ശമ്പളം പറ്റുന്നവർ ഇതും പറഞ്ഞ് സുഖമായി ഇരിക്കുന്നു. പക്ഷെ സാധാരണക്കാരായ ജനങ്ങളും ബിസിനസ്സുകാരും വല്ലാതെ ബുദ്ധിമുട്ടുന്നുണ്ട്. പരിഷ്കരണങ്ങൾ ശരിയാവും വരെ അവർ വെച്ചിരിക്കുന്ന പണിക്കാർക്ക് ശമ്പളം കൊടുക്കാതിരിക്കാനാവുമോ ? വാടകയിൽ കിഴിവ് ലഭിക്കുമോ ? ലോൺ അടവ് ആരടയ്ക്കും ? എല്ലാം ശരിയാവാൻ കുറച്ചു മാസമെടുക്കുമെന്നു പറയുന്നു. എല്ലാം ശരിയായി കഴിയുമ്പോഴേയ്ക്കും സത്യസന്ധരായ പലരും ഈ ഭൂമി വിട്ടിരിക്കും. അങ്ങിനെ ഓരോ പരിഷ്കാരങ്ങൾ വരുത്തിവരുത്തിയാണ് നല്ലവരെ ഈ ലോകത്തുനിന്നുതന്നെ ഇല്ലാതാക്കിയത്. കള്ളത്തരം ചെയ്ത് ജീവിച്ചു ശീലിച്ചവർക്ക് എന്തുനിയമം വന്നാലും ഒന്നും സംഭവിക്കുകയില്ല. സത്യസന്ധമായി കാര്യങ്ങൾ ചെയ്യുന്നവർ എല്ലാം അറിയുന്നുണ്ട്, കാണുന്നുണ്ട്. കള്ളത്തരം ചെയ്യുന്ന വിഭാഗത്തെ കുറിച്ച് ആരോട് പരാതിപ്പെടും? പരാതികേട്ട ശേഷം മറുപക്ഷത്തുനിന്ന് കാശുവാങ്ങി പരാതിപ്പെട്ടവനെ ഉപദ്രവിക്കാനും മടിക്കില്ല. അതുകൊണ്ട് സഹിക്കുക തന്നെ. സഹിച്ച് സഹിച്ച് ഇല്ലാതായ കുറേ ജീവിതങ്ങളുണ്ട്, നന്മകളുണ്ട് ആരറിയുന്നു? വിശന്ന് വലഞ്ഞ് അവശനായ ഒരു നായ റോഡരുകിൽ നില്ക്കുമ്പോൾ കല്ലെറിഞ്ഞും അടിച്ചും ഓടിക്കുമ്പോൾ നായക്ക് ഏൽക്കുന്ന പരിക്കിനെ കുറിച്ച് നാം ചിന്തിക്കാറുണ്ടോ ? നമുക്ക് ആശുപത്രികളുണ്ട്, വില കൂടിയ ചികിത്സാ സമ്പ്രദായങ്ങളുണ്ട്, കൊണ്ടുപോകാനാളുകളുണ്ട്. ഒടിഞ്ഞ കാലും കൊണ്ട് പൊട്ടിപ്പോയ കണ്ണ് കൊണ്ടും ശിഷ്ട ജീവിതം ജീവിച്ചേ മതിയാവൂ അവർക്ക്. അവർ ആരോട് പരാതിപ്പെടും? ഇതുപോലെയാണ് ചില പാവം മനുഷ്യരുടേയും സ്ഥിതി. അവരെ ഉപദ്രവിക്കാതെ അവരും ഇവിടെ ജീവിച്ചോട്ടെ. എല്ലാവർക്കും വേണ്ടിയാണല്ലോ ഈ ഭൂമി സ്ഥിതി ചെയ്യുന്നത്. ഓരോ ചെറിയ തെറ്റുക

ൾക്കുള്ള ശിക്ഷ പോലും രേഖപ്പെടുത്തുന്നുണ്ട് എന്ന് അറിയുക. അതാര്? എന്നെങ്കിലും ചോദിക്കാനായാൽ ഭാഗ്യം. അയാളെ മറന്നുള്ള ജീവിതം ദുഃഖപൂർണ്ണവും നീളം കൂടിയതുമായിരിക്കുമെന്ന് അറിയുക.

പണ്ട് രാജാവിന് കരം കൊടുത്തിരുന്നു. ഇല്ലാത്തവനെ കരത്തിൽ നിന്നുമൊഴുവാക്കിയിരുന്നു. ഇന്നും കുറേപേരെ ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പാവപ്പെട്ടവനായാലും പണക്കാരനായാലും കടയിൽ ചെന്നുവാങ്ങുന്ന എല്ലാറ്റിനും നല്ല വിലയാണ്. എല്ലാറ്റിനും ടാക്സുണ്ടുതാനും. പിന്നെ ആരെയാണ് ടാക്സ് ബാധിക്കാത്തത്. പാവങ്ങൾ റേഷൻ കടയിൽ പോയി വേണം സാധനങ്ങൾ വാങ്ങാൻ എന്നാണെങ്കിൽ എല്ലാ സാധനങ്ങളും റേഷൻ കടയിൽ കിട്ടുമോ ? ഉള്ളതുതന്നെ ചോദിച്ചാൽ കൊടുക്കുന്നുണ്ടോ ? പ്രത്യേകിച്ച് പാവങ്ങളെ പറഞ്ഞ് പറ്റിച്ച് ജീവിക്കുകയാണ് പല റേഷൻ കടയുടമകളും. അതിന് കൂട്ട് സിവിൽ സ്പ്ലൈസും. പരാതിയുമായി ഒരുവൻ ചെന്ന കാര്യം റേഷൻ കടയുടമയോട് പറഞ്ഞുകൊടുക്കും. കൂട്ടത്തിൽ എങ്ങനെ രക്ഷപ്പെടാം എന്നു കൂടി പറഞ്ഞുകൊടുക്കും. അനധികൃതമായി കൈപ്പറ്റിയ പണത്തിന്റെ കൂറ് കാണിക്കണമല്ലോ ?

ഗവൺമെന്റ് ശമ്പളം മേടിക്കുന്നവർ ശമ്പളവർദ്ധനയ്ക്കും കുടിശ്ശിക നേടിയെടുക്കുന്നതിനുമായി നിരന്തരം സമരം ചെയ്യുന്നു. ഇത്രയ്ക്ക് റിലാക്സ് ചെയ്യാവുന്ന ഒരു ഗവൺമെന്റ് ജോലി കിട്ടിയിട്ടും അതുപോലും നേരേ ചൊവ്വേ ചെയ്യാതെ ജോലി സമയത്ത് സമരം ചെയ്യുകയാണ് പലരും. എന്താ നമ്മുടെ നാട്ടിലെ സ്വാതന്ത്ര്യം അല്ലേ ? കൂലിപ്പണിക്കാരുടെ വേതനം പോലും ലഭിക്കാത്ത കുറേ ആളുകൾ താത്കാലിക ജീവക്കാരായി ഗവൺമെന്റിന്റെ വിവിധ മേഖലകളിൽ ജോലികൾ ചെയ്യുന്നുണ്ട്. അവരെക്കൊണ്ട് ആ ഓഫീസിലെ മുഴുവൻ പണികളും ചെയ്യിക്കും. എന്നിട്ട് ഗവൺമെന്റ് സർവ്വന്റ് ചായയും കുടിച്ച് പേപ്പറും വായിച്ച് യൂണിയൻ പ്രവർത്തനവുമായി നടക്കും. പിന്നെങ്ങിനെ നമ്മുടെ നാട് നന്നാവും ? ശമ്പളവർദ്ധനയ്ക്കായി സമരം ചെയ്യുന്ന ഗവൺമെന്റ് ജോലിക്കാർ കണ്ണുതുറന്ന് ഇടയ്ക്കെങ്കിലും പുറത്തേയ്ക്കൊന്ന് നോക്കണം. റോഡ് വികസനത്തിന്റെ നഗരവികസനത്തിന്റെ പേരിൽ എത്രയെത്ര സാധുജനജീവിതങ്ങളാണിവിടെ വിഷമിക്കുന്നത്. റോഡ് വികസിച്ചപ്പോൾ റോഡോരത്ത് വർഷങ്ങളായിരുന്ന് ചെരുപ്പ് തുന്നിയിരുന്ന ചെരുപ്പുകുത്തി എവിടെപ്പോയി ? അവരെപ്പോലെ റോഡരുകിൽ നിരവധി ചെറിയ ചെറിയ കച്ചവടം നടത്തി ജീവിച്ചവർ എവിടെ ? അവരെവിടെയെങ്കിലും പൊയ്ക്കൊള്ളട്ടെ നമുക്കെന്താ ? നമ്മുടെ ശമ്പളം വർദ്ധിക്കണം. വില പിടിപ്പുള്ള വാഹനങ്ങൾ വാങ്ങി കറങ്ങി നടക്കാൻ നല്ല റോഡുകൾ വേണം. ഭക്ഷണം കഴിക്കാൻ നല്ല ഹോട്ടലുകൾ വേണം. കഴിച്ചത് ദഹിക്കാൻ നല്ല അമ്യൂസ്മെന്റ് പാർക്കുകൾ വേണം. രോഗം വരുമ്പോൾ ചികിത്സിക്കാൻ നല്ല സൂപ്പർ സ്പെഷാലിറ്റി ഹോട്ടലുകൾ വേണം. സുഖലോലുപരായ ആളുകൾ പറയുന്നു – നാട് വികസിക്കുകയാണ്, അതിനുവേണ്ടി പല ത്യാഗവും ചെയ്യേണ്ടിവരും. മനുഷ്യത്വമില്ലാത്ത മനുഷ്യർ കൂടിവരുന്നു. സാധാരണക്കാരെ ഒന്നും ഒരു ജീവിയായി പോലും പരിഗണിക്കുന്നില്ല.

രാജ്യത്ത് വലിയൊരു കലാപം വരാനുള്ള സാധ്യത നിലനിൽക്കുന്നു. വർഗ്ഗീയമായ ചേരിതിരിവുകളുടെ ശക്തിയും എണ്ണവും ദിനം പ്രതി കൂടിവരുന്നു. ഒന്നും നല്ലതിനല്ല. എല്ലാവരുടേയും സമാധാനം പോകും. ഒരു യുദ്ധത്തിലെല്ലാം അവസാനിക്കില്ല. എന്നും സമാധാനം നിലനിർത്താനാണ് ഭരണകൂടങ്ങൾ ശ്രമിക്കേണ്ടത്. താഴേക്കിടയിലുള്ളവരുടെ ക്ഷമ കെട്ടുതുടങ്ങിയിട്ട് കുറച്ചുനാളുകളായി. ഒരു പൊട്ടിത്തെറി ഏതുനിമിഷവും പ്രതീക്ഷിക്കാം. ആർക്കുവേണ്ടിയാണ് ഭരിക്കുന്നത് ? സ്വയം സുഖിക്കാനോ അതോ പാവപ്പെട്ട ജനങ്ങൾക്കുവേണ്ടിയോ? ചിന്തിക്കുക.

അടുക്കളപണിക്ക് ഒരാളെ അന്വേഷിച്ച് കണ്ടെത്തിയപ്പോൾ അവർ ചോദിക്കുകയാണ് വാഷിംഗ് മെഷീനുണ്ടോ ? അലക്കാൻ വയ്യ. മിക്സിയുണ്ടോ, ഗ്രൈന്ററുണ്ടോ ? വീട്ടമ്മയ്ക്ക് കാര്യം പിടികിട്ടി. ഇതെല്ലാം ഉണ്ടെങ്കിൽ പിന്നെ ഇവരെന്തിന്? എല്ലാ ഉപകരണങ്ങളും വീട്ടിൽ വാങ്ങിവെച്ചു. ആദ്യം പണിയെല്ലാം എളുപ്പമായി തോന്നി. പിന്നെപ്പിന്നെ മടി തലയ്ക്കുപിടിച്ചു. ഈ മെഷീനുകളെല്ലാം താനെ പ്രവൃത്തിക്കില്ലല്ലോ? അതിനുവേണ്ടതെല്ലാം നാം തന്നെയെടുത്തുകൊടുക്കേണ്ടേ ? അതിനായി പണിക്കൊരാളെ വെച്ചു. അടിച്ചുതുടയ്ക്കാൻ, പാത്രം കഴുകാൻ ഇതിനെല്ലാം ഇനം തിരിച്ച് കൂലി തീർച്ചയാക്കി. ഇങ്ങിനെ ലാഭിച്ച സമയത്തിൽ കറങ്ങിനടക്കാനൊരുമോഹം. കാറ് മേടിച്ചു. ആദ്യം കാറോടിക്കുക എന്നത് ഒരു ഇമ്പമായിരുന്നു. പിന്നെ കാറോടിക്കാൻ ഭയങ്കര ബുദ്ധിമുട്ടായി. പവർ സ്റ്റിയറിംഗുള്ള കാറ് മാറ്റിമേടിച്ചു. ബ്രേക്ക് ചെയ്യാനുള്ള ബുദ്ധിമുട്ട് കുറയ്ക്കാൻ പവർ ബ്രേക്കുള്ള കാറ് മാറ്റിവാങ്ങി. ഗിയറിടാൻ വയ്യ. ഗിയറില്ലാത്ത ഫുള്ളി ഓട്ടോമാറ്റിക് കാറ് വാങ്ങി. എന്തായാലും നമ്മളന്നെ ഓടിക്കേണ്ടേ. കാഴ്ചകളൊന്നും മര്യാദയ്ക്ക് ആസ്വദിക്കാനാവുന്നില്ല. ഒരു ഡ്രൈവറെ അന്വേഷിച്ച് കണ്ടെത്തി. അവൻ ചോദിച്ചു, ഫുള്ളി ഓട്ടോമാറ്റിക് കാറാണെങ്കിൽ വരാം. എന്റെ വേതനം മണിക്കൂറിന് 250 രൂപയാണ്. കുറേനാൾ അവൻ ജോലി ചെയ്തു. ഇപ്പോൾ ഡ്രൈവറില്ലാതെ സഞ്ചരിക്കാൻ പറ്റുന്ന കാർ ഇറങ്ങിക്കഴിഞ്ഞു എന്നറിയാൻ കഴിഞ്ഞു. ഇനി എങ്ങനെയെങ്കിലും അത് വാങ്ങിച്ചേ പറ്റൂ. അതുംകൊണ്ടേ പോകൂ എന്നു വെച്ചാൽ എന്തുചെയ്യും?

എല്ലാം ചെയ്യുന്നത് മെഷീനുകളാണ് . ഒന്നും ആലോചിക്കാനില്ല, ചെയ്യാനുമില്ല അതുകൊണ്ടു തന്നെ ഏതുപ്രവൃത്തി ചെയ്യുമ്പോഴും ആലോചിച്ചുചെയ്യുക എന്ന രീതിയും ഇല്ലാതായി. തലമുറകൾ കഴിയുമ്പോൾ ബുദ്ധി കുറഞ്ഞ ജനത വരാനുള്ള സാധ്യത കാണുന്നു . കായികമായി ഒന്നും ചെയ്യാത്തതിനാൽ ശരീരത്തിലെ മറ്റ് അവയവങ്ങളെല്ലാം തകരാറായിത്തുടങ്ങും. മെഷീനുകളുപയോഗിച്ച് വളരെ വേഗത്തിൽ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. എന്നിട്ട് എന്തുലാഭം ? സമയമോ ? ആർക്കും ഒന്നിനും സമയമില്ലതാനും. ലാഭിച്ച സമയത്തെ സ്മാർട്ട് ഫോണിൽ ചിലവഴിച്ച് തീർക്കുന്നു. മെഷീനുകൾ ഓടിക്കൊണ്ടിരിക്കുന്നു. അതിനടുത്ത് നിൽക്കുന്ന ഓപ്പറേറ്റർ ഒരു കൈകൊണ്ട് മൊബൈലിൽ തലോടിക്കൊണ്ടിരിക്കുന്നു. ഒരേ സമയം രണ്ടുപ്രവൃത്തി. അതെപ്പോഴും വിജയിച്ചെന്നുവരില്ല. പണിയെടുക്കാനായി തന്ന എല്ലാ അവയവത്തിനേയും വേണ്ടവിധം ഉപയോഗിക്കാതെ ചിലതിനെ മാത്രം ആവശ്യത്തിൽ കൂടുതൽ ഉപയോഗിക്കുമ്പോൾ അതിനുണ്ടാകുന്ന വെറുപ്പ്

ക്യാൻസർ ഉൾപ്പടെയുള്ള പല രോഗങ്ങൾക്കും കാരണമാകുന്നു എന്ന് ആരറിയുന്നു?

ദുഃഖങ്ങളും ദുരിതങ്ങളുമില്ലെങ്കിൽ സുഖത്തേയും സന്തോഷത്തേയും എങ്ങനെ തിരിച്ചറിയാനാവും. ജീവിതത്തിൽ സന്തോഷത്തേക്കാൾ ദുഃഖം കൂടുതലായിരിക്കും. സംശയമുണ്ടെങ്കിൽ എല്ലാ പുരാണകഥകളും വായിക്കുക. ആരാണ് സന്തോഷവാനായി ജീവിച്ചിട്ടുള്ളത്. പ്രതിബന്ധങ്ങളിൽ നിന്നുള്ള അതിജീവനമാണ് ജീവിതം. രാവണനെ കൊന്നതോടെ രാമായണം തീർന്നു. മഹാഭാരതയുദ്ധം തീർന്നതും മഹാഭാരതവും തീർന്നു. യുദ്ധം ജയിച്ചവർ പിന്നെ എങ്ങിനെ രാജ്യം ഭരിച്ചു എന്നെല്ലാം ഒറ്റവരിയിൽ വിവരിച്ച് കഥ അവസാനിപ്പിച്ചു. വില്ലനുള്ളതുവരെ കഥയുമുള്ളു. അതുപോലെയാണ് നമ്മുടെ ജീവിതത്തിലും. ഒരുപാട് വില്ലന്മാരും പ്രതിബന്ധങ്ങളുമെല്ലാം ഉണ്ടാവും. എല്ലാറ്റിനേയും കീഴ്പ്പെടുത്തി കഴിയുമ്പോഴേയ്ക്കും തിരിച്ചുപോകേണ്ടിവരും. അതുവരേയും എനിക്ക് അവനും അവന് ഞാനുമാണ് വില്ലൻ.

ഈ സമൂഹത്തിൽ ഇന്നു കാണുന്ന നമ്മുടെ ശ്രദ്ധയിൽ പെട്ട പലരിലും നാമുണ്ട്. അവരെയാണ് നമുക്ക് ഇഷ്ടമല്ലാത്തതും. അവർക്ക് നല്കിയ ശിക്ഷ നമുക്കും കിട്ടും എന്ന മുന്നറിയിപ്പാണ് ഓരോ സംഭവങ്ങളും നമ്മെ പഠിപ്പിക്കാൻ ശ്രമിക്കുന്നത്. തിരിച്ചറിയുക. നമ്മളിലേയ്ക്ക് തന്നെ നോക്കുക. കുഴപ്പങ്ങൾ പുറത്തല്ല, അകത്താണുള്ളത്. ഓരോരുത്തരും അകത്തെ പ്രശ്നങ്ങൾ തീർക്കുമ്പോൾ പുറത്തെ പ്രശ്നങ്ങൾ താനെ ഇല്ലാതാവും. പക്ഷെ ശ്രമിക്കേണ്ടേ ? ആത്മീയത ഉൾക്കാഴ്ചകളിലേയ്ക്കാണ് നയിക്കുക. പക്ഷെ ഇന്ന് പുരോഹിതന്മാരുടേയും സ്വാമിജിമാരുടേയുമെല്ലാം പ്രഭാഷണം കേൾക്കാൻ ആളുകൾ തടിച്ചുകൂടുന്നു. അതിന് പല കാരണങ്ങളുണ്ട്. ഭക്തിപരമായ അറിവില്ലായ്മയും വർഗ്ഗീയ മതതീവ്രവാദപരമായ കാരണങ്ങളുമുണ്ട്. പുരാണകഥകൾ പറഞ്ഞ് പറഞ്ഞ് പ്രഭാഷകൻ മടുത്തു. ആളുകൾക്ക് കേട്ടിരിക്കാനും സമയമില്ലാതായി. പ്രഭാഷകൻ പ്രഭാഷണം സിഡിയിലാക്കി പുതിയ കച്ചവടം തുടങ്ങി. ഭക്തർ സിഡി വാങ്ങിക്കൊണ്ടുപോയി. പണ്ട് ബുക്കുവാങ്ങി സൂക്ഷിച്ച ഷെൽഫിനടുത്തുതന്നെ സിഡിയ്ക്കും ഒരു ഷെൽഫടിച്ച് അതിൽ വെച്ചു. ബുക്കുകളും സിഡികളുമെല്ലാം ഇന്ന് ഇന്റീരിയർ ഡിസൈനിങ്ങിന്റെ ഭാഗം മാത്രം. ഒന്നും വായിക്കാനും കേൾക്കാനും സമയമില്ലല്ലോ പാവങ്ങൾ.

റംസാൻ മാസത്തിൽ നിർബന്ധ നോമ്പ്, ഇടതടവില്ലാതെ എല്ലാ നേരവും ഖുർആൻ പാരായണം. ഇപ്പോൾ രാമായണ മാസമായി. രാമായണ വായന നടന്നുവരുന്നു. ദിവസവും രാത്രി ഉറങ്ങുന്നതിനുമുമ്പ് ബൈബിളിലെ ഒരദ്ധ്യായം വായിക്കുക പതിവുള്ളവരുണ്ട്. എന്തായാലും എല്ലാവരും വായിക്കേണ്ടത് ചിലർ മാത്രം വായിക്കുന്നു. ചേരി തിരിഞ്ഞ് വായിക്കുന്നു. വിമർശിക്കാൻ വേണ്ടി വായിക്കുന്നു. വായന കഴിഞ്ഞുള്ള സമയം നിഷ്കളങ്കമായി ഒന്ന് പുറത്തേയ്ക്ക് നോക്കിയാൽ വായിച്ച ഗ്രന്ഥത്തിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കാതെ പോയവയെ കാണാം. അത് മനസ്സിലാവുന്ന രീതിയിൽ ഒരുപക്ഷെ മറ്റു ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുണ്ടാവും. പക്ഷെ മറ്റു ഗ്രന്ഥങ്ങൾ വായിക്കില്ലല്ലോ. എന്തുചെയ്യും ? ഒരുപേപ്പറിൽ 6 എന്നെഴുതി മേശപ്പുറത്ത് വച്ചു. നമുക്ക് അഭിമുഖമായി നിൽക്കുന്നവന് അത് 9 ആണ്. 9 ആയി വായിക്കാമെങ്കിലും ഞാനെഴുതിയത് 6 ആണ് എന്നുപറഞ്ഞപ്പോൾ അയാൾക്ക് കാര്യം മനസ്സിലായി. ഒപ്പം ആറ് എന്ന് എഴുതുമ്പോഴുള്ള കൗതുകവും. പക്ഷെ ഈ കടലാസ് മേശയിൽ വെച്ച ശേഷം അവർ അവരുടെ പണിയ്ക്കു പോയി എന്ന് കരുതുക. പിന്നെ എത്തിയ രണ്ടുപേർ രണ്ടിടങ്ങളിൽ നിലയുറപ്പിച്ചു. ആദ്യം എത്തിയ ആൾ 9 എന്ന് വായിക്കാവുന്ന വശത്തെത്തി. രണ്ടാമതുവന്ന ആൾ 6 എന്ന് വായിക്കാവുന്നയിടത്തും നിന്നു. എന്നിട്ട് തർക്കിച്ചുതുടങ്ങി. 9 ആണ്, അല്ല 6 ആണ്. ഞാനാണ് ആദ്യം വന്നത്, 9 ആണ് എന്ന് എനിക്കുറപ്പുണ്ട്. തർക്കം മൂർച്ഛിച്ചു. ഇരുഭാഗത്തും ആളുകൾ കൂടിക്കൊണ്ടിരുന്നു. ഏറ്റവും പുറകിൽ നിന്ന ഒരു വിഭാഗം ആളുകൾക്ക് കാര്യം പിടികിട്ടിയതിങ്ങനെ. അവിടെ ഒരു ആറ് (നദിയുടെ പര്യായമാണല്ലോ ആറ്) ഉണ്ട് എന്നും പക്ഷെ അത് കണ്ടിട്ടും മറുഭാഗത്തുള്ളവർക്ക് അത് മനസ്സിലാകുന്നില്ല അവർ തർക്കിക്കുകയാണ്. എത്ര പൊട്ടൻമാരാണെന്ന് ചിന്തിച്ചുനോക്കൂ. അവരെ സംബന്ധിച്ച് അവരാണ് ബുദ്ധിമാൻമാർ. ഇതുപോലെ മറുഭാഗത്തെ ഗ്രൂപ്പിലെ ഏറ്റവും പുറകിലെ നിരയിലെ ആളുകൾ പറയുകയാണ് നമ്മൾ ഒമ്പതാണ് (ആണും പെണ്ണും കെട്ടവനെ നമ്മൾ വിളിക്കുന്ന പേർ) എന്നുപറയുമ്പോൾ അവർ പറയുകയാണ് അല്ല ആറാണ്, നദിയാണ് എന്നാണ്. നദിയെന്നത് ഒരു സ്ത്രീലിംഗമല്ലെ എങ്ങനെ നപുംസകമാകും. വിട്ടുകൊടുക്കരുത്. വിവരമില്ലാത്തവരെ, മനസ്സിലാക്കാൻ സാധിക്കാത്തവരെ തല്ലി പഠിപ്പിക്കണം. എല്ലാവരും തരം കിട്ടിയാൽ തമ്മിൽ തല്ലി തുടങ്ങും. ടേബിളിനുമുകളിലെ പേപ്പറിലെ കാര്യങ്ങൾ വ്യക്തമായി കാണാവുന്ന ആളുകൾക്ക് പുറകിൽ പടരുന്ന കിംവദന്തികൾ വ്യക്തമായി അറിയാം. അവർ അവരുടെ നിലനിൽപ്പിനുവേണ്ടി, വിജയത്തിനു വേണ്ടി സത്യാവസ്ഥ പറയാതെ, മനസ്സിലാക്കാൻ ശ്രമിക്കാതെ, തെറ്റിദ്ധാരണകൾ നിലനിർത്തിക്കൊണ്ട് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നു. എങ്ങിനെയുണ്ട് ഈ കാഴ്ച ? ഇതുപോലെയാണ് മതങ്ങളെ മറയാക്കി വർഗ്ഗീയത പ്രചരിപ്പിക്കുന്നവരും രാഷ്ട്രസ്നേഹം പറഞ്ഞ് രാഷ്ട്രത്തിനകത്ത് കലഹം സൃഷ്ടിക്കുന്നവരും എന്നറിയുക. ഇതുപോലെയാണ് മതഗ്രന്ഥങ്ങളുടെ കാര്യവും. എല്ലാം ശരിയാണ്. എഴുതിയവർ ഇല്ലാത്തപ്പോൾ ഇരുവശങ്ങളിൽ നിന്നും രണ്ടുതരത്തിൽ വായിച്ച് തർക്കിക്കാതെ, എന്താണിതെന്നറിയാത്ത നാം കലഹിക്കാതെ, എല്ലാറ്റിനേയും സ്വീകരിച്ച്, ഉൾക്കൊണ്ട് മുന്നേറുക. എല്ലാം തുടർച്ചയാണ്. അതുകൊണ്ടു തന്നെ ഏതാദ്യം ഏത് രണ്ടാമത് എന്നൊന്നും കണ്ടെത്താൻ ശ്രമിക്കേണ്ട. എഴുതിവെച്ചുപോയവർ എന്തുദ്ദേശിച്ച് എഴുതിയതാണെന്ന് നമുക്കറിയില്ലല്ലോ? അതുകൊണ്ട് എഴുതാപ്പുറങ്ങൾ വായിക്കരുത്. അതുകൊണ്ടുതന്നെ ഈ നിമിഷത്തിൽ എല്ലാറ്റിൽ നിന്നും നേടിയ പരിമിതമായ അറിവ് ഉപയോഗിച്ച് സമാധാനപരമായി ജീവിക്കുക. ഒരുതരത്തിലും മറ്റുള്ളവരെ വേദനിപ്പിക്കരുത്. നിങ്ങൾ പുറകിലാണ് ആരുടേയോ പുറകിൽ. നിങ്ങൾക്കു പുറകിലും ആളുകളുണ്ട്. നിങ്ങൾക്ക് മനസ്സിലായത് വെച്ച് സംസാരിച്ചും പ്രവർത്തിച്ചും മറ്റുള്ളവരെക്കൂടി തെറ്റിദ്ധരിപ്പിക്കരുത്. എല്ലാറ്റിനെക്കുറിച്ചും പൂർണ്ണമായി അറിയാൻ ശ്രമിച്ചുകൊണ്ടിരിക്കുക. അറിവ് പൂർണ്ണമായാൽ എല്ലാം പൂർണ്ണം. ●

# ജൈവ കൃഷി രീതികൾ

**ബാലകൃഷ്ണമേനോൻ**
റിട്ട.ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ
8281155129,9633827424

1) പ്രകൃതി കൃഷി - ഒറ്റവൈക്കോൽ വിപ്ലവം എന്ന ഗ്രന്ഥമെഴുതിയ Masanobu Fukuoka ആണ് ഈ കൃഷി രീതിയുടെ ഉപജ്ഞാതാവ്.
2) ജീവശക്തി കൃഷി (Biodynamic Farming)

ആസ്ട്രിയൻ തത്വ ചിന്തകനായ ഡോ. Rudolph Stainer ആണ് ഈ കൃഷി രീതിയ്ക്കു പ്രാധാന്യം നൽകിയത്.

അഗ്നി, ആകാശം, ജലം, മണ്ണ്, വായു എന്നീ പഞ്ചഭൂതങ്ങളും സൂര്യചന്ദ്രന്മാരും, നക്ഷത്രങ്ങളും, ഗ്രഹങ്ങളും അടിസ്ഥാനമാക്കിയ കൃഷി രീതിയാണിത്.
3) Zero Budget Farming - Subhash Palekar പ്രകൃതി സൗഹൃദ കൃഷി രീതി. ഒരു നാടൻ പശുവിന്റെ ചാണകം കൊണ്ടു 30 ഏക്കർ കൃഷി ചെയ്യും എന്ന് പലേക്കർ വാദിക്കുന്നു. ജീവാമൃതമാണ് ഈ കൃഷിയുടെ പ്രധാന വളക്കൂട്ട്.
4) സംയോജിത കൃഷി – Integrated Farming
5) സുസ്ഥിര കൃഷി – Sustainable Farming
6) Spiritual Farming – അർത്ഥശാസ്ത്രത്തിലും ഇതിനെ കുറിച്ച് പറയുന്നുണ്ട്.
7) ഋഷി കൃഷി – ഋഷി കൃഷിയിൽ നാടൻ പശുവിനാണ് പ്രാധാന്യം.
8) Homa Farming

ചില ജൈവവളങ്ങൾ വിള വർദ്ധനവിന്

1) ഫിഷ് അമിനോ ആസിഡ് (മത്തി ശർക്കര മിശ്രിതം)

രോഗബാധയില്ലാത്ത ചെടികൾ കരുത്തോടെ വളരാൻ ഉത്തമമായ ഒരു വളർച്ച ത്വരകമാണ് മത്തി ശർക്കര മിശ്രിതം. ഒരു കിലോ മത്തി ചെറുതായി മുറിച്ച് ഒരു കിലോ ശർക്കരയും ചേർത്ത് നന്നായി ഇളക്കി ഒരു പാത്രത്തിൽ (വായു കടക്കാതെ) അടച്ചുവയ്ക്കുക. ഏകദേശം 15 മുതൽ 25 ദിവസം കൊണ്ട് ഈ മിശ്രിതം തയ്യാറാകും. ഇതിനായി പ്ലാസ്റ്റിക് ബക്കറ്റോ, ജാറോ ഉപയോഗിക്കാവുന്നതാണ്. യാതൊരു ദുർഗന്ധവുമില്ലാത്ത കട്ടിയുള്ള ഈ ദ്രാവകം വായു കടക്കാത്ത പാത്രത്തിൽ 2-3 മാസം വരെ സൂക്ഷിച്ചുവയ്ക്കാം. ഈ മിശ്രിതം നന്നായി അടിച്ചെടുത്ത് 5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ നേർപിച്ചു ചെടിയുടെ നാലില പ്രായം മുതൽ 10 ദിവസം ഇടവിട്ട് തളിച്ച് കൊടുക്കാവുന്നതാണ്. ചെടികളുടെ വളർച്ച ത്വരിതപ്പെടുത്തുന്ന ഈ മിശ്രിതം ഒരു കീടാനാശിനി കൂടിയാണ്. ചാഴിക്കെതിരെ വളരെ ഫലപ്രദമായി ഈ വളർച്ച ത്വരകം 20 മില്ലി ഒരു ലിറ്റർ എന്ന തോതിൽ ചെടികളിൽ ഉപയോഗിക്കാവുന്നതാണ്.

2) എഗ്ഗ് അമിനോ ആസിഡ് (മുട്ട മിശ്രിതം)

ആറ് കോഴിമുട്ട എടുത്ത് (പൊട്ടിക്കാതെ) ഒരു ചില്ല് ജാറിലിട്ട് 20 ചെറുനാരങ്ങ പിഴിഞ്ഞ് അതിലേക്ക് ഒഴിക്കുക. 10 ദിവസം അടച്ചു വയ്ക്കുക. ശേഷം മുട്ട പൊട്ടിച്ച് നന്നായി ഇളക്കിച്ചേർക്കുക. അതിലേക്ക് 250 ഗ്രാം ശർക്കര ഉരുക്കിയത് ചൂടാറിയശേഷം ചേർക്കുക. 10 ദിവസം കൂടി അടച്ചുവയ്ക്കുക. ശേഷം തുറന്ന് 1 മില്ലി എടുത്ത് ഒരു ലിറ്റർ വെള്ളത്തിൽ ഇലകളിൽ തളിക്കാവുന്നതാണ്.

3) ശാക്തീകരിച്ച ഗോമൂത്രം

5 ലിറ്റർ ഗോമൂത്രം, 500 ഗ്രാം ശർക്കര, 500 മില്ലി എ. എം. ലായനി എന്നിവ ചേർത്ത് ഇളക്കി പത്ത് ദിവസം സൂക്ഷിക്കുക. ഇത് 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് ചെടികളിൽ തളിക്കുകയും, നനക്കുന്ന വെള്ളത്തിൽ നൽകുകയും ചെയ്യാം. ഇത് ചെടികളുടെ ഇല വളർച്ച വർദ്ധിപ്പിക്കുന്നതോടൊപ്പം വേരുവഴിയുണ്ടാകുന്ന രോഗങ്ങളെ പ്രതിരോധിക്കുന്നു. ഈ ലായനി നിർമ്മിച്ച് 30 ദിവസത്തിനുള്ളിൽ ഉപയോഗിക്കാം.

4) ഇലച്ചാർ മിശ്രിതം

ആര്യവേപ്പ്, നാറ്റപൂച്ചെടി, കിരിയാത്ത്, കമ്മ്യൂണിസ്റ്റ് പച്ച, കരിനൊച്ചി, മഞ്ഞ അരളി എന്നിവയിലേതെങ്കിലും ഒന്നിന്റെ ഇലയോ ഇളം തണ്ടുകളോ ചതച്ച് (50 ഗ്രാം) 750 മില്ലി വെള്ളത്തിൽ 48 മണിക്കൂർ വരെ കുതിർത്ത് വയ്ക്കുക. 40 ഗ്രാം സോപ്പ് ചീകി 250 മില്ലി വെള്ളത്തിൽ അലിയിക്കുക. സോപ്പ് ലായനി അരിച്ചെടുത്ത ഇലച്ചാറിലേക്ക് ഒഴിച്ച് യോജിപ്പിക്കുക. ഈ മിശ്രിതത്തെ അഞ്ചിരട്ടി വെള്ളം ചേർത്ത് തളിച്ചാൽ ഇലതീനി പുഴുക്കൾ, കൂടുകെട്ടി പുഴുക്കൾ, മുഞ്ഞ, ഇലച്ചാടികൾ, തണ്ടുതുരപ്പൻ, കായ്തുരപ്പൻ എന്നിവയെ അകറ്റി നിർത്താം.

5) മോര് ലായനി

ഒരു ലിറ്റർ മോരും, ഒരു ലിറ്റർ ഇളനീർ വെള്ളവും കൂട്ടിക്കലർത്തുക. രണ്ട് തേങ്ങ ചിരകിയതും, 5 ചെറുപഴവും നൈലോൺ വലയിൽ കെട്ടി മോര് മിശ്രിതത്തിൽ മുക്കിയിടുക. പത്ത് ദിവസം വരെ ഇതിനെ പുളിപ്പിക്കുവാൻ വയ്ക്കുക. ഈ മിശ്രിതം സൂക്ഷിക്കുവാൻ ലോഹപാത്രങ്ങൾ ഉപയോഗിക്ക

രുത്. ഈ മിശ്രിതം ചെടികളിൽ ലിറ്ററിന് 10 മില്ലി എന്ന തോതിൽ തളിക്കുക. ചെടികളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും, വേഗം പുഷ്പിക്കുന്നതിനും, ഫലങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്നു.

6) വളച്ചായ

പച്ചക്കറികൾക്ക് ഉപയോഗിക്കാവുന്ന ദ്രാവക സാന്ദ്രീകൃത വളം. ഘടകങ്ങൾ ഇവയാണ്.

ചാണകം - 5 കി. ഗ്രാം
ഗോമൂത്രം - 10 ലിറ്റർ
കടലപ്പിണ്ണാക്ക് - 1/2 കി. ഗ്രാം
വേപ്പിൻപിണ്ണാക്ക് - 1/2 കി. ഗ്രാം
ശർക്കര - 1/2 കി. ഗ്രാം
ചെറുപഴം - 5 എണ്ണം (ചതച്ചത്)
ശുദ്ധജലം - 50 ലിറ്റർ

ചാണകവും ഗോമൂത്രവും ഇളക്കി കടലപ്പിണ്ണാക്ക്, വേപ്പിൻ പിണ്ണാക്ക് എന്നിവ ചേർക്കുക. ശർക്കര ലായനിയും പാളയൻ കോടൻപഴവും ചതച്ചതും ഇളക്കി ചേർക്കണം. ശേഷം 50 ലിറ്റർ വെള്ളം ചേർത്തിളക്കി ഇത്രയും ലായനി സംഭരിക്കാവുന്ന ഒരു ടാങ്കിൽ ഒഴിച്ച് വായ്ഭാഗം മൂടിക്കെട്ടി വയ്ക്കുക. 10 ദിവസം ഇളക്കിയും, 10 ദിവസം ഇളക്കാതെയും സൂക്ഷിക്കുക. അതിനുശേഷം നന്നായി ഇളക്കിയെടുത്ത് പച്ചക്കറികളിൽ നേരിട്ട് തടത്തിൽ ഒഴിച്ച് കൊടുക്കാവുന്നതാണ്.

7) ജീവാമൃതം

200 ലിറ്റർ ശേഷിയുള്ള ബാരലിൽ കൃഷിയിടത്തിൽ നിന്നെടുത്ത വളക്കൂറുള്ള ഒരു പിടി മണ്ണ് ഇടുക. ഇതിലേക്ക് 10 കിലോ നാടൻ പശുവിന്റെ ചാണകവും, 2 കിലോ പയർപൊടിയും ചേർക്കുക. ഇതിൽ 100 ലിറ്റർ വെള്ളം ചേർത്തിളക്കുക. ശേഷം ഇതിലേക്ക് 2 ലിറ്റർ ഗോമൂത്രം, 2 കിലോ ശർക്കര എന്നിവ ചേർത്തിളക്കി 100 ലിറ്റർ കൂടി വെള്ളം ഒഴിക്കുക. ഇത് ചണച്ചാക്കുകൊണ്ട് മൂടി ആറുമണിക്കൂർ അനങ്ങാതെ വയ്ക്കുക. പിന്നീട് തുറന്ന് ദിവസേന മൂന്നുനേരം വലത്തോട്ട് ഇളക്കുക. മണ്ണിനും ചെടിക്കും വേണ്ടത്ര ജീവാണുക്കൾ നിറഞ്ഞ ഈ മിശ്രിതം രണ്ടുദിവസത്തിനുശേഷം ഉപയോഗിക്കാം. ഒരേക്കറിന് 200 ലിറ്റർ ജീവാമൃതം വേണം. മാസത്തിൽ ഒരിക്കലെങ്കിലും ജീവാമൃതം നൽകണം. സീറോ ബഡ്ജറ്റ് കൃഷിയുടെ പ്രധാന ഘടകം.

8) ബീജാമൃതം

നാടൻ പശുവിന്റെ ചാണകം - 5 കി. ഗ്രാം (പുതിയത്)
നാടൻ പശുവിന്റെ മൂത്രം - 5 ലിറ്റർ (പഴകിയതാണ് നല്ലത്)
മരത്തിന്റെ ചുവട്ടിലെ മണ്ണ് - ഒരു പിടി
ചുണ്ണാമ്പ് - 50 ഗ്രാം
ശുദ്ധജലം - 20 ലിറ്റർ

ചുണ്ണാമ്പു അല്പം വെള്ളത്തിൽ കലക്കി മേൽപ്പറഞ്ഞ എല്ലാം ചേർത്ത് ഇളക്കുക. 2-3 മിനിറ്റ് ഇളക്കിയശേഷം ഒരു രാത്രി ഇളക്കാതെ വയ്ക്കുക. രാവിലെ ഇതു പയോഗിക്കാം.

വിത്തുകൾ 10 മിനിറ്റ് മുക്കി പാകുക. ഇത് രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കും. സീറോ ബഡ്ജറ്റ് കൃഷിയുടെ പ്രധാന ഘടകമാണ്.

9) അമൃതപാനി

പച്ചചാണകം - 10 കി. ഗ്രാം (നാടൻ പശുവിൽ നിന്നും)
നെയ്യ് - 250 ഗ്രാം
തേൻ - 500 ഗ്രാം
വെള്ളം - 200 ലിറ്റർ

ചാണകവും നെയ്യും കൂടി 10 - 15 മിനിറ്റ് കുഴച്ച് യോജിപ്പിക്കുക. തേൻ ചേർത്ത് വീണ്ടും 10 -15 മിനിറ്റ് യോജിപ്പിച്ച് 200 ലിറ്റർ വെള്ളം ചേർക്കുക. അമൃതപാനിയിൽ മുക്കി കിഴങ്ങ് വർഗ്ഗങ്ങൾ നടാം.

1 ലിറ്റർ അമൃതപാനി 10 ലിറ്റർ വെള്ളം ചേർത്ത് ചെടികളിൽ തളിച്ചുകൊടുക്കുകയോ ചുവട്ടിൽ ഒഴിക്കുകയോ ആവാം.

10) ഇ. എം. ലായനി (ഇഫക്ടീവ് മൈക്രോ ഓർഗാനിസം)

സൂക്ഷ്മ ജീവികളുടെ കലവറയാണ് ഇ. എം. ലായനി. ആക്ടിവേറ്റഡ് ഇ. എം. ലായനി - ഇ. എം. സ്റ്റോക്ക് ലായനി ശർക്കര, വെള്ളം എന്നിവ ഒരു ലിറ്റർ, ഒരു കിലോഗ്രാം, 20 ലിറ്റർ അനുപാതത്തിൽ ഉൾക്കൊള്ളുന്ന പാത്രത്തിൽ ആക്കി നന്നായി ഇളക്കി അടച്ച് പ്രകാശവും ചൂടും തട്ടാതെ 10 ദിവസം സൂക്ഷിച്ച് വയ്ക്കുക.

ഈ മിശ്രിതത്തിൽ നിന്നും 2 മില്ലി എടുത്ത് 1 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് ചെടികൾക്ക് തളിച്ചുകൊടുക്കാം.

(തുടരും)

## കവിത



**ചമ്പക്കര പ്രസന്നൻ**
കോട്ടയം
9562074849

# കഷായവും കാഷായവും

കയ്പ്പുള്ളതത്രെ കഷായമെന്നാൽ
കെൽപ്പുകിട്ടാനിതു കൂടിയെതീരൂ
കട്ടിലേൽ പറ്റിച്ചേർന്ന മർത്ത്യനും
പഥ്യമായിതു സേവിച്ചീടുകിൽ
രോഗമുക്തനായീടും നിശ്ചയം.
വ്യക്തമാക്കീടാം,
പഥ്യം പിഴച്ചാലോ
പോയീടാം മണ്ണൊഴിഞ്ഞങ്ങ് !
പോയീടാം പരലോകമാർഗ്ഗെ.

കഷായത്തിനുമാത്രമല്ലീ പഥ്യം
കാഷായവേഷത്തിനും വേണമിത്.
പഥ്യം നോക്കുന്നില്ലായെങ്കിൽ
കാഷായവും കയ്പ്പുളവാക്കിടും
കഷായത്തെക്കാൾ
കടുപ്പം തന്നാണ്
കാഷായമെന്നോർക്കയെ വേണ്ടൂ !

ലേഖനം





**പി. രാധാകൃഷ്ണൻ നായർ**
9495367909

# ടി. വി. സംസ്കാരം

നമ്മുടെ ദൃശ്യമാധ്യമങ്ങൾ പ്രചാരത്തിൽ വന്നതോടുകൂടി വളരെയേറെ നല്ല കാര്യങ്ങൾ നമ്മൾക്ക് പരസ്പരം കാണാനും, അറിയാനും വഴിയൊരുക്കിയതിന് സന്തോഷിക്കാം !

ഒരുപാട് നല്ല നല്ല അറിവുകൾ പകരാനും, മറ്റുള്ളവർക്ക് പകർന്നുകൊടുക്കാനും കഴിയുന്നുണ്ട്. വളർന്നുവരുന്ന ഒരുപാട് കുരുന്നുകൾക്ക് ആവേശം പകരാനും സാധിച്ചിട്ടുണ്ട്. വാർത്താ പ്രാധാന്യം അതുപോലെ തന്നെ കലാകായിക രംഗങ്ങളും വിദ്യാഭ്യാസവും പാചകം മുതൽ ഫേഷൻഷോ വരെ എല്ലാ കാര്യങ്ങളിലും പ്രത്യേകിച്ച് സംഗീതത്തിലും മികവുറ്റ വ്യക്തികളെ കണ്ടെത്തി സമൂഹത്തിന് മുന്നിൽ സമർപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതുകൊണ്ട് ദൃശ്യമാധ്യമങ്ങൾക്കുപിന്നിൽ രാപ്പകൽ അദ്ധ്വാനിച്ച സന്മനസ്സുള്ള എല്ലാ പ്രവർത്തകർക്കും നാം ഓരോരുത്തരും എത്രതന്നെ അഭിനന്ദിച്ചാലും അധികമാവില്ല. എന്നിരുന്നാലും, 'മൽഗോവ' മാമ്പഴത്തിൽ പുള്ളിക്കുത്തുകൾ വീണാൽ അത് നന്നായിരിക്കില്ല. അതുപോലെയാണ് നമ്മുടെ ചാനലുകളിൽ വരുന്ന ചില പരസ്യങ്ങളും ചില അവതാരികമാരും. മലയാളം എന്നത് മലയാലമായും ക്ഷമിക്കണം എന്നത് ഷമിക്കണമെന്നും പറയാം എന്നതിന് പരയാം എന്നും, അറിയാം എന്നതിന് അരിയാം എന്നും പറഞ്ഞ് ഭാഷയെ കൊന്നുകൊണ്ടിരിയ്ക്കുന്നു.

അതുപോലെ ചില പരസ്യങ്ങൾ കാണുമ്പോഴും, കേൾക്കുമ്പോഴും, ലജ്ജിച്ച് നാണം കെടുന്നു. അതിൽ ചില പ്രധാനപ്പെട്ടവ ഇങ്ങിനെ : പാട്ടുപാടുന്ന ഭർത്താവ് തന്റെ കൂടെ പാടാൻ ഭാര്യയെ ക്ഷണിയ്ക്കുമ്പോൾ പാത്രം കഴുകുന്ന ഭാര്യ ഭർത്താവിനെ പാത്രം കഴുകാൻ ക്ഷണിക്കുന്നു. സംഗീതം ആസ്വദിക്കുന്ന ഭാര്യ ഭർത്താവിനെ കാപ്പി കലർത്താൻ പഠിപ്പിക്കുന്നു.

വസ്ത്രത്തിന്റെ ഭംഗിയും, നിറവും കണ്ട് ഇന്നെന്താണ് വിശേഷം എന്നു ചോദിക്കുന്ന ഭർത്താവിനോട് ഒരു വിശേഷവുമില്ല മണ്ടാ എന്ന് പറയുന്ന ഭാര്യ. അമ്മ മാർക്കറ്റിൽ പോയ നേരത്ത് തുണി അലക്കി കഴിഞ്ഞ മകനോട് ഇത് ആരാ ചെയ്തത് എന്നു ചോദിക്കുമ്പോൾ ഞാനാണെന്ന് പറയുകയും, അല്ലെങ്കിൽ നാളെ അമ്മയുടെ മരുമകൾ വരുമ്പോൾ പറയില്ലേ, അമ്മ മോനെ പണിയൊന്നും പഠിപ്പിച്ചില്ലെന്ന് ?

ഇങ്ങിനെ സംസ്കാരം തൊട്ടുതീണ്ടാത്ത പരസ്യങ്ങൾ ധാരാളം, ആവർത്തന വിരസത തോന്നാതിരിക്കാൻ നിർത്തുന്നു. പരസ്യത്തിന്റെ കാര്യം പോട്ടെ, വെളുത്താൽ കറുക്കുവോളം തുടരുന്ന സീരിയലുകളിൽ - സംസ്കാരത്തിന്റെ കുറവുമാത്രമല്ല, പുരുഷ കഥാപാത്രങ്ങളെ തരംതാഴ്ത്തി, സ്ത്രീ മേധാവിത്തം മുന്നിട്ടു നിൽക്കുന്ന കാഴ്ചകൾ വേറെയും.

ഈയിടെ പത്രത്തിൽ ഒരു വാർത്ത വായിച്ചിരുന്നു. നിശ്ചയ താംബൂലം കഴിഞ്ഞ് ആറുമാസമായി, കല്യാണത്തിന്റെ ദിവസവും അടുത്തപ്പോൾ വരൻ അമ്പതിനായിരം രൂപ വധുവിന്റെ വീട്ടുകാർക്ക് നഷ്ടപരിഹാരം കൊടുത്ത് കല്യാണത്തിൽ നിന്നും പിന്മാറിയത്രെ ! കാരണം, തന്നെക്കാൾ ആറു വയസ്സിന് പ്രായം കുറഞ്ഞ വധു, വരനെ പേരു പറഞ്ഞാണത്രെ സംബോധന ചെയ്യുന്നത്. വരൻ പലവട്ടം വധുവിനോട്, തന്നെ ചേട്ടാ എന്ന് വിളിക്കണമെന്നു പറഞ്ഞിട്ടും, കേൾക്കാത്തതാണത്രെ വിവാഹം വേണ്ടെന്ന് വെക്കാൻ കാരണം. (പേരിലെന്തിരിയ്ക്കുന്നു എന്ന് വധു വിചാരിച്ചുകാണും)

പാവം വരൻ, അയാൾക്ക് സംസ്കാരബോധം വരുത്തിവെച്ച വിന. എന്റെ അഭിപ്രായത്തിൽ; അയാൾക്ക് സംസ്കാരത്തെ ഒഴിവാക്കാമായിരുന്നു. എങ്കിൽ വരാൻ പോകുന്ന വധു നാളെ തന്റെ കുടുംബത്തിലെ എല്ലാവരേയും പേരു വിളിച്ച് ഹാജർ എടുക്കുന്നത് 'സംസ്കാരമാണെന്ന' പുതിയ അറിവു കൂടി കിട്ടുമായിരുന്നു.


വെറുതെ രൂപയും വധുവും നഷ്ടമായി. വയസ്സോ, വിദ്യാഭ്യാസമോ, ജോലിയോ ഒന്നും വകവെയ്ക്കാതെ ഭർത്താവിനെ പേരു വിളിക്കുന്നത് ഇന്നത്തെ ഒരു സംസ്കാരമായി മാറിയിരിക്കുകയാണ്. (അങ്ങിനെയുള്ള ഈ കാലഘട്ടത്തിൽ മുന്നേ സൂചിപ്പിച്ച വരനായ യുവ സുഹൃത്തിനെ നേരിൽ കാണാതെ തന്നെ അഭിനന്ദിക്കുന്നു.) അതിൽ വലിയൊരു പങ്ക് നമുക്കും, നമ്മുടെ ദൃശ്യമാധ്യമങ്ങൾക്കുമുണ്ട്. സംസ്കാരമെന്നത് നമ്മുടെ കുടുംബജീവിതത്തിന്റെ അസ്തിവാരമാണ്. പല വീടുകളിലും പേരമക്കൾ, മുത്തശ്ശി, മുത്തശ്ശൻമാരെ വാ - പോ എന്നാണ് സംബോധന ചെയ്യാറ്. അമ്മമ്മ വാ, അച്ഛച്ഛ വാ - അമ്മമ്മ വരൂ, മുത്തശ്ശി വരൂ, എത്രനല്ല സംബോധന. മക്കളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അച്ഛനെ പേര് പറഞ്ഞ് വിളിക്കുന്ന അമ്മ; അമ്മയെ കണ്ണേ, പൊന്നേ, മോളെ എന്ന് വിളിക്കുന്ന അച്ഛൻ. ഇതുകേട്ട് വളരുന്ന കുരുന്നുകൾ അത് തെറ്റാതെ ചെയ്യുന്നു. തന്നെക്കാൾ ഏഴുവയസ്സിന് മൂത്ത ഭർത്താവിനെ രാജൂ, ഒന്നിങ്ങോട്ടുവാ എന്നുവിളിക്കുന്ന ഭാര്യ. പിന്നെ അവരിലെ മക്കൾ എങ്ങിനെ...

<u>വാൽക്കഷ്ണം</u>

*കല്ലെന്നു കരുതി കളഞ്ഞതോ*
*മാണിക്യം !*
*പൊന്നെന്നു കരുതി*
*മിന്നുന്നതെല്ലാം*
*ഭാണ്ഡത്തിലാക്കി;*
*നാടുനീളെ നടന്നീടുന്നു*
*നല്ലതെന്തെന്നറിയാൻ...*

**കൃതികൾ, അഭിപ്രായങ്ങൾ**
**അയക്കേണ്ട വിലാസം:**
Eka Thathwa
Post Box 70, Palakkad 678001.
**E mail ID.**
ekathathwa@yahoo.com

## ആരോഗ്യം



ഡോ. സി. രാമകൃഷ്ണൻ
9447358663, 0491 2505521




# കെലോയ്ഡ്
(Keloid)

ഇത് ശരീരത്തിലെ തൊലിപ്പുറത്ത് കാണുന്ന ഒരു ദശവളർച്ചയാണ് (Tumor). ഒന്നോ ഒന്നിലധികമോ, വൃത്താകൃതിയിലോ, പരന്നതോ, ഓവൽ ആകൃതിയിലോ പ്രതലം മിനുസമുള്ളതോ ആയിട്ടായിരിക്കും കാണപ്പെടുക. ഒരിക്കൽ ക്ഷതം പറ്റിയ സ്ഥലത്ത് വീണ്ടും ഘനരൂപത്തിൽ ഇളം ചുവപ്പുനിറത്തിലോ, തവിട്ടുനിറത്തിലോ, കറുപ്പു നിറത്തിലോ കാണപ്പെടാറുണ്ട്. ഇത് ചെറിയ വേദനയോടുകൂടി ദീർഘകാലമായിട്ടായിരിക്കും അധികവും കാണപ്പെടുക. നെഞ്ചിലെ എല്ലിനുമുകളിലും വക്ഷസ്സിലും വയറിലുമായിരിക്കും അധികവും കാണപ്പെടുക. ഇത് ശരീരത്തെ ദോഷകരമായി ഒന്നും ബാധിക്കുന്നതല്ല. ഇത് ചിലപ്പോൾ സ്വയം അപ്രത്യക്ഷപ്പെടാറുണ്ടെങ്കിലും, വീണ്ടും കാണുവാൻ ഇടയുണ്ട്. ചില സന്ദർഭങ്ങളിൽ പഴുക്കുവാനും സാദ്ധ്യതയുണ്ട്. നേർത്ത പശ പോലെയുള്ള സ്രാവം ചില സമയങ്ങളിൽ ഊറുന്നതായും കണ്ടുവരുന്നു. സ്ത്രീ പുരുഷഭേദമന്യേ മദ്ധ്യവയസ്സിലാണ് സാധാരണ കണ്ടുവരുന്നത്.

ശസ്ത്രക്രിയയിലൂടെയോ, കരിച്ചു കൊണ്ടോ ലേസർ ചികിത്സ കൊണ്ടോ മാറ്റാവുന്നതാണ്. ഫലപ്രദമായ ഹോമിയ ചികിത്സയും ലഭ്യമാണ്.

## കവിത




ഇന്ദുജൻ ഇന്ദീവരം
9567128513

# നെടുവീർപ്പുതിരയുന്ന പൂക്കൾ

ഈ അസഹിഷ്ണുതയുടെ
മുൾപ്പടർപ്പിനുമുന്നിൽ
എത്രനേരമായി
ഉറങ്ങുകൂടിയ തലമുറയുടെ
നെടുവീർപ്പുപോലെയും
വറ്റിപ്പോയി നദിയുടെ
തപ്തവിഷാദം പോലെയും
ഞാൻ എരിഞ്ഞുനിൽക്കുന്നു.
പാലപ്പൂചൂടി വിളറിച്ചിരിക്കുന്ന
പ്രേതസംസ്കാരത്തിന്റെ
ചാവടിയിലെ കീറപ്പായയിൽ
കമഴ്ന്ന് കിടന്നുഞാൻ
മുഖമമർത്തി കരഞ്ഞപ്പോഴും
കാളരാത്രിയിൽ ജനിച്ച
കൂമന്മാർക്കുവേണ്ടി
ഒച്ചയുണ്ടാക്കാതെ പുഴകൾ
പാടാനും
നാദമുതിർക്കാതെ വീണമീട്ടാനും
ആജ്ഞാപിച്ച ധാർഷ്ട്യത്തെ
ചുണ്ടില്ലാത്ത ചിരിയും
കാലില്ലാത്ത നടത്തവും
അസാദ്ധ്യമെന്ന് ഞാൻ പഠിപ്പിച്ചു.
അമർഷത്തിന്റെ തിരികൾ
കൂട്ടിക്കെട്ടിക്കത്തിച്ചാൽ
ഉരുകിവീഴാത്ത സൂര്യന്മാരില്ലെന്ന്
അമ്മയെന്നോട് പറഞ്ഞിരുന്നു.
ഞാൻ കരഞ്ഞുണ്ടാക്കിയ
ചെങ്കടലുകളിവിടെ
തുടിനാദം മുഴക്കുമ്പോൾ
എന്റെ സുവർണ്ണസ്വപ്നമാകാൻ
ഒരുങ്ങിനിൽക്കുന്ന
മരതകക്കാന്തിച്ചിറകുകൾ
കരിഞ്ഞുപോകില്ല, സത്യം.
എന്റെ ദർശനം കായ്ക്കുന്ന
സാനുക്കളിൽ
നെടുവീർപ്പുതിരയുന്ന പൂക്കളുണ്ട്
എന്റെ ചിന്തകൾ പൂക്കും
വിഭാതങ്ങളിൽ
ആത്മാഭിമാനത്തിൻ തേജസ്സുണ്ട്.

NB : *കവിത്വത്തിന്റെ ആദ്യാക്ഷരങ്ങൾ പഠിപ്പിച്ച എന്റെ അമ്മയുടെ പവിത്രസ്മരണയ്ക്ക് ഈ കവിത സമർപ്പിക്കുന്നു.*

സ്മരണ





ശ്രീപ്രകാശ് ഒറ്റപ്പാലം
9447240642

# രാമകൃഷ്ണപ്പടി ഇറങ്ങാനാളുണ്ടോ...

ഒരു വ്യക്തിയുടെ സുദീർഘമായ ജീവിതകാലഘട്ടത്തിൽ തന്റെ നാടിന് തന്റെ പേര് ലഭിയ്ക്കുക ! അതും സാധാരണക്കാരിലൊരാളായ വ്യക്തിക്ക് ലഭിക്കുന്ന സൗഭാഗ്യം ആണ് ഒറ്റപ്പാലം താലൂക്ക് ലക്കിടി പേരൂർ വില്ലേജ് കിള്ളിക്കുറിശ്ശി മംഗലത്തെ കോളേരി രാമകൃഷ്ണൻ എഴുത്തച്ഛന് ഉണ്ടായ സൗഭാഗ്യം.

കാലത്തിന്റെ സൂചി നമ്മെ നാലുപതിറ്റാണ്ട് പിന്നിലേക്ക് നയിച്ച് 1970കളുടെ അന്ത്യത്തിലാണ് ഒറ്റപ്പാലം ലക്കിടി കൂട്ടുപാതയിൽ നിന്നും നിളാനദി അക്കരെ താണ്ടാൻ ഒരു കോൺക്രീറ്റ് പാലം സാക്ഷാത്ക്കരിച്ചത്. അതുവരെ തിരുവില്വാമലയിലേയ്ക്ക് പോകുവാൻ രാമകൃഷ്ണനെഴുത്തച്ഛന്റെ അയൽവാസിയായ കുട്ടുമണി എഴുത്തച്ഛന്റെ തോണിയായിരുന്നു ഏക ആശ്രയം. പണ്ട് ടാറിന്റെ കറുത്ത ചായം ഇല്ലാത്ത ചെമ്മൺ പാതയെ ഉണർത്തിയിരുന്നത് വല്ലപ്പോഴുമായി വരുന്ന കാളവണ്ടികളുടെ മണിനാദവും കിതപ്പും മാത്രമായിരുന്നു. കാലാന്തരേണ ബസ്സുകൾ ഓടിത്തുടങ്ങിയപ്പോൾ ഈ ബസ്സുകളിലൊന്നിന്റെ പേര് എസ്. എസ്. കുമാർ ആണെന്ന്, കുഞ്ചൻ സ്മാരക വായനശാല സെക്രട്ടറിയായിരുന്ന പരേതൻ ശ്രീ. രാജഗോപാലൻ സൂചിപ്പിച്ചിരുന്നു. ലക്കിടിക്കാർക്ക് എം. ബി. ബി. എസ്. എന്നാൽ അലോപ്പതി ഡോക്ടറുടെ ബിരുദമല്ലെന്നും, ലക്കിടി വന്നുപോകുന്ന ബസ്സിന്റെ പേരായിരുന്നു എന്നും രാജഗോപാലൻ കൂട്ടിച്ചേർത്തു. ഈ ബസ്സുകളിലെ യാത്രക്കാർ കയറി ഇറങ്ങിയിരുന്ന സ്ഥലം രാമകൃഷ്ണനെഴുത്തച്ഛന്റെ പീടിക മുറിക്കുമുമ്പിൽ എന്ന് പറഞ്ഞ് പറഞ്ഞ് ആ ബസ് സ്റ്റോപ്പിനും പ്രദേശത്തിനും നാട്ടുകാർ രാമകൃഷ്ണപ്പടി എന്ന പേരും നൽകി.

1924ൽ ആണ് രാമകൃഷ്ണനെഴുത്തച്ഛൻ തന്റെ ജീവിതസഞ്ചാരണാർത്ഥം ഈ ചായക്കട തുടങ്ങിയത്. 2011 വരെ കടയുടെ പ്രവർത്തനം അഭംഗുരം തുടർന്നു എന്ന് മകൻ വിനോദ് സാക്ഷ്യപ്പെടുത്തുന്നു.

ഈ സ്ഥാപനം കേവലം ഒരു കച്ചവടസ്ഥാപനമല്ല എന്ന് സമീപവാസികൾ സാക്ഷ്യപ്പെടുത്തുന്നു. ഒറ്റപ്പാലത്തിന്റെ ഗതകാല ചരിത്രത്തിലെ എണ്ണമറ്റ സംഭവങ്ങൾക്ക് സാക്ഷിയാണ് തൊട്ടടുത്തുള്ള കലക്കത്ത് ഭവനം - കുഞ്ചൻ സ്മാരകത്തിന്റെ ജീർണ്ണാവസ്ഥയിൽ മനംനൊന്ത് അന്നത്തെ മാതൃഭൂമി ലേഖകനായിരുന്ന പി. ശിവദാസൻ മാസ്റ്റർ താൻ ജോലി ചെയ്യുന്ന മാതൃഭൂമി പത്രത്തിൽ ഇതിനെക്കുറിച്ച് ഒരു സുദീർഘമായ സചിത്രലേഖനം പ്രസിദ്ധീകരിച്ചു. ഈ ലേഖനം കണ്ട ഉടനെത്തന്നെ അന്നത്തെ കേരളാ മുഖ്യമന്ത്രിയായിരുന്ന ശ്രീ. സി. അച്യുതമേനോൻ നേരിട്ട് സ്ഥലം സന്ദർശിക്കുകയും, കുഞ്ചൻ സ്മാരകത്തിന്റെ ജീർണ്ണത മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. കുഞ്ചൻ സ്മാരകത്തിലെ നിത്യസന്ദർശകനായ കൊല്ലങ്കോട് രാജാവ് ഹൈസ്കൂൾ അദ്ധ്യാപകനും മലയാള ഭാഷ കണ്ടതിൽ വെച്ചേറ്റവും ശ്രേഷ്ഠനായ കവിവര്യനുമായ മഹാകവി പി. കുഞ്ഞിരാമൻ നായരുടെ പാദസ്പർശം ഈ സ്ഥാപനത്തിൽ ഉണ്ടായിരുന്നു എന്ന് സമീപവാസികൾ സാക്ഷ്യപ്പെടുത്തുന്നു. വള്ളുവനാടിന്റെ ഗദകാലചരിത്രമായി ഇഴചേർന്ന് നിലകൊള്ളുന്ന ഈ ചായക്കട പൊതുപ്രവർത്തകരുടെ സൗഹൃദക്കൂട്ടായ്മയുടേയും രംഗഭൂമിയാണ്. ഈ പ്രദേശത്തെ നിരവധി ആൾക്കാർ സ്വാതന്ത്ര്യസമരത്തിൽ കണ്ണികളാവുകയും, രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്തവരൊക്കെയും ആയി ഉണ്ട്. എന്നാൽ പലരും സാങ്കേതികത്വത്തിന്റെ പേരിൽ സ്വാതന്ത്ര്യസമര പോരാളിയായി കണക്കിലില്ല എന്നുമാത്രം. രാമകൃഷ്ണപ്പടിയിലെ കോളേരി രാമകൃഷ്ണനെഴുത്തച്ഛന്റെ അന്ത്യം മാർച്ച് 2012ലാണ്. മക്കൾ - വി

ജയഭാരതി, വിജയരാഘവൻ, വിജയലക്ഷ്മി, ഉണ്ണികൃഷ്ണൻ, വിനോദ്. പരേതയായ സരോജിനിയായിരുന്നു സഹധർമ്മിണി.

വരാനിരിക്കുന്ന നാളുകളിൽ രാമകൃഷ്ണപ്പടിക്കും, തൊട്ടയൽ പ്രദേശങ്ങളായ മിത്രാനന്ദപുരം, ലക്കിടി എന്നീ പ്രദേശങ്ങൾക്ക് വിനോദസഞ്ചാരവികസനത്തിന്റെ പാദസര കിലുക്കവും, നൂപുരധ്വനികളും അനുഭവപ്പെടാനാകും എന്ന പ്രത്യാശയാണ് നാട്ടുകാർക്കുള്ളത്.

മഴയിലും, വെയിലിലും ബസ് കാത്തുനിൽക്കാൻ ഒരിടം വേണമെന്ന് ആരോ ഒരാൾ കാതിൽ മന്ത്രിച്ചത് രേഖപ്പെടുത്തട്ടെ. ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് വിറകുപേട്ടയായിരുന്ന റെയിൽവേ സ്റ്റേഷൻ പരിസരം തീവണ്ടി ഓടാനാരംഭിച്ചപ്പോൾ വിറകിന്റെ ഹിന്ദി പദമായ ലക്കിടി എന്ന പേരുവന്നു. എന്നാൽ മഹാകവി കുഞ്ചൻ നമ്പ്യാരുടെ സ്മരണാർത്ഥം ഈ സ്റ്റേഷന്റെ പേര് കുഞ്ചൻ നഗർ എന്നാക്കും എന്ന വാഗ്ദാനം ഇപ്പോഴും ജലരേഖയായി അവശേഷിക്കുന്നു.

വർഷങ്ങൾക്ക് മുമ്പ് കലാമണ്ഡലത്തിന് നേതൃത്വം നൽകിയ വള്ളത്തോളിന്റെ സ്മരണാർത്ഥം ചെറുതുരുത്തി റെയിൽവേ സ്റ്റേഷന് വള്ളത്തോൾ നഗർ എന്ന പേര് നൽകിയത് ലക്കിടിക്കാർ പ്രതീക്ഷയോടെ ഓർക്കുന്നു.

മുമ്പ് കുഞ്ചൻ ദിനം മെയ് 1 മുതൽ 5 വരെ അതിവിപുലമായി ആഘോഷിച്ചിരുന്നു എന്ന് അറിയുന്നു. എന്നാൽ ഇന്ന് കുഞ്ചൻ ദിനം മെയ് 5ൽ മാത്രം ഒതുങ്ങിപ്പോയി.

കാലം ആരേയും കാത്ത് നില്ക്കാതെ, നിളയിലെ കുഞ്ഞോളങ്ങളോടൊത്ത് ഓടിക്കൊണ്ടിരിക്കുന്നു. തണുത്ത ഈറൻ കാറ്റ് അതിന് കൂട്ടുണ്ടാകും. പുലർകാലങ്ങളിൽ കാലത്തിന്റെ മഹാ പ്രവാഹത്തിൽ തനിക്ക് കൈവന്ന 'രാമകൃഷ്ണപ്പടി' എന്ന സ്ഥലനാമം, കാലം ഉള്ളിടത്തോളം നിലനില്ക്കുക തന്നെ ചെയ്യും. കഥകൾ ഉള്ളിടത്തോളം കാലം ഓർക്കും !





**മുഹമ്മദ് കനി**
8157874953

# എന്താണൊരു പോംവഴി ?

ശ്രീകൃഷ്ണൻ ഗോപരിപാലകനായിരുന്നുവല്ലോ. അദ്ദേഹവും അദ്ദേഹത്തിന്റെ ജനതയും മച്ചിപ്പശുക്കളേയും, പാലുതരാൻ കഴിയാത്ത പശുക്കളേയും എന്താണാവോ ചെയ്തിരുന്നത് അതേപോലെയാണ് നാമും (ഇന്ത്യക്കാരെല്ലാവരും) ചെയ്യേണ്ടത്. അങ്ങിനെ ചെയ്യുന്നതാണ് പുണ്യകർമ്മം. നമ്മുടെ സർക്കാർ അതിന് മുൻകൈയെടുക്കണം എന്നു പറയാതിരിക്കാൻ കഴിയുന്നില്ല. കാരണം വരുമാനവും, ഉപയോഗവുമില്ലാത്ത പശുക്കളെ ആരും തന്നെ പരിപാലിക്കില്ലായെന്നതുകൊണ്ടും പശുവിറച്ചി ഭക്ഷിയ്ക്കുന്നത് ദൈവകോപത്തിന്നിടയായിത്തീരുമെന്നതുകൊണ്ടും വേറെ എന്തുണ്ട് പോംവഴി ?

പ്രസവിക്കാത്ത പശു പാൽ തരില്ലല്ലോ. അപ്പോൾ പിന്നെ പാൽ ചുരത്തുന്നത് തന്റെ പുന്നാര കുഞ്ഞിനാണെന്ന് വ്യക്തം. കുഞ്ഞ് പൂർണ്ണ ആരോഗ്യത്തോടെ വളർന്നുവരുവാൻ സാക്ഷാൽ ദൈവം പാലിനെ സൃഷ്ടിച്ച് അമ്മപ്പശുവിന്റെ അകിടിൽ എത്തിയ്ക്കുന്നു. കുഞ്ഞിപ്പശുവിന് അല്പസ്വല്പം കൊടുത്ത് ബാക്കി പാൽ മുഴുവനും നാം ഊറ്റിയെടുത്ത് നമ്മുടെ ആരോഗ്യം വർദ്ധിപ്പിയ്ക്കുന്നു, കീശ വീർപ്പിക്കുന്നു. നാം ചെയ്യുന്ന ഈ കൃത്യം കുഞ്ഞിപ്പശുവിനോടും, അമ്മപ്പശുവിനോടും ചെയ്യുന്ന വഞ്ചനയല്ലേ ? ചതിയല്ലേ ? അവരുടെ രണ്ടുപേരുടേയും ശാപം നമ്മളിലുണ്ടാവില്ലേ ? എല്ലാം കാണുന്ന ദൈവം നമ്മെ ശിക്ഷിയ്ക്കുമോ ? ഇതിൽ നിന്നും രക്ഷപ്പെടുവാൻ എന്താണൊരു പോംവഴി ?

ഒരുനേരത്തെ മനുഷ്യരുടെ ഭക്ഷണത്തിനുവേണ്ടി നാം (മനുഷ്യർ) കോടാനുകോടി പ്രാണികളേയും, കീടങ്ങളേയും, പുഴുക്കളേയും, ശലഭങ്ങളേയും, ചെറുജീവികളേയും കൊന്നൊടുക്കുന്നു. ധാന്യങ്ങളും, പച്ചക്കറികളും, പഴങ്ങളും ഉണ്ടാക്കിയെടുക്കാൻ വിഷം തളിയ്ക്കാതെ കഴിയില്ലല്ലോ. അപ്പോൾ സംഭവിയ്ക്കുന്ന കാര്യങ്ങളാണ് പറയുന്നത്. പകർച്ചവ്യാധികളിൽ നിന്നും രക്ഷപ്പെടുവാൻ കൊതുകുകളേയും മറ്റും കൂട്ടത്തോടെ കൊന്നൊടുക്കുന്നു.

മാത്രമല്ല ഒരു ദയാദാക്ഷിണ്യവുമില്ലാതെ, ചെള്ള്, പേൻ, പാറ്റ, തേൾ, പഴുതാര, പാമ്പ് തുടങ്ങിയവയെ എല്ലാം വകവരുത്തുന്നു. ഇതേവരെ നാം (മനുഷ്യർ) എത്രായിരം കോടി ജീവനുകളെ നശിപ്പിച്ചിരിയ്ക്കും എന്ന് ചിന്തിക്കുക. ദൈവം നൽകിയ ജീവനെ എടുക്കാൻ നമുക്കവകാശമുണ്ടോ ? കൊന്നാൽ പാപം തിന്നാൽ തീരുമോ ? ഈ പാപക്കറകൾ മാച്ചുകളയാൻ എന്താണൊരു പോംവഴി ?

ജീവികളെ കൊല്ലുമ്പോൾ അത് വേദന കൊണ്ട് പുളയുന്നത് നാം കാണുന്നു. നമ്മുടെ മനസ്സ് വേദനിയ്ക്കുന്നു. എന്നാൽ സസ്യജാലങ്ങൾക്കും കടുത്ത വേദനയുണ്ട് എന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. മരം വെട്ടുമ്പോഴും, ഇലകൾ, കായ്കൾ പറിയ്ക്കുമ്പോഴും മറ്റുമുണ്ടാകുന്ന വേദന അവ പ്രകടമാക്കാത്തതുകാരണമാണ് നമ്മുടെ മനസ്സ് വേദനിയ്ക്കാത്തത്. മറ്റുള്ളവരെ വേദനിപ്പിച്ചാൽ ദൈവശിക്ഷ നമ്മളിലുണ്ടാവില്ലേ ? ആരേയും, ഒന്നിനേയും വേദനിപ്പിയ്ക്കാതെ (ഹിംസിയ്ക്കാതെ) ജീവിയ്ക്കണമെന്നുണ്ട്. എന്താണൊരു പോംവഴി ?

**കുടിവെള്ളം മുട്ടുമ്പോൾ**

കുടിവെള്ളം മുട്ടുമ്പോൾ നാം നെട്ടോട്ടമോടുന്നു. പല വാതിലുകളിലും ചെന്ന് മുട്ടുന്നു. പല പല നൂതനപദ്ധതികൾ ആവിഷ്കരിക്കുന്നു. ദൈവവിശ്വാസികൾ ദൈവത്തേയും, പ്രകൃതിവാദികൾ പ്രകൃതിയേയും പഴിക്കുന്നു. കരുണാമയനായ ദൈവം ഉപ്പും മറ്റ് മാലിന്യങ്ങളും നിറഞ്ഞ സമുദ്രജലത്തെ ഡിസ്റ്റിലേഷൻ ചെയ്തു ശുദ്ധജലമാക്കി മാറ്റി ആകാശത്തിലൂടെ കൊണ്ടുവന്നു നമ്മുടെ തലയ്ക്കുമുകളിൽ വർഷിച്ചുതുടങ്ങുമ്പോൾ അതിനെ വേണ്ടവിധം ശേഖരിച്ചു ഉപയോഗിക്കാതെ അതിന്റെ ഉത്ഭവസ്ഥാനത്തിലേക്കുതന്നെ എത്തിച്ചേരുവാൻ അനുവദിക്കുന്നു. തനിയാവർത്തനം ഒരു തുടർക്കഥയാവുന്നു. ബുദ്ധി ജീവികളായ നമ്മെ (മനുഷ്യരെ) പക്ഷിമൃഗാദികൾ ശപിക്കുന്നുണ്ടാവുമെന്ന കാര്യം തീർച്ച. കാരണം ഒരു ദൈവവചനം ഇങ്ങിനെ, "മനുഷ്യൻ നന്ദികെട്ടവനാണ്. മറ്റ് ജീവജാലകങ്ങൾക്കുവേണ്ടിയാണ് ഞാൻ മഴ പെയ്യിക്കുന്നത്."

**നമുക്ക് പ്രാർത്ഥിക്കാം**


സമ്പത്തും, സകലവിധ സൗഭാഗ്യങ്ങളും, മാതാപിതാക്കൾ, ഭാര്യാസന്താനങ്ങൾ, കൂടപ്പിറപ്പുകൾ, മറ്റു ബന്ധുമിത്രാദികൾ ആരോരും തന്നെ സഹായിയ്ക്കാനില്ലാത്ത ഒരുദിവസം നാമോരോരുത്തരെയും സമീപിക്കുക തന്നെ ചെയ്യും. അന്നുനമ്മെ സഹായിക്കാനുണ്ടാവുന്നത് നമ്മുടെ സത്കർമ്മങ്ങൾ മാത്രം. ആ ദിവസത്തിനുവേണ്ടി കരുതലോടെ നമുക്ക് പ്രവർത്തിക്കാം.

*ദൈവത്തിനു സ്തുതി*

•

■ലേഖനം


**വിനോദ് കുമാർ ദാമോദർ**
**9446352141**

# ക്വാറി നിയമങ്ങളിൽ വൻ അയവ്

## കാരണവാദങ്ങൾ ശരിയല്ലെന്ന് ജനങ്ങൾ

**ഈ** കഴിഞ്ഞ ദിവസം സർക്കാർ ഇറക്കിയ ക്വാറി നിയമങ്ങളിലേ അയവ് വരുത്തൽ പലരേയും ഞെട്ടിച്ചിരിക്കുകയാണ്. കഴിഞ്ഞ സർക്കാർ നിശ്ചയിച്ച ദൂരപരിധിയനുസരിച്ച് ഒരു ക്വാറിയിൽ നിന്നും മറ്റൊരു ക്വാറിയിലേയ്ക്ക് 100 മീറ്റർ ഉണ്ടായിരുന്നത് ഇപ്പോൾ 50 മീറ്ററായി കുറയുന്ന സ്ഥിതിയാണ് കാണാനായത്.

ഇതിനുള്ള കാരണമായി പറഞ്ഞത് ഒരു നല്ല ശതമാനം കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളും നില ച്ചെന്നും അതേപോലെ മലബാർ സിമന്റ്സ് പോലുള്ള കമ്പനികൾക്കാവശ്യമായ ലാടെറൈറ്റ് (Laterite) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരേണ്ടിവരുമെന്നുള്ളതാണ്.

എന്നാൽ സത്യാവസ്ഥയിൽ നഗരങ്ങളിൽ ധാരാളം ഫ്ലാറ്റുകളും ഓഫീസുകളും ഒഴിഞ്ഞുകിടക്കുന്നതായിട്ടാണ് വർഷങ്ങളായി നാം കണ്ടുവരുന്നത്. അതുകൊണ്ടുതന്നെയാണ് പ്രമുഖപരിസ്ഥിതി പ്രവർത്തകർ പ്രതികരിച്ചത്. കാരണം അടുത്തടുത്ത് പാറമടകൾ പ്രവർത്തിയ്ക്കുമ്പോൾ ഒരു പാറമടയിൽ നിന്നും പൊട്ടിക്കുന്ന പാറകൾ തന്നെ പൊട്ടി വളരെ ദൂരത്ത് ചെന്നുവീഴാൻ സാധ്യതയുണ്ട്. അതുകൊണ്ടു തന്നെ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം നിശ്ചയിച്ച ദൂരപരിധി ലംഘനം ഇത്രയടുത്ത് ഇവ സ്ഥിതി ചെയ്യുന്നതുകൊണ്ടുണ്ടാകുന്നു.

പിന്നെ കെട്ടിടനിർമ്മാണങ്ങൾ വളരെ കൂടുമ്പോൾ അതുകൊണ്ടും ദോഷങ്ങളുണ്ട്. മലബാർ സിമന്റ്സിന്റെ ലാടെറൈറ്റ് ഘനനകാര്യം പറയുകയാണെങ്കിൽ ലാടെറൈറ്റ് മറ്റു സംസ്ഥാനങ്ങളിൽ നിന്നും ധാരാളമായി ലഭിയ്ക്കുന്നു. ലാഭമുണ്ടാക്കുന്ന കമ്പനിയായതിനാൽ ഇവർക്ക് അത് അവിടെനിന്നും ലഭിയ്ക്കുവാൻ ബുദ്ധിമുട്ടില്ല. കുറച്ചുവില കൂടുമെന്നേയുള്ളൂ.

അതല്ലാതെ കേരളത്തിലേ ക്വാറി നിയമങ്ങൾ അയവുവരുത്തുന്നതിൽ രാഷ്ട്രീയമുതലെടുപ്പാണ് ലക്ഷ്യമെന്നും കണക്കാക്കുന്നു.

•

**അറിയാൻ ശ്രമിച്ചും അറിയാത്തവയെ, അറിയാൻ ഒരിക്കലും പറ്റില്ലെന്നു വിശ്വസിക്കുന്ന ഒരു ശക്തിയെ, അറിയും വരെ നമുക്ക് ഒരു പ്രചോദനമായ് കൊണ്ടുനടക്കാം വേണമെങ്കിൽ അതിനെ നമുക്ക് ദൈവമെന്നും വിളിക്കാം. ആരിലും അടിച്ചേൽപ്പിക്കാതെ നിശബ്ദമായ് ആരാധിക്കാം, വെറുതെ എല്ലാം തിരിച്ചറിയുന്നതുവരെ മാത്രം.**

**ഇ. ടി. മുരളീധരൻ**

# എന്റെ അഭിനയ സ്മരണകൾ

ഭാഗം 7



മുക്കം ഭാസി
9846138693

# നായരുടെ ചായപ്പീടിക

ഭാഷാടിസ്ഥാനത്തിൽ 'ഐക്യകേരളം' സ്വപ്നം കണ്ടിരുന്ന കാലം. അനുകൂലികളും പ്രതികൂലികളും ഏറെ. മാതൃഭൂമി പത്രാധിപർ ശ്രീ. കെ. പി. കേശവമേനോനെ പോലുള്ളവർ ശക്തരായ 'ഐക്യകേരള'വക്താക്കൾ.

കോൺഗ്രസ്സിലെ ഒരു വിഭാഗം 'ദക്ഷിണസംസ്ഥാന' വാദികളായിരുന്നെന്നു കേട്ടിട്ടുണ്ട്. കമ്മ്യൂണിസ്റ്റ്കാരിലും ചിലരുണ്ടായിരുന്നത്രെ ! എന്നാൽ ഞങ്ങൾ ഹൈസ്കൂളിൽ പഠിയ്ക്കുന്ന 1955–56 കാലഘട്ടത്തിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ഐക്യകേരളത്തിന്റെ ശക്തരായ വക്താക്കൾ തന്നെയായിരുന്നു.

ഏതായാലും 1956 നവംബർ ഒന്നിന് ഐക്യകേരളം നിലവിൽ വന്നു. ഒരു ജനതയുടെ സ്വപ്നസാക്ഷാത്ക്കാരം ! നാടെങ്ങും ആഘോഷപരിപാടികൾ. കേരളപ്പിറവി സമുചിതമായി ഹൈസ്കൂളിലും ആഘോഷിക്കണമെന്ന് ഞങ്ങൾ – വിദ്യാർത്ഥികൾ തീരുമാനിച്ചു. ലീഡർ മൊയ്തീൻ തന്നെ. ഞാനും മൊയ്തീനും കൂടെ അന്നത്തെ എച്ച്. എം. ന്റെ ചാർജ്ജുള്ള നാട്ടുകാരനും യുവാവുമായ മാഷെ സമീപിച്ചു.

ഇടയിൽ സൂചിപ്പിയ്ക്കട്ടെ ഞങ്ങളുടെ ഹെഡ്മാസ്റ്റർ സുബ്രഹ്മണ്യയ്യർ അപ്പോഴേയ്ക്ക് രാജി വെച്ച് സ്ഥലം വിട്ടിരുന്നു! നാട്ടിലൊരു ചൊല്ലുണ്ടല്ലോ. ചില പെണ്ണുങ്ങൾക്ക് ഭർത്താക്കന്മാർ വാഴില്ല എന്ന്. എന്താ കാരണം ? ചൊവ്വാദോഷം !! അതുപോലെയാണ് മുക്കം ഹൈസ്കൂളിന്റെ സ്ഥിതി. മൂന്നുവർഷമെ ഞാനവിടെ പഠിച്ചിട്ടുള്ളൂ. മൂന്നുവർഷവും മൂന്നു ഹെഡ് മാസ്റ്റർമാർ ! ഹൈസ്കൂളിനും ചൊവ്വാദോഷമോ ?

ഹൈസ്കൂൾ കമ്മറ്റിയിലുള്ള നാട്ടുപ്രമാണിമാർ നാടിന്ന് നല്ല കാര്യമാണ് ചെയ്തത്. സംശയമില്ല. പക്ഷെ ഇവരൊക്കെ ഫ്യൂഡലിസ്റ്റ് മനോഭാവക്കാരായിരുന്നു. പഴയ സിനിമാനടൻ എസ്. പി. പിള്ള പറഞ്ഞത് പോലെ വിദ്യാഭ്യാസമില്ല.

ആജ്ഞാപിയ്ക്കയും അനുസരിപ്പിക്കയും ചെയ്ത് ശീലമുള്ളവർ. മിക്കവരും മരക്കച്ചവടക്കാർ ! അവർ പറയുന്നവ പാസ്സാക്കണം. അവർ പറയുന്നവർക്ക് ഒന്നാം സമ്മാനം കൊടുക്കണം. ഇങ്ങനെയുള്ള സങ്കുചിത താൽപ്പര്യക്കാർ.

ഏതോ ചില അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ ഞങ്ങളുടെ ഹെഡ്മാസ്റ്റർ രാജിവെച്ച് സ്ഥലം വിട്ടുകഴിഞ്ഞിരുന്നു. ഞങ്ങളാരും അറിഞ്ഞിരുന്നില്ല. പിന്നീടദ്ദേഹത്തെപ്പറ്റി ഒന്നും അറിയാൻ കഴിഞ്ഞില്ല എന്ന ദുഃഖം മനസ്സിലിന്നുമുണ്ട്.

ഒരു മൂന്നുവർഷം കൂടി ആ അദ്ധ്യാപകൻ ഇവിടെ നില നിന്നിരുന്നുവെങ്കിൽ ഞങ്ങളൊക്കെ വെള്ളം പോലെ ഇംഗ്ലീഷ് സംസാരിയ്ക്കുമായിരുന്നു. ഇംഗ്ലീഷിലെ ഗ്രാമർ എന്താണെന്നും സിംപിൾ, കോംപ്ലക്സ്, കോമ്പൗണ്ട്, കോമ്പൗണ്ട് കോംപ്ലക്സ് സെൻന്റൻസുകൾ പരിചയപ്പെടുത്തിത്തന്നതും ആ മഹാനുഭാവനായിരുന്നു. പറഞ്ഞിട്ടെന്താ വിധിച്ചതേ കിട്ടൂ, കൊതിച്ചത് കിട്ടില്ലല്ലോ.

വിഷയത്തിൽ നിന്ന് വ്യതിചലിച്ചതല്ല. ഈ 'സ്മരണ' തയ്യാറാക്കുമ്പോൾ പലരും എന്റെ മനസ്സിലേയ്ക്ക് തള്ളിക്കയറുകയാണ്. അവരെയൊന്നും എനിയ്ക്ക് അവഗണിയ്ക്കാൻ വയ്യ.

വളരെ പ്രതീക്ഷയോടെയാണ് ഞങ്ങൾ പുതിയ എച്ച്. എം. നെ സമീപിച്ചത്. പക്ഷെ ഞങ്ങളുടെ പ്രതീക്ഷയെ കീഴ്മേൽ മറിച്ചു കൊണ്ടായിരുന്നു എച്ച്. എം. ന്റെ പ്രതികരണം. ''ഇവിടെ നിങ്ങളുടെ കലാപരിപാടികളും ആഘോഷങ്ങളും നടക്കില്ല''.

ഞങ്ങൾ അമ്പരന്നുപോയി. ഇതെന്താ ഒരു മദ്രസ്സയോ ? കലാപരിപാടികൾ 'ഹറാമായ' ഒരു വിദ്യാഭ്യാസസ്ഥാപനം ?

മൊയ്തീൻ വിടുമോ ? മൊയ്തീൻ പറഞ്ഞു, ''ഭാസി, നമുക്കിത് ആഘോഷിച്ചേ പറ്റൂ. ഓൻ

പച്ചലീഗാണ്. ഓന്റെ 'ബെളു' ഇവിടെ ചെലവാവില്ല.'' ഒഴുക്കിനെതിരെ നീന്തി പഠിയ്ക്കാൻ മൊയ്തീൻ ശ്രമിയ്ക്കുന്ന കാലം. അവനിതൊരു വെല്ലുവിളിയായി ഏറ്റെടുത്തു.

ഞങ്ങൾ അങ്ങാടിയിലിറങ്ങി. സകല രാഷ്ട്രീയ പ്രതിനിധികളേയും കണ്ടു. അവരുടെ പിന്തുണ ഉറപ്പിച്ചു. മറ്റദ്ധ്യാപകരുമായി സമ്പർക്കം പുലർത്തി. അവരെല്ലാം ഞങ്ങളുടെ ഊർജ്ജമായി.

പിന്നീട്, നാടൻ കലകളുടെ ആശാന്മാരുമായി കൂടിയാലോചിച്ചു. അവർ അന്ന് പരിപാടി നടത്താമെന്നുറപ്പുതന്നു. പോരാത്തതിന്ന് ഒരു ഗംഭീര വടംവലി മത്സരവും. അപ്പോഴാണ് മൊയ്തീൻ പറയുന്നത് ''ഭാസി, നീയൊരു നാടകമെഴുതണം. ഒരരമണിക്കൂർ ഹാസ്യനാടകം !''

''ഞാനോ ?''

''അതെ, നീ തന്നെ. നിനക്കതിനു കഴിയും... നിനക്കേ അതിനു കഴിയൂ...'' മൊയ്തീൻ തീർത്തു പറഞ്ഞു. സകലദൈവങ്ങളേയും പ്രാർത്ഥിച്ചുകൊണ്ട് അന്നുരാത്രി ഞാൻ അട്ടം നോക്കി മിഴിച്ചുകിടന്നു. ചില നാടകങ്ങളിലഭിനയിച്ചിട്ടുണ്ട്. കുറച്ചു നാടകങ്ങൾ കണ്ടിട്ടുണ്ട്. ഇതിനപ്പുറം ഒരു ചുക്കും ചുണ്ണാമ്പും നാടകത്തെ പറ്റി എനിയ്ക്കറിയില്ല !

പിന്നെ വിദ്യാർത്ഥി ജീവിതം സാഹസികതയുടേതാണല്ലോ. എന്തും ചെയ്യാനുള്ള ധൈര്യം ആർജ്ജിയ്ക്കുന്ന കാലം. നിർഭയത്വത്തിന്റെ കാലം. എടുത്തുചാട്ടത്തിന്റെ കാലം.

എന്റെ വിദ്യാർത്ഥിജീവിതത്തിൽ എനിയ്ക്കുണ്ടായ ഒരനുഭവം കൂടി ഞാൻ പങ്കുവെയ്ക്കട്ടെ. പത്താം ക്ലാസ്സിൽ പഠിയ്ക്കുമ്പോഴാണെന്ന് തോന്നുന്നു എന്റെ Date of birth ശരിയാക്കാനോ മറ്റോ എനിയ്ക്ക് കലക്ടറുടെ ഒരു സർട്ടിഫിക്കറ്റുവേണം.

ഞാൻ നേരെ കോഴിക്കോട് മാനാഞ്ചിറ മൈതാനത്തിന്നടുത്തുള്ള കലക്ടരാപ്പീസിൽ ചെല്ലുന്നു. കലക്ടറുടെ സ്വകാര്യ റൂമിലേയ്ക്ക് കടക്കാൻ ശ്രമിയ്ക്കുമ്പോളവിടെയുണ്ട് ഒരു ഉലക്കവിഴുങ്ങി ! വടി പോലെ നില്ക്കുന്നു പുറത്ത്. ഒരു പ്രത്യേകതരം തലപ്പാവ്. മാറിൽ ക്രോസ്സായി ഒരു പട്ട. ആകെക്കൂടി ഒരു രസികൻ വേഷം ! പാറാവുകാരനാണ്. ഞാനയാളോട് കാര്യം പറഞ്ഞു. ''ഇപ്പോൾ പറ്റില്ല''. അയാൾ വിടുന്ന മട്ടില്ല.

നിരാശനായി ഞാൻ തിരിഞ്ഞുപോരാൻ നേരത്ത് എതിർ സൈഡിൽ ഒരു ഹാഫ് ഡോർ. ശബ്ദമുണ്ടാക്കാതെ ഞാനതിലൂടെ നുഴഞ്ഞുകയറി കലക്ടറുടെ മുമ്പിലെത്തി കാര്യം പറഞ്ഞു. അദ്ദേഹം ഉടൻ തന്നെ സർട്ടിഫിക്കറ്റ് എഴുതിത്തന്നു.

ഞങ്ങളുടെ ശബ്ദം കേട്ട് പ്യൂൺ – അതോ സ്പൂണോ – റൂമിലേയ്ക്ക് നോക്കിയപ്പോൾ ഞാനുണ്ട് കലക്ടറുടെ റൂമിൽ !

മുറിയിൽ നിന്ന് പുറത്തു കടന്ന് പാറാവുകാരന് (പ്യൂൺ) വലിച്ചുനീട്ടി ഹാസ്യാത്മകമായ ഒരു സല്യൂട്ടടിച്ച് ഞാനെന്റെ വഴിയ്ക്ക് നടന്നു ! ഇതൊക്കെ വിദ്യാർത്ഥി എന്ന ഒരു ഹുങ്കിന്റെ ലേബലിലായിരുന്നു.

മൊയ്തീന്റെ നിർദ്ദേശപ്രകാരം ഞാനൊരു നാടകമെഴുതി. അര മണിക്കൂർ നാടകം 'നായരുടെ ചായപ്പീടിക'. അക്കാലത്ത് നാട്ടിൻപുറത്തുള്ള ചായ മക്കാനിയിൽ നേരം പുലരുമ്പോഴേയ്ക്ക് തന്നെ ആളുകൾ എത്തും. ചായയോടൊപ്പം പുട്ടും കടലയും അടിയ്ക്കും. വെറുതെ പത്രം നോക്കിയിരിക്കും. പോരാത്തതിന് ഏഷണിയും നുണയും വിളമ്പും. വെയിലിന് ചൂടാവുമ്പോൾ പറയും. ''നായരെ, പറ്റുബുക്കിൽ എഴുതിവെച്ചോ.''

മൂടും തട്ടി, അവർ പുറത്തിറങ്ങും. പറ്റുബുക്ക്, കിട്ടാക്കടം കൊണ്ട് നിറയും. ഒടുവിൽ പൊളിഞ്ഞു പാളീസായി നായർ ചെമ്പും, പാട്ടയും, ഗ്ലാസുമെടുത്ത് 'മൂഷിക സ്ത്രീയായി' മാറും. ഇതൊക്കെ സാധാരണ നാട്ടിൻപുറക്കാഴ്ചകളാണ്. ആനുകാലിക സംഭവങ്ങൾ കോർത്തിണക്കി അങ്ങനെ ഞാനൊരു നാടകമെഴുതി. നായരായി, ഞാൻ തന്നെ വേഷം കെട്ടി. സാധാരണക്കാരായ ഞങ്ങളുടെ പ്രേക്ഷകർക്ക് ഇതൊക്കെ ആസ്വാദ്യകരമായി. അവരുടെ ആഹ്ലാദപ്രകടനങ്ങളിലൂടെ അവരത് വ്യക്തമാക്കി.

നാടകത്തിനുപുറമെ അക്കിത്തം രചിച്ച ഒരു നാടൻ പാട്ടും മറ്റൊരു ഹാസ്യചിത്രീകരണവും ഞാൻ രംഗത്തവതരിപ്പിച്ചു. നാടൻ പാട്ട് ഇങ്ങനെ...

*കെയ്ക്കേ, പെരക്കലേ, ചക്കനെ*
*കയിച്ചേ, ചെക്കനുള്ളൂ*
*കെളയ്ക്കാനാണെങ്കി,*
*കെളയ്ക്കാനല്ലെങ്കി, കന്നുപൂട്ടാൻ*
*ഓനെപ്പോലൊരു മനിതൻ*
*പൂമി,ലോനോരുത്തൻ*
*കാണാനെന്തൊരു ശേലാണെ*
*കരിവീട്ടിപോലെ*
*ഇണക്കത്തിലായാ, ലാർക്കും*
*ചക്കനൊരൂന്നു കുറ്റി*
*പെണക്കം പിടിച്ചാൽ പഹയൻ*
*പിന്നൊരു പൂസിലാണ്ടി !!*

ഓരോ വരിയും ഹർഷാരവങ്ങളോടെയാണ് കാണികൾ സ്വീകരിച്ചത്. മൊയ്തീന്റെ പ്രച്ഛന്ന വേഷവും പൊടിപൊടിച്ചു. മൊയ്തീൻ ഒരു കലാപ്രകടനവുമായി ആദ്യമായാണ് സ്റ്റേജിൽ കയറുന്നത്. ഒരു മുസ്ലീം സ്ത്രീയുടെ വേഷത്തിൽ ഒരു കോഴിയെ ഇറുക്കിപ്പിടിച്ചുകൊണ്ടാണ് വരവ്. എന്നിട്ട് സദസ്യരോട് ''മെനിസമ്മാരെച്ച് പള്ളേലെര്ന്നാ. ച്ചാത്തിരി നാളായി തൊടങ്ങീറ്റ്. ച്ച്, ഞമ്മളെ തങ്ങളെ ഒന്ന് കാങ്ങണം. അജ്ജാളെക്കൊണ്ട് ച്ചിരി വെള്ളം ഊതി കുടിച്ചണം. അയന്ക്കൊണ്ട് ആടയ്ക്കുള്ള പത്ത് മണീന്റെ വസ്സ് എപ്പയാ... ഒന്ന് പറഞ്ഞരീ.''

മൊയ്തീൻ മിന്നിമറഞ്ഞതോടെ ആർപ്പുവിളികൾ, കൂക്കുവിളികൾ ചൂളം വിളികൾ... അന്തരീക്ഷം ശബ്ദമുഖരിതം !! പാർട്ടി ഗോപാലൻ എന്ന് പിന്നീടറിയപ്പെട്ട സുഹൃത്ത് ഗോപാലനും ഞാനും ഒരു പ്രേതബാധിതയേയും മന്ത്രവാദിയേയുമാണ് അവതരിപ്പിച്ചത്.

ഞാൻ പ്രേത ബാധിതയായി ഉറഞ്ഞുതുള്ളി. ഗോപാലൻ ഭസ്മം പൂശി ചരടുമായി അരികെ...

''ആരാ...?'' ഗോപാലൻ

''പറയില്ല'' ഞാൻ

മന്ത്രം ജപിച്ച് ഭസ്മം എന്റെ തലയിലെറിഞ്ഞുചൂരൽ നിലത്തടിച്ച് ഗോപാലൻ ''പറഞ്ഞോ''

മണിച്ചിത്രത്താഴിലെ ശോഭനയെപ്പോലെ ഒരു പ്രത്യേക ശബ്ദത്തിൽ ഞാൻ ''പറയാം''

''ആരാ?''

ചൂരലുകൊണ്ടുള്ള അടി... ''പറയ്''

''ഞാൻ ദക്ഷിണസംസ്ഥാനവാദി''

''ഒഴിഞ്ഞോ...''

''ഒഴിയാം''

പക്ഷെ, ഈ പ്രകടനം ദക്ഷിണ സംസ്ഥാനവാദക്കാരെ ചൊടിപ്പിച്ചു. കോൽക്കളി, തിരുവാതിരക്കളി, കള്ളാടിക്കളി, പരിചമുട്ടുകളി തുടങ്ങിയ നാടൻ വിഭവങ്ങളെക്കൊണ്ട് 'കേരളപ്പിറവി' ഞങ്ങൾ കെങ്കേമമാക്കി.

ഈ പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചതാവട്ടെ 'നീലക്കുയിലിൽ' അഭിനയിച്ച കോഴിക്കോട്ടുകാരൻ പയ്യനും !


(തുടരും)

## കവിത

# ഒറ്റമുറി വാതിൽ

ശ്രീകുമാർ ചേർത്തല
9037283915

ഒന്നമർത്തിച്ചവിട്ടിയാൽ, തള്ളിയാൽ,
വിണ്ടുപോവുമെന്ന് മെയ്യിനു
പിന്നിലായ്
നിന്റെ പെങ്ങളുണ്ടവളുടെ മാനവും
വിലയളക്കാത്ത ചാരിത്ര്യശുദ്ധിയും.
ഒന്നു കൈകൊണ്ടു തട്ടിയാൽ,
പേലവം
വീണുടയുമെന്ന്
നെഞ്ചിന്റെയുള്ളിലായ്,
നിന്റെയമ്മയുണ്ടവളുടെ ജീവനും
അണയാജ്വാലയാം
മാതൃവാത്സല്യവും.
ഒന്ന് കാൽ കൊണ്ട് മുട്ടിയാൽ
വിള്ളുമെന്ന്,
നേർത്ത ഹൃത്തിന്നിടിപ്പിന്നു പിന്നിൽ,
നിന്റെ ഭാര്യയുണ്ടവളുടെ സ്നേഹവും
പുകളെഴും പാതിവ്രത്യപ്പരിശോഭയും.
അലറും കാറ്റൊന്നുറഞ്ഞു
വീശിയാൽ,
തുറന്നു പോവുമെന്ന് മാറിന്നു
പിന്നിലായ്
നിന്റെ മകളുണ്ടവളുടെ സ്വപ്നവും
കന്യകാത്വത്തിന് മഹിത പ്രതീക്ഷയും.
തുരുമ്പു വീണൊരാ വിജാഗിരികളിൽ,
അടർന്നു നില്ക്കുമാ
ഇരുമ്പിന്നാണിയിൽ,
വിറച്ചു നില്ക്കുമെന്ന് ചേതനക്കപ്പുറം,
നിന്റെ ഗർവ്വുകൾ,
നിന്നഭിമാനങ്ങൾ,
ഒരു ചവിട്ടിന്റെ ക്ഷണികമാത്രയെ
ഭയന്നു, കാതരം കാത്തിരിക്കുന്നു...



പി. എം. ശശിധരൻ
9745228779

# മാറി നടക്കുക

കഴിഞ്ഞ നവംബർ 5ാം തിയതി ജില്ലയിലെ ക്ഷീര കർഷകരുടെ സമ്മേളനം അതിർത്തി ഗ്രാമത്തിൽ വെച്ച് നടക്കുന്നു. ഉൽഘാടനം ചെയ്യാനിരുന്ന ശ്രീ. വി. എസ്. അച്യുതാനന്ദന് ദേഹാസ്വാസ്ഥ്യം മൂലം വരാൻ പറ്റാതായി - ബദൽ സംവിധാനത്തിലെ ചില ആശയക്കുഴപ്പങ്ങൾ മൂലം പരിപാടി വൈകുന്നതറിഞ്ഞ സംഘാടകർ ഒരു പെൺകുട്ടിയെ പാട്ടുപാടാനേല്പിച്ചു. പ്രസിദ്ധമായ നാടൻ പാട്ട് കുട്ടി ഭംഗിയായി ചൊല്ലി. ആദ്യത്തെ രണ്ടുവരി കേട്ടപ്പോൾ തന്നെ എനിയ്ക്ക് അസ്വസ്ഥത കൂടി. വരികൾ തെറ്റിച്ചാണ് കുട്ടി പാടുന്നത്. എല്ലാവരും ആസ്വദിച്ചുകേൾക്കുന്നു. പാട്ടുകഴിഞ്ഞപ്പോൾ ഉഗ്രൻ കൈയടി - അടുത്തിരിക്കുന്നവരോട് വിവരം പറഞ്ഞപ്പോൾ അവരുടെ പ്രതികരണം പിന്തിരിപ്പിക്കുന്നതായിരുന്നു. "അടങ്ങിയിരിക്ക്. ഒരു സ്ഥാപനത്തിന്റെ പ്രതിനിധി ആയിട്ടാണ് വന്നിരിക്കുന്നത്. നമ്മളെന്തിനാണ് ആവശ്യമില്ലാത്ത കാര്യത്തിൽ ഇടപെടുന്നത്. എണീറ്റു പോയാൽ സീറ്റും നഷ്ടപ്പെടും."

ഇതൊന്നും കേട്ട് പിന്തിരിയുന്ന മാനസിക അവസ്ഥയിലായിരുന്നില്ല - സ്റ്റേജിന് പിന്നിൽനിന്ന് കുട്ടിയെ തേടിപ്പിടിച്ച് പറഞ്ഞു.

"മോളെ ! <u>നിന്നെ</u>ക്കാണാൻ <u>എന്നെ</u>ക്കാളും ചന്തം തോന്നും" എന്നു പാടുമ്പോഴാണ് പാട്ടിന് ഉദ്ദേശിച്ച അർത്ഥം കിട്ടു. മോള് പാടിയ <u>എന്നെ</u>ക്കാണാൻ <u>നിന്നെ</u>ക്കാളും ചന്തം തോന്നും എന്നതിന് വേറൊരു അർത്ഥമാണ് കിട്ടുക. സ്വയം പുകഴ്ത്തലോ അഹംഭാവമോ ആയി മാറും. താളത്തിന് മാറ്റമില്ലെങ്കിലും അർത്ഥം മാറിപ്പോകും". കേട്ടുനിന്ന കുട്ടിയുടെ അമ്മയ്ക്കും സന്തോഷമായി - "സാറിത് പറഞ്ഞുകൊടുത്തില്ലായെങ്കിൽ അവളത് ഇനിയും തെറ്റിച്ചല്ലേ പാടൂ"

കുട്ടിയുടെ കയ്യിലുള്ള വരികൾ തിരുത്തിക്കൊടുത്ത് പ്രസീദയേയും ദുർഗ്ഗാ വിശ്വനാഥിനേയും പരിചയപ്പെടുത്തി പാട്ട് ഡൗൺലോഡ് ചെയ്യാനുള്ള വെബ്സൈറ്റും എഴുതിക്കൊടുത്ത്, ശേഷം തിരിച്ചിറങ്ങുമ്പോൾ അക്ഷരം പറഞ്ഞുതന്ന ഗുരുക്കന്മാർക്ക് ദക്ഷിണ കൊടുത്ത സംതൃപ്തി.

ചിത്രച്ചേച്ചി പണ്ടു പാടിയ "തലൈയെ ആട്ടും... പുരിയാത കൂട്ടം..." എന്ന അവസ്ഥ ഇനിയും മാറിയിട്ടില്ല.

മറ്റുള്ളവരുടെ തെറ്റുകൾ പറഞ്ഞുകൊടുക്കുമ്പോൾ അവർ അംഗീകരിക്കുന്നത് പോലെ, നമ്മുടെ തെറ്റുകൾ മറ്റുള്ളവർ ചൂണ്ടിക്കാണിക്കുമ്പോൾ നമ്മളും അംഗീകരിച്ചേ മതിയാവൂ എന്ന് ഉറപ്പിക്കാനാണ് തുച്ഛമായ ഈ സംഭവം വിവരിച്ചത്.

നടക്കുമ്പോൾ നഷ്ടപ്പെടുന്ന ഊർജ്ജം മുതലാക്കാൻ പ്രഭാത സഹനടത്തരോട് പല കാര്യങ്ങളും ചർച്ച ചെയ്യാറുണ്ടായിരുന്നു. പാണ്ടിലോറി തട്ടാതിരിക്കാൻ ഓരം ചേർന്ന് നടക്കുന്നതിനിടെ കൊണ്ടും കൊടുത്തും മുന്നേറുമ്പോൾ ക്ഷീണം അറിയില്ല.

"ദശരഥൻ രാമായണത്തിലെ പ്രധാന കഥാപാത്രം തന്നെ - പ്രായപൂർത്തിയായ ശേഷമാണ് രഥം ഓടിക്കുന്നതിൽ പ്രാവീണ്യം തെളിയിച്ചത്. അതിന്റെ ഖ്യാതി എട്ടു ദിക്കിലും, മേൽലോകം കീഴ്ലോകം ചേർത്ത് പത്തുദിക്കിലും അറിയപ്പെടട്ടേ എന്ന ആശംസ

യോടെ നൽകിയ പേരാണ് 'ദശരഥൻ' - അദ്ദേഹത്തിന് അച്ഛനും അമ്മയും വിളിച്ച ഒരു പേര് ഉണ്ടാവുമല്ലോ''

''നേമി എന്ന പേരുണ്ടല്ലോ''

''അത് ശരിയല്ലെന്നും ഗവേഷണം നടത്തിയ സായിപ്പ് അദ്ദേഹത്തിന്റെ കണ്ടെത്തലുകൾ കുറിച്ചുവച്ച നോട്ടിന്റെ മാർജിനിൽ, പേരെന്തായിരിക്കും എന്ന് ഓർമ്മിക്കാനായി <u>NAME</u> എന്നെഴുതി ചോദ്യചിഹ്നം ഇട്ടുവച്ചതുകണ്ട് കൂടെ ഉണ്ടായിരുന്നവർ ദശരഥന്റെ കുഞ്ഞുന്നാളിലെ പേര് '<u>നേമി</u>' എന്നായിരുന്നു എന്ന് പറഞ്ഞുപരത്തിയതാവാം എന്നൊരുവാദം അച്ചടിച്ചു വന്നിട്ടുണ്ടല്ലോ''

''എന്തുതന്നെയായാലും ഒരു പേര് കുട്ടികൃഷ്ണ മാരാരെയും എൻ. വി. കൃഷ്ണ വാരിയരേയും സാക്ഷിനിർത്തി കണ്ടുപിടിച്ചാൽ തന്നെ എന്തു പ്രയോജനം ? ആരാണ് അംഗീകരിക്കുക''.

''അപ്പോൾ രാമചന്ദ്രേട്ടൻ പറഞ്ഞുതന്ന കംഗാരു ?''

''ഏതു രാമചന്ദ്രേട്ടൻ ?''

''പണ്ട് ആകാശവാണിയിൽ ഞായറാഴ്ചകളിൽ 12.30 പ്രാദേശിക വാർത്തയ്ക്കും 12.50 ദേശീയ വാർത്തയ്ക്കും നടുവിൽ കൗതുകവാർത്തകൾ - വായിക്കുന്നത് രാമചന്ദ്രൻ - എന്ന് കേട്ടിട്ടില്ലേ ?''

''എന്താണ് അദ്ദേഹം പറഞ്ഞത്''

''കംഗാരു എന്നത് ആ മൃഗത്തിന്റെ പേരല്ല - ആസ്ത്രേലിയയിലെ നാട്ടുഭാഷയിൽ എനിക്കറിയില്ല എന്നോ എനിക്ക് മനസ്സിലായില്ല എന്നോ ആണ് ആ ശബ്ദത്തിന് അർത്ഥം.''

''സായിപ്പ് ഇംഗ്ലീഷിൽ ചോദിച്ചത് വയറ്റിൽ സഞ്ചിയുള്ള ആ മൃഗത്തിന്റെ പേരെന്താ എന്നായിരിക്കാം. ഭാഷയറിയാത്ത പാവം ഗ്രാമീണൻ 'കംഗാരു' എന്ന് പറഞ്ഞത് സായിപ്പ് കുറിച്ചെടുത്തു.''

''നിങ്ങള് രണ്ടുപേരും കൂടെ കംഗാരുവിന്റെ യഥാർത്ഥ പേര് കണ്ടുപിടിക്കാൻ പോണോ - ഷേക്സ്പിയർ എന്നത് തൂലികാ നാമമാണെന്നും അദ്ദേഹത്തിന്റെ യഥാർത്ഥ പേര് ഇതാണെന്നും പരീക്ഷാ പേപ്പറിൽ എഴുതിയ കുട്ടിക്ക് മാഷന്മാർ കൂടുതൽ മാർക്ക് കൊടുക്കുമോ ? വല്ല ഗൗരവമുള്ള വിഷയം ചർച്ച ചെയ്യ് മാഷേ. രണ്ടായിരം രൂപ വെച്ച് ഒരുകിലോ ഓട്സ് വാങ്ങാൻ പറ്റാതിരിക്കുകയാ ഞാൻ. പുതിയ തലമുറയെപ്പറ്റി നിങ്ങളാരും ബേജാറാവേണ്ട. ഇത്തരം തുച്ഛമായ കാര്യങ്ങൾ അവർക്ക് വേണ്ട. വേണ്ടത് ഇന്റർനെറ്റിൽ നിന്ന് അവർ കണ്ടെത്തിക്കോളും.''

''അപ്പോൾ മാഷ്മാർക്ക് പണിയില്ലാണ്ടാവില്ലേ - നമ്മൾ അങ്ങോട്ടുകൊടുത്തതല്ലേ നെറ്റിൽ നിന്ന് ഇങ്ങോട്ടുകിട്ടൂ.''

''കൊത്തവരയ്ക്ക, വഴുതിനങ്ങ, മുട്ടക്കോസ്, ചുരയ്ക്ക ഇവയിലേതെങ്കിലും പുതിയ തലമുറയ്ക്കായ് വച്ചുണ്ടാക്കി അവരെ ഭക്ഷണം കഴിക്കാൻ വിളിച്ചുനോക്കൂ. വിശപ്പില്ല എന്ന് പറയും. അവർക്ക് ഇഷ്ടഭക്ഷണം വേറെയാണ്.''

''അപ്പോൾ ശ്രീരാമനേയും സീതയേയും ലക്ഷ്മണനേയും കാട്ടിൽ സഹായിച്ചത് അവിടെ താമസിച്ചിരുന്ന വന-നരന്മാരാണെന്നും അതിനെ വാനരൻ എന്ന് തിരുത്തിയത് ആര്യന്മാരും ദ്രാവിഡന്മാരും തമ്മിലുണ്ടായ ശത്രുതയുടേയും വെറുപ്പിന്റേയും അനന്തര ഫലമാണെന്നും പുതിയ തലമുറയ്ക്ക് പറഞ്ഞുകൊടുക്കേണ്ടേ?''

''മാഷേ ! കോൺക്രീറ്റ് കെട്ടിടത്തിനുമുകളിൽ ആൽമരം വളരും - കെട്ടിടം നമ്മുടേതല്ലെങ്കിൽ കെട്ടിടത്തിനെക്കുറിച്ച് ബേജാറാവേണ്ട - ആൽമരത്തിന് ആര് വെള്ളമൊഴിക്കും ആര് വളമിടും എന്നൊക്കെ ആരെങ്കിലും ചിന്തിക്കാറുണ്ടോ ?''


''അപ്പോൾ നമ്മളെന്തു ചെയ്യണം?''

''ഒന്നും ചെയ്യേണ്ട -<br>
തനിക്ക് കാര്യം ചെറുതി<br>
ല്ലയായ്കിൽ<br>
ഒരുത്തനേറെ തുനിയുന്നതാകാ<br>
മരത്തിൽ നിന്നിട്ടൊരു<br>
പൂളിളക്കീ-<br>
ട്ടനർത്ഥമായ്‌വന്നു കപിയ്ക്കു<br>
പണ്ട്.

എന്ന പഞ്ചതന്ത്രത്തിലെ ശ്ലോകം മനസ്സിൽ ചൊല്ലുക - മുന്നിൽ കാണുന്നത് കേബിളിടാൻ വേണ്ടി കുഴിച്ച കുഴിയാണ്. മാറി നടക്കുക. വയസ്സുകാലത്ത് വീണാൽ പിന്നെ എണീറ്റ് നടക്കാനാവില്ല''.

●

■ കവിത




**ഡി. തോമസ്**<br>
9495163186


# മണ്ഡൂകവിലാപം

മാക്, മാക് എന്നു<br>
കേൾക്കുന്നൊരു സ്വരം<br>
മാവിന്റെ ചോട്ടിൽ നിന്നാണെന്ന്<br>
നിശ്ചയം<br>
എന്തേ കരയുന്നു<br>
ദൈന്യമായെന്നോർത്ത്<br>
സന്താപമേതുമേ<br>
തോന്നേണ്ടതില്ല ഹേ.<br>
ചക്രിതൻ വായിലകപ്പെട്ട<br>
മണ്ഡൂകം<br>
ചക്രശ്വാസം വലിക്കുന്നു<br>
ചാടുവാൻ.<br>
ഇല്ല, ശാലൂരമേയില്ല നിനക്കിനി<br>
യില്ല, യീ ഭൂവിൽ തുടർന്നുള്ള<br>
ജീവിതം.<br>
മുൻപ് നീയെത്രയോ<br>
വെട്ടുകിളികളെ<br>
യൻവേതുമില്ലാതെ<br>
ഭക്ഷിച്ചതല്ലയോ ?<br>
പച്ചിലത്തുമ്പിൽ<br>
പകച്ചിരിക്കുന്നതാം<br>
പച്ചക്കുതിരയെയൊട്ടുന്ന<br>
നാക്കെറി-<br>
ഞ്ഞൊട്ടിവേഗം<br>
വലിച്ചെടുത്താർത്തിയാൽ<br>
നൊട്ടി വിഴുങ്ങുമ്പോൾ<br>
ചിന്തിച്ചതില്ല നീ<br>
എന്നെങ്കിലുമൊരു കാലൻ വരും<br>
നിനക്കിന്നത്തെപ്പോലെയൊരന്ത്യം<br>
കുറിക്കുവാൻ.<br>
ശങ്കിക്കവേണ്ട, യിന്നല്ലെങ്കിൽ<br>
നാളെയീ<br>
കാകോള ശ്രേഷ്ഠനുമുണ്ടൊരു<br>
ദുർവിധി.<br>
അക്കാണും മാമരക്കൊമ്പിൽ<br>
കൊതിപൂണ്ടു<br>
കൊക്കും<br>
കൂർപ്പിച്ചങ്ങിരിക്കുന്നൊരന്തകൻ.<br>
നാളെയീ പന്നഗശ്രേഷ്ഠൻ<br>
ഖഗേശ്വര-<br>
നാഹാരമാകും, നിയതി തൻ<br>
നിശ്ചയം.



അന്ന ജോസഫ് കോരുത്തോട്
9048614387

# സൂക്ഷിച്ചും കണ്ടും നടന്നാൽ...

അമ്മയെക്കുറിച്ച് ഓർക്കുമ്പോൾ ആദ്യം മനസ്സിൽ വരുന്നത് എപ്പോഴും പ്രസന്നമായ മുഖം. പിന്നീട് മനഃക്കണ്ണാടിയിൽ പ്രതിഫലിക്കുന്നത് സൗമ്യമായ പുഞ്ചിരി. ശാന്തമായ പെരുമാറ്റശൈലി. ദേഷ്യപ്പെടാറില്ല. വഴക്ക് പറയുകയോ ശകാരിക്കുകയോ പതിവില്ല. എന്നാൽ പതിവിന് വിപരീതമായി കോപിക്കുകയും ശിക്ഷിക്കുകയും ചെയ്ത ഒരു സംഭവം ഓർമ്മയിൽ മായാതെ നിൽക്കുന്നു. 2ാം ക്ലാസ്സിൽ പഠിക്കുന്ന വർഷം അന്ന് 2 അണ നാണയമുണ്ട്. പുതുമയുള്ള ഒരു പിച്ചള നാണയം. 2 അണത്തുട്ട് അന്ന് രാവിലെ അമ്മ തന്നു. സ്കൂളിൽ കൊണ്ടുപോകേണ്ട എന്ന് പറഞ്ഞു. അത് അത്ര കാര്യമാക്കാതെ സ്ലേറ്റിന്റെ പുറത്ത് വച്ചുകൊണ്ട് നടന്ന് ഗമയിൽ കൂട്ടുകാർക്ക് കാണിച്ചുകൊടുത്തു. പോയപ്പോഴും തിരികെ വന്നപ്പോഴും അപ്രകാരം ചെയ്തു. എന്നാൽ തിരികെ വന്നപ്പോൾ വീടിനോട് അടുക്കാറായപ്പോൾ സ്ലേറ്റിന് മുകളിൽ നിന്നും രണ്ടണ താഴെ വീണ് പുല്ലിനടിയിൽ മറഞ്ഞു. കുറേസമയം നോക്കിയിട്ടും കണ്ടില്ല. വീട്ടിൽ ചെന്ന് കാപ്പി കുടി ഒക്കെ കഴിഞ്ഞപ്പോൾ അമ്മയുടെ ചോദ്യം, "കൊച്ചേ പൈസ എന്തിയേ" കാണാതെ പോയി എന്ന് പറഞ്ഞപ്പോൾ ദേഷ്യത്തോടെ കയ്യിൽ കിട്ടിയ വടി എടുത്ത് പൊതിരെ തല്ലി. എന്താ കാണിക്കുന്നത് എന്ന് ചോദിച്ചുകൊണ്ട് അമ്മയുടെ അനിയത്തി - കുഞ്ഞമ്മ ഓടി വന്ന് വടി പിടിച്ചുപറിച്ച് ദൂരെ എറിഞ്ഞു. അമ്മ ആദ്യമായും അവസാനമായും അടി തന്നത് അന്നാണ്.

പിന്നീട് സംവത്സരങ്ങൾ കഴിഞ്ഞുപോയി. അമ്മ താമസിച്ചേ ഊണുകഴിക്കാറുള്ളു. സ്കൂൾ അവധി ദിവസങ്ങളിൽ ഞങ്ങൾ നേരത്തേ ഉച്ച ഭക്ഷണം കഴിക്കും. ഞാൻ, അമ്മ ഊണ് കഴിക്കുന്ന സമയം വീടിനു ചുറ്റും ഓടിക്കളിക്കും. ഇടയ്ക്കിടെ അമ്മ ഭക്ഷണം കഴിക്കുന്നത് നോക്കും. മറ്റൊന്നുമല്ല കാര്യം. എനിക്ക് അമ്മയുടെ ചോറുരുള വേണം. ഇതറിയാവുന്ന അമ്മ എനിക്കായി അല്പം ബാക്കി വച്ചിട്ട് എന്നെ വിളിക്കും. ഞാനോടിപ്പോയി അത് വാങ്ങിക്കഴിക്കും.

പത്താം ക്ലാസ്സ് കഴിഞ്ഞ ശേഷം ജോലിക്കായി എംപ്ലോയ്മെന്റ് എക്സേഞ്ചിൽ പേര് രജിസ്റ്റർ എറണാകുളത്ത് ചെയ്യുവാൻ പറഞ്ഞത് അച്ഛന്റെ സഹോദരിയുടെ മകനാണ്. വ്യവസായ നഗരമായതിനാൽ വേഗം ജോലികിട്ടുമെന്ന് പറഞ്ഞു. ഒരുദിവസം ഞങ്ങളുടെ വീടിന് സമീപത്തുള്ള കടയിൽ നിന്നും ഞാൻ ഒരു പുളിയിലകരയൽ നേര്യത് വാങ്ങി അമ്മയ്ക്ക് കൊടുത്തു. അമ്മയ്ക്ക് വളരെ ഇഷ്ടമായി. എന്നാൽ പിറ്റേ ആഴ്ച ഇടയൻ ആണെന്ന് പറഞ്ഞ് ഒരാൾ വന്ന് കോടി വസ്ത്രം കൊടുക്കണം, വേളാങ്കണ്ണിയിൽ കൊണ്ടുപോയി കൊടുക്കാനാണ് തന്നില്ലെങ്കിൽ തീപിടുത്തമുണ്ടാകുമെന്ന് പറഞ്ഞു. ഭയന്നുപോയ ഞാൻ അമ്മയോട് പറഞ്ഞ് നേര്യത് കൊടുത്തേക്കാം എനിക്ക് ജോലി കിട്ടുമ്പോൾ നല്ലത് വാങ്ങിത്തരാം എന്ന് പറഞ്ഞു. പക്ഷേ എനിക്കത് സാധിച്ചില്ല. അമ്മ യാത്രയായി.

എംപ്ലോയ്മെന്റ് എക്സേഞ്ചിലെ കാർഡ് പുതുക്കേണ്ടതിന്റെ തലേരാത്രി അമ്മ പനിയായി ക്ഷീണിച്ചുകിടക്കുകയായിരുന്നു. സംസാരിച്ച കൂട്ടത്തിൽ അമ്മ പറഞ്ഞു, "സൂക്ഷിച്ചും കണ്ടും നടന്നാൽ അവരവർക്ക് കൊള്ളാം." ഞാൻ വിചാരിച്ചു ഇതെന്താ അമ്മ പറയുന്നത് എന്ന്. പിന്നീട് രണ്ടാഴ്ചകൾക്കുശേഷം 38ാമത്തെ വയസ്സിൽ സ്നേഹനിധിയായിരുന്ന അമ്മ ഞങ്ങൾ അഞ്ചുമക്കളേയും വിട്ട് പറന്നുപോയി. അതിനുശേഷം ആലോചിച്ചപ്പോൾ എനിക്ക് അമ്മ പറഞ്ഞതിന്റെ പൊരുൾ വ്യക്തമായി. കുഞ്ഞേ ഞാൻ നിന്നോടൊപ്പം കാണില്ല. അതുകൊണ്ട് സൂക്ഷ്മതയോടെ ചുവടുകൾ വച്ച് മുമ്പോട്ട് നടക്കുക. ●

കവിത

# ഓവുചാൽ

എം. എ. കുളത്തൂർ
9526601653

നഗരത്തിലേക്കുള്ള
പാതയിൽ നിന്നും
അല്പം അകലം പിടിച്ചായിരുന്നു
ആ ഓവുചാലുകളത്രയും
ഭാവഭേദങ്ങളില്ലാതെ
ഒഴുകിയിരുന്നത്.
ചുറ്റും
ശുദ്ധം തൂവിയത്
കണ്ടായിരിക്കണം
ഒരു തെന്നിപ്പാച്ചിലെന്ന
ന്യായത്തിന്
മുതിർന്നതേയില്ല.
എച്ചിലുകൾ
പുറന്തള്ളുന്നതല്ലാതെ
ഇതിൽനിന്നൊരു മുത്തും
കുഴിച്ചെടുക്കാനില്ലല്ലോ എന്ന
ബോധ്യവും
അടിപ്പടവിൽ തിളച്ചിരിക്കണം
ലോകം ശാന്തം എന്ന
നിർവികാരതയിൽ
ശബ്ദങ്ങളില്ലാതെ
ഒഴുകിക്കൊണ്ടിരുന്നു.
ഒരിക്കൽ അതിർ ചേരിയിലേക്ക്
സ്വപ്നവും പിടിച്ച്
ഒരു കരിമ്പെണ്ണ് ഇഴഞ്ഞെത്തി
അന്നവൻ ഇരുണ്ട വിയർപ്പിന്റെ
സുഖമറിഞ്ഞു.
ആ രാത്രിക്കലയുടെ
മറവുടയുമ്പോഴേക്കും
ഒരുപാട് ചെറുചാലുകൾ
സൃഷ്ടിക്കപ്പെട്ടിട്ടുണ്ടാകും.
സ്വപ്നച്ചിറകറ്റമറുത്ത്
പറഞ്ഞുവിടുന്ന
ഓരോ വരിയിലും പിന്നെ
അന്ത്യം വരെ തൂവലണിയില്ല
ദൈവത്തിനെതിരെ വിരൽ ചൂണ്ടി
ചിറകെടുക്കാനുള്ള തടം
പിടിച്ചാൽ
ഭൂമിയിലെ ദൈവങ്ങളത്രയും
കിടന്ന് വിറകൊള്ളുമത്രെ.



സ്റ്റെല്ലാ ഡൺസ്റ്റൺ
9446284735

# മുടങ്ങിപ്പോയ പഠനം

അഞ്ചാം ക്ലാസിൽ നിന്ന് നല്ല മാർക്കോടെ പാസായെങ്കിലും സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതിനാൽ പഠനം ഒരുതവണ മുടങ്ങിയ കാര്യവും ടി.സി. മേടിക്കാൻ ഒരു രൂപ ഇല്ലാത്ത നേരത്ത് ഗുരുവിൽ നിന്ന് ഒരു രൂപ ലഭിക്കുകയും ആ പ്രതിസന്ധിയിൽ നിന്ന് രക്ഷ പ്രാപിച്ച കാര്യം ഏക തത്ത്വയുടെ ഒരു ലക്കത്തിൽ എഴുതിയിരുന്നത് പലരും വായിച്ചുകാണുമല്ലോ. തുടർന്ന് ആറാം ക്ലാസ് മുതൽ കഷ്ടപ്പാടിന്റെ പുതിയ വഴികളിലൂടെ സഞ്ചരിച്ച് ഒമ്പതാം ക്ലാസ് വരെയെത്തി. ഒമ്പതാം ക്ലാസ്സിൽ നിന്ന് പത്താം ക്ലാസ്സിലേക്ക് ജയിച്ചപ്പോൾ സാധാരണ എല്ലാ കുട്ടികളും സന്തോഷിപ്പിക്കുകയാണല്ലോ പതിവ്. എന്നാൽ എനിക്ക് വളരെ സങ്കടം തോന്നി. കാരണം എന്റെ പഠനം അവിടെ വെച്ച് അവസാനിക്കുകയാണെന്ന് അമ്മച്ചി പറഞ്ഞു. "പത്താം ക്ലാസ്സിൽ പറഞ്ഞയക്കാൻ ഞാൻ നോക്കിയിട്ട് ഒരു വഴിയും കാണുന്നില്ല മോളെ" എന്ന അമ്മച്ചിയുടെ വാക്കുകൾ എന്നെ സങ്കടത്തിലാക്കി. സ്കൂൾ തുറന്ന് രണ്ടാഴ്ച വരെ ഞാൻ ക്ലാസ്സിൽ പോയില്ല. ഒരുദിവസം എന്റെ ഒരു കൂട്ടുകാരി വീട്ടിൽ വന്നിട്ട് എന്നെയും കൂട്ടി പ്രീസ്റ്റ് ഹോമിലേക്ക് ചെല്ലാൻ ഒരു പുരോഹിതൻ പറഞ്ഞുവിട്ടതായി എന്റെ അമ്മച്ചിയെ അറിയിച്ചു. പിറ്റേ ദിവസം തന്നെ അമ്മച്ചി എന്നെയും കൂട്ടി പ്രീസ്റ്റ് ഹോമിലേക്ക് ചെന്നു. ദയാലുവായ ആ പുരോഹിതൻ എന്റെ 9ാം ക്ലാസ്സിലെ അവസാന പരീക്ഷയുടെ ഇംഗ്ലീഷ് ഉത്തരക്കടലാസ് പരിശോധിച്ച് മാർക്കിട്ട വ്യക്തിയായിരുന്നു. A ഡിവിഷൻ മുതൽ G ഡിവിഷൻ വരെ ഏഴ് ഒമ്പതാം ക്ലാസ്സുകൾ ഉണ്ടായിരുന്നു. ആൺകുട്ടികളും പെൺകുട്ടികളുമടങ്ങുന്ന 7 ക്ലാസ്സുകളുടേയും ഇംഗ്ലീഷ് ഫസ്റ്റ് പേപ്പർ നോക്കിയത് എന്നെ വിളിപ്പിച്ച പുരോഹിതനായിരുന്നു. 10ാം ക്ലാസ്സിലെ D ഡിവിഷനിൽ ഇംഗ്ലീഷ് പഠിപ്പിക്കേണ്ട ചുമതല പുരോഹിതനായിരുന്നു. ആദ്യത്തെ രണ്ടാഴ്ച ക്ലാസ്സെടുത്തു കഴിഞ്ഞ് പഠിപ്പിച്ച കാര്യങ്ങൾ കുട്ടികൾ എത്ര ഗ്രഹിച്ചു എന്നറിയാനുള്ള ചോദ്യം ചെയ്യലിൽ പലരും ഉത്തരം പറയാതെ എഴുന്നേറ്റുനിന്നു. അപ്പോഴാണ് ഒമ്പതാം ക്ലാസ്സിലെ ഉത്തരക്കടലാസ് പരിശോധിച്ചപ്പോൾ കൂട്ടത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ 'സ്റ്റെല്ല ഫിലിപ്പ്' എന്ന കുട്ടിയെ പുരോഹിതന് ഓർമ്മ വന്നത്.

ഈ ക്ലാസ്സിൽ 'സ്റ്റെല്ല ഫിലിപ്പ്' ആരാണ് എന്ന് പുരോഹിതൻ അന്വേഷിച്ചു. അപ്പോൾ കുട്ടികൾ ഒന്നടങ്കം പറഞ്ഞു ആ കുട്ടി പഠനം നിറുത്തി എന്ന്. അദ്ദേഹം കാരണം തിരക്കിയപ്പോൾ ആ കുട്ടിക്ക് പഠിക്കാൻ പൈസയൊന്നും ഇല്ലാത്തതുകൊണ്ടാണ് നിറുത്തിയതെന്ന് കുട്ടികൾ പറഞ്ഞു. അങ്ങനെയാണ് ദയാലുവായ ആ പുരോഹിതൻ എന്നെയും കൂട്ടി ചെല്ലാൻ എന്റെ അമ്മച്ചിയോട് പറയാൻ എന്റെ കൂട്ടുകാരിയെ ഏല്പ്പിച്ചത്.

ഞാനും അമ്മച്ചിയും കൂടി പ്രീസ്റ്റ് ഹോമിൽ ചെന്നപ്പോൾ അദ്ദേഹം എന്നോട് വീണ്ടും പഠിക്കാൻ ആഗ്രഹം ഉണ്ടോ എന്ന് ചോദിച്ചു. ഒരു പൊട്ടിക്കരച്ചിലായിരുന്നു എന്റെ മറുപടി. അടുത്തുള്ള ഒരു കോൺവെന്റിലെ മദറിനോട് സംസാരിച്ചിട്ടുണ്ട്. ഒരു വർഷത്തെ പഠനച്ചിലവ് അവർ വഹിക്കും. അവിടെ നിന്ന് ചില്ലറ ജോലികളൊക്കെ ചെയ്ത് പഠിക്കാമോ എന്ന് പുരോഹിതൻ ചോദിച്ചു. ഞാൻ സന്തോഷത്തോടെ സമ്മതിച്ചു. അമ്മച്ചിയെ പിരിഞ്ഞു നില്ക്കാൻ സങ്കടമുണ്ടെങ്കിലും പത്താം ക്ലാസ്സിലെ പഠനം എന്നെ സന്തോഷിപ്പിച്ചു. അങ്ങനെ മുടങ്ങിപ്പോയ എന്റെ പഠനം പൂർത്തിയാക്കാൻ കഴിഞ്ഞു. ദയാലുവായ ആ പുരോഹിതനും എന്നെ കോൺവെന്റിൽ നിർത്തി പഠിപ്പിക്കാൻ സഹായിച്ച മദർ സുപ്പീരിയറും മരണപ്പെട്ടുപോയെങ്കിലും അവർ എന്റെ പ്രാർത്ഥനയിൽ എന്നും ജീവിക്കുന്നു. ●

വിജയൻ കല്ലട
0494 – 2405580, 9605407260

# കേരളമാതൃക

സാക്ഷര കേരളമെന്നുടെ നാടിത്
മാതൃകയാണേ ലോകത്തെങ്ങും.
കീഴും മേലും ഹൈക്കോടതിയും
താഴേത്തട്ടിൽ ഓം ബുഡ്സ് മാനും
ജില്ലാക്കോടതി വിജിലൻസ് കോടതി
എല്ലാമുണ്ടേ നമ്മുടെ നാട്ടിൽ.
മന്നവനിന്നൊരു നീതി ലഭിയ്ക്കാൻ
ഒന്നും മതിയാവില്ലെന്നറിക.
പണമില്ലെന്നാൽ കോടതി പോലും
നീതി നടത്താൻ മടി കാട്ടീടും
സർക്കാരിന്റെ ഭൂമി ലഭിക്കാൻ
പല പല മാർഗ്ഗമതുണ്ടെന്നറിക.
കാടിൻ നടുവിൽ കുരിശും നാട്ടി
നേടും സർക്കാർ ഭൂമികൾ പലതും.
ട്രസ്റ്റുകളും ചില സമിതികളും
പല കമ്മിറ്റികളും തട്ടിക്കൂട്ടും.
ഭൂമി ലഭിച്ചു കഴിഞ്ഞാൽ പിന്നെ
കോടികൾ നേടാൻ ഫ്ളാറ്റുകൾ പണിയാം.
നിയമം കൈയിലെടുത്തിട്ടവിടെ
കച്ചവടത്തിനു കോപ്പും കൂട്ടും.
സാക്ഷരകേരളമെന്നുടെ നാടിത്
മാതൃകയാണേ ലോകർക്കെല്ലാം.
മാതൃഭാഷയതറിയില്ലെന്നതു
മേനി പറഞ്ഞുനടക്കുന്നവരെ,
വിദ്യപകർന്നു കൊടുക്കാനായി
വിദ്യകൾ പലതും കാട്ടിക്കൂട്ടും.
കുലവും തൊലിയുടെ നിറവും നോക്കി
പലരും വിദ്യകൾ വിറ്റുനടപ്പൂ.
അറിവുപകർന്നുകൊടുക്കണമെങ്കിൽ
കീശ നിറയ്ക്കണമാദ്യം തന്നെ.
അംബര ചുംബികൾ കെട്ടിയുയർത്തി
നല്ലൊരു ചായം പൂശീട്ടവിടെ
ഉന്നത ബിരുദം നേടാനായി
വന്നീടുന്ന ജനത്തിനുമുന്നിൽ
സ്വാശ്രയമെന്നൊരുപേരും ചൊല്ലി
കീശ പിഴിഞ്ഞും കാശുണ്ടാക്കാൻ
ആശപെരുത്തു നടക്കുന്നവരുടെ
ആശ്രയമായി വിദ്യാഭ്യാസം.
ജാതി പറഞ്ഞും മേനി നടിച്ചും
പണി ചെയ്യാതെ പണവും പറ്റി
സ്വാശ്രയമെന്നൊരു വികസനതത്വം
ആശ്രയമായിക്കരുതുന്നു ചിലർ.
സാക്ഷര കേരളമെന്നുടെ നാടിതു
മാതൃകയാണേ നാട്ടാർക്കെല്ലാം.



# ഗാന്ധാരീ വിലാപം

## – ഒരു പാചകക്കുറിപ്പ് –

**കെ. വിജയകുമാരൻ**
9448312631,9444540631

**മ**രണാനന്തരം ഇതെഴുതുന്നയാളെപ്പറ്റി നിങ്ങളിലാരെങ്കിലും ഒരു ചരമക്കുറിപ്പ് എഴുതുമ്പോൾ 'അദ്ദേഹം കൈവയ്ക്കാത്ത മേഖലകളില്ല' എന്നെഴുതാൻ പാകത്തിൽ പാചകക്കുറിപ്പ്. യാത്രാവിവരണം, വാരഫലം, സിനിമാനിരൂപണം എന്നിത്യാദി സംഗതികളിലൊക്കെയും പ്രാഗൽഭ്യം തെളിയിക്കണമെന്നുള്ള (ദുർ)ഉദ്ദേശ്യം പ്രയോഗവൽക്കരിക്കുകയാണിവിടെ. നിങ്ങളാരും നുണ പറയാനിടവരരുത് എന്നതാണ് ഈയുള്ളവന്റെ എളിയ ആഗ്രഹം.

ഇതെഴുതുന്നയാൾക്ക് അസാരം തമിഴിന്റെ ബാധയുണ്ട് എന്നത് ആദ്യമേ പറയട്ടെ. തമിഴിൽ 'ക' 'ഖ' 'ഗ' 'ഘ' എന്നീ നാല് അക്ഷരങ്ങൾക്കും 'ക' എന്ന ഒരക്ഷരമേ ഉള്ളു. അതുപോലെ 'ത' 'ഥ' 'ദ' 'ധ' എന്നീ നാലിനും 'ത' എന്ന ഒരക്ഷരമേ ഉള്ളു. ആകയാൽ 'ഗാന്ധാരീ വിലാപം' എന്നത് 'കാന്താരീ വിലാപം' എന്നായി പരിണമിക്കും. ഇവിടെ കാന്താരി മുളകുപയോഗിച്ച് ചില പ്രയോഗങ്ങൾ (അവ സേവിക്കുമ്പോൾ കണ്ണിൽ നീർ വടിയാനുള്ള സാദ്ധ്യത ഏറെയാണെന്നതിനാൽ വിലാപം എന്ന വാക്ക് അന്വർത്ഥമാണ്) വിവരിക്കാം.

### 1. പച്ചക്കാന്താരി

ഇവിടെ കാന്താരി ഏകയാണ്. കൂട്ടില്ലാതെ പച്ചയ്ക്ക് അവളെ സേവിക്കുക. എത്ര വേണമെങ്കിലും ആവാം. വെള്ളം കുടിക്കരുത്. അവളുടെ രുചി വായിലാകമാനം ഉൾക്കൊണ്ട് വിലപിക്കുന്നത് ഹൃദയത്തിനും കണ്ണിനും നല്ലതാണെന്ന് എന്റെ അനുഭവം പറയുന്നു (ഒരു മാസം കൊണ്ട് അര കിലോ കാന്താരി തിന്നുന്നതുകൊണ്ടാണെന്നു തോന്നുന്നു എന്നെ ചികിത്സിക്കുന്ന കാർഡിയോളജിസ്റ്റ് വളരെ സന്തുഷ്ടനാണ്).

### 2. ഉപ്പോട് കാന്താരി

രണ്ടാക്കി പൊട്ടിച്ച കാന്താരിയിൽ അല്പം ഉപ്പു പുരട്ടി (അറുത്ത കയ്യിൽ ഉപ്പു പുരട്ടുന്നപോലെ) മുകളിൽ വിവരിച്ചപോലെ കഴിക്കാം. കൂടാതെ തൈരും, മോരും കൂട്ടി ഉണ്ണുമ്പോഴും, അല്പം 'കൾസ്' കഴിക്കുമ്പോഴും ഈ വിഭവം നന്നായിരിക്കും. സദ്യക്ക് നാലാം തവണ വിളമ്പിയ പായസം അകത്താക്കാൻ (പല്ലശ്ശനയിലെ നമ്മുടെ ഒരു അമ്മാവൻ ഇഞ്ചിപ്പുളി തൊട്ടാണ് നാലും അഞ്ചും തവണ വിളമ്പുന്ന പായസം അകത്താക്കാറ്) വളരെ നല്ലതാണ്. സദ്യക്ക് പോകുമ്പോൾ നാലഞ്ചു കാന്താരികളെ പോക്കറ്റിൽ സൂക്ഷിക്കാം. ഇഞ്ചിപ്പുളി വിളമ്പുന്ന കശ്മലനെ വിശ്വസിക്കാനാവില്ല.

### 3. ഉപ്പിലിട്ട കാന്താരി

അല്പം ഉപ്പും വിനാഗിരിയും ചേർത്ത ഒരു കുപ്പിക്കകത്ത് കാന്താരികളെ സൂക്ഷിക്കാം. ഇതിനിടയ്ക്ക് മാങ്ങ – ഇഞ്ചി, അമ്പാഴങ്ങ എന്നിവയുടെ ചെറു കഷണങ്ങൾ ഇട്ടാൽ നല്ല വാസന ഉണ്ടാവും. ഒരു പ്രകോപനമോ പ്രചോദനമോ ഇല്ലാത്ത നേരത്ത് ഒരെണ്ണം എടുത്തു കടിച്ചാൽ സംഗതി കുശാലാവും. ഇനി അല്പം വ്യത്യസ്തമായി എവളുമാരെ ഉപ്പിലിടണമെന്നു തോന്നുന്നവർ അല്പം കടുക് അരച്ച് രണ്ടു സ്പൂൺ കടുകെണ്ണയും ചേർത്ത് മേൽപറഞ്ഞ മിശ്രം സൂക്ഷിക്കാം. ഇന്ത്യയുടെ വടക്കു കിഴക്കു നിന്നും വന്നവർ ആരെങ്കിലും സമീപത്ത് ജോലി ചെയ്യുന്നുണ്ടെങ്കിൽ അവരെ ഇത് കാണിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഒരു ഭവനഭേദനം ഒഴിവാക്കാം.

### 4. മണ്ടച്ചമ്മന്തി.

ഇത് തനി പാലക്കാടൻ വിഭവം ആണെന്ന് എന്റെ മനസ്സു പറയുന്നു (മറ്റിടങ്ങളിൽ ഇത് പ്രചാരത്തിലുണ്ടെങ്കിൽ വക്കാണത്തിന് ഞാനില്ല). നന്നായി ചുട്ടെടുത്ത വായവട്ടമുള്ള ഒരു ചട്ടി (പാലക്കാടൻ) 'മണ്ട', ഒരു (പാലക്കാടൻ) മന്ത് (ഫൈലേറിയാസിൽ എന്ന സംഗതിയല്ല, വാസുകിപാശമായ് മന്ദരം മന്ഥു(തു)മായ്... എന്നതിലെ മന്ത്) എന്നിവ ആവശ്യമാണ്.

ആവശ്യത്തിന് മുഴുത്ത, കാന്താരിമാരെ ഞെട്ടലോടെ മണ്ടയിലിടുക. മന്തുകൊണ്ട് അവളുമാരെ കണ്ടമാനം ഉപദ്രവിക്കുക. ഒരു പരുവമാകുമ്പോൾ വെളുത്തുള്ളിയുടെ ഒരു അല്ലി ചേർത്ത് മന്തുപ്രയോഗം തുടരുക. (വെളുത്തുള്ളി പിടിക്കാത്തവർ എണ്ണയിൽ അല്പം വാട്ടിയ ചുവന്നുള്ളി, ഒരു നാരങ്ങായില എന്നിവ ചേർത്ത് മന്തു പ്രയോഗിക്കാം) വെളുത്തുള്ളി കാണാതാവുമ്പോൾ അല്പം ഉപ്പിട്ട് (കല്ലുപ്പാണെങ്കിൽ മന്തിൽ ബലം കുറയ്ക്കണം, അല്ലായെങ്കിൽ മണ്ട പിളരും) മന്തുപ്രയോഗം തുടരുക. മിശ്രിതം നന്നായി അരയുമ്പോൾ അല്പം വാളൻപുളി (അതി പുരാതനമായത്) ചേർത്ത് മന്തുപ്രയോഗം തുടരുക. ഒരു പരുവമാകുമ്പോൾ ഒരു സ്പൂൺ വെളിച്ചെണ്ണ (കന്യാ തൈലം ആയാൽ ഉത്തമം) ചേർക്കുക. കഞ്ഞികുടിക്കാനിരിക്കുന്നവർക്ക് ഇലച്ചീന്തിൽ അമ്പലത്തിൽ കളഭം നൽകുന്ന കൂട്ട് വിളമ്പാം. ഒരു പുതുമ വേണമെന്നുള്ള

വർ ചമ്മന്തിയുണ്ടാക്കിയ മണ്ട പൊട്ടിച്ച് ഓരോ കഷണം നൽകാം.

**5. നങ്കിമീനിൽ കാന്താരി**

പാലക്കാട്ടെ ഒരു ഉഗ്രൻ വിഭവമാണ് നങ്കിമീൻ വറ്റിച്ചത് (തെക്കുള്ള ചിലർ പറ്റിക്കുക എന്നു പറയും, പാലക്കാട്ടുള്ളവർ മൃതമായവയെ പറ്റിക്കാറില്ല). ഉണങ്ങിയ നങ്കി (നങ്ക്, മാന്തൾ എന്നൊക്കെ പറയുന്ന, വിളിക്കുന്ന Cynoglossus speciece, Malabar tonguesole ആണ് സംഗതി) വറ്റിയ്ക്കുന്നത് എങ്ങിനെയാണെന്ന് ഒരു പാലക്കാടൻ വീട്ടമ്മയോട് ചോദിച്ചറിയുക (അതിനു വഴിയില്ലാത്തവർ ലേഖകനെ ഫോണിൽ ബന്ധപ്പെടാം). സംഗതിയുടെ നിർമ്മിതിയിൽ മുളകിന്റെ അളവ് കുറയ്ക്കുക. പകരം യഥേഷ്ടം കാന്താരിമാരെ ഇറക്കുക. അവരുടെ വയറു പിളർക്കണ്ട, വയറ്റിൽ ഒരു ചെറു കുത്ത് കൊടുത്താൽ മതി. വറ്റിച്ചത് ഇറക്കുമ്പോൾ അല്പം വെളിച്ചെണ്ണ (ഇവിടെയും കന്യകതന്നെ ഉത്തമം) തൂവാൻ മറക്കരുത്.

ഇതിൽ പീച്ചിങ്ങ, കിളുന്ത് നാടൻ വഴുതിന (ഇവയ്ക്ക് അല്പം മധുരം കാണും) എന്നിവ ചേർത്ത് പാകം ചെയ്യാം. ഇവയുടെ കഷ്ണങ്ങളോടൊപ്പം അറിയാതെ ഒരു കാന്താരിയും ചേർത്ത് (അറിയാതെ ഒരു കാന്താരി എന്നൊരു സിനിമയ്ക്ക് സ്കോപ്പുണ്ട്) തിന്നുന്നതിന്റെ സുഖം ഒന്നുവേറെയാണ്. മട്ടയരിച്ചോറ് (അരിയല്പം കൂടുതലിടാൻ ശ്രദ്ധിക്കണം, അല്ലായെങ്കിൽ ചോറു തികയാതെവരും) ഉരുളയുരുട്ടി വറ്റിച്ച ചാറിൽ മുക്കി വിഴുങ്ങുന്നതാണ് ഈ കറിക്ക് വിധിച്ചിട്ടുള്ള ഭക്ഷണ രീതി. ഇടയ്ക്ക് കാന്താരികളെ നിർബാധം സേവിക്കുക.

**6. മുട്ടച്ചാറിൽ കാന്താരി**

പാലക്കാടുള്ളവർ മീൻ ചാറ് കൂട്ടാൻ കൊതിക്കുന്ന സമയത്ത് മീൻ കിട്ടാതെ വരുമ്പോൾ മുട്ടു ശാന്തിക്കായി കണ്ടുപിടിച്ച ഒരു വിഭവമാണ് മുട്ടച്ചാറ്. മീൻചാറുപോലെത്തന്നെ ഇതും കണ്ടമാനം 'ക്ഴാൽ' ഉണ്ടാക്കുമെന്നതിനാൽ സസ്യഭുക്കുകൾ ഉള്ളിടത്ത് ഇതിന്റെ നിർമ്മിതി ഒഴിവാക്കണം. ഇതിന്റെ നിർമ്മാണ രഹസ്യം വായാൽ മാത്രം പകർന്നുകൊടുക്കുന്നതാകയാൽ പാലക്കാട്ടുള്ള വീട്ടമ്മമാരെയോ, ഈ ലേഖകനേയോ ബന്ധപ്പെടുക. ചാറിനായി താളിക്കുമ്പോൾ വയറിൽ കുത്തിയ കാന്താരിമാരെ പ്രവേശിപ്പിക്കുക. മസാലയിൽ ആനുപാതികമായി മുളക് കുറയ്ക്കുവാൻ ശ്രദ്ധിക്കണം. മട്ടയരിച്ചോറിൽ മുട്ടച്ചാറൊഴിച്ചുണ്ണുമ്പോൾ പപ്പടം, കൊണ്ടാട്ടം എന്നിവ കൂട്ടിനു വേണം. ചാറിലെ കാന്താരിമാരെ തലങ്ങും വിലങ്ങും കടിക്കമൂലം കണ്ടമാനം വിലപിച്ച അനുഭവമുണ്ട്. ഇതുകൂടാതെ കാച്ചിയ മോരിൽ കാന്താരി, പുളിശ്ശേരിയിൽ കാന്താരി, മൊളകുവറുത്ത പുളിയിൽ കാന്താരി, ഉലവച്ചാറിൽ (ഇത് ആന്ധ്രയിലെ കൃഷ്ണ - ഗുണ്ടൂർ ജില്ലകളിൽ പ്രാബല്യത്തിലുള്ള ഒരു വിഭവമാണ്) കാന്താരി എന്നിങ്ങനെ പലതരം കറികളിൽ എവളുമാരെ പ്രവേശിപ്പിച്ച് ആഹാരപ്രക്രിയയിലെ ആക്രാന്തം വർദ്ധിപ്പിക്കാം.

കുതിർത്ത (പുഴുങ്ങിയതും ആവാം) നിലക്കടല, ചെറുപയർ, മാതളം, ചെറുതായി അരിഞ്ഞ ഉള്ളി, കാന്താരി, മല്ലിയില എന്നിവ ചേർത്ത മിശ്രിതം സീരിയൽ കാണുന്നവർക്ക് ഒരു ആരോഗ്യകരമായ 'സ്നാക്സ്' ആണ്. കാന്താരിയുടെ അളവുകൂട്ടിയാൽ സാന്ദർഭികമായി കണ്ണീരൊഴുക്കുവാൻ പ്രയാസമുണ്ടാകില്ല.

ഇതിനൊക്കെ പുറമെ ഏക തത്ത്വയുടെ പത്രാധിപർ പ്രസിദ്ധീകരണം അനുവദിക്കാനിടയില്ലാത്ത ഒരു വിഭവത്തെപ്പറ്റി ഒരു സൂചന നൽകി (കേരളത്തിലെ സർക്കാരിന്റെ പുതിയ നയത്തെ കണക്കിലെടുത്തുകൊണ്ട്) ഈ കുറിപ്പ് അവസാനിപ്പിക്കാം. ഇരുനൂറുമില്ലി (മധുരം കുറഞ്ഞ) നന്നാരി സോഡാ സർബത്തിൽ (പത്രാധിപർ അറിയാതെ) രണ്ടുതുടം വോഡ്കയൊഴിക്കുക - മുകളിൽ ഒരു ചീള് നാരങ്ങ, രണ്ടോ മൂന്നോ വയറിൽ കുത്തിയ കാന്താരിമാർ എന്നിവയെ നീന്താൻ അനുവദിക്കുക. ഈ പാനീയത്തെ മുറ്റത്തെ പുളിമരത്തണലിൽ ചാരുകസേരയിട്ടിരുന്ന് സിപ് ചെയ്ത് പുളിമരത്തിലെ ഇലകളെണ്ണുക. ആ അനുഭൂതി ലേഖകനുമായി ഷെയർ ചെയ്യുക.

***കുറിപ്പിന്റെ കുറിപ്പ്**

കാന്താരിമാരുടെ ഒരു ഭയങ്കരകാമുകനാകയാൽ എവളുമാരുടെ ഗുണങ്ങളെപ്പറ്റി എഴുതാൻ ഞാനാളല്ല. എവളുമാരെ കിട്ടാൻ വല്ലാത്ത പ്രയാസമാണ്. കഴിഞ്ഞ ഫെബ്രുവരിയിൽ കോഴിക്കോട് ചെന്നപ്പോൾ എന്റെ സുഹൃത്ത് മൂന്നാലു ചന്തകളിൽ എന്നേയും കൊണ്ടുചെന്ന് എവളുമാരെ തിരഞ്ഞ് ഗതികെട്ട് ഒടുവിൽ ഏതോ ഒരിടത്ത് സ്വർണംപോലെ സൂക്ഷിച്ചിരുന്ന അര കിലോ മുഴുവനായും നാനൂറ്റി അമ്പതുരൂപയ്ക്ക് മേടിച്ച്, ചെന്നൈയിൽ കൊണ്ടുവന്ന് ഒരു മാസക്കാലം സേവിച്ചതാണ് ഈയുള്ളവന്റെ സമീപകാല കാന്താരീ പ്രേമ ചരിത്രം. നന്മ നിറഞ്ഞ എവളുമാരെ നാട്ടാരൊക്കെക്കേറി പ്രേമിച്ചാലത്തെ സ്ഥിതിയൊന്ന് ആലോചിച്ചുനോക്കണം. അണ്ണാച്ചി പറഞ്ഞപോലെ 'രൊമ്പ കിരാക്കി' ആയിപ്പോകും. എന്നുവച്ച് ജനങ്ങളുടെ പ്രേമിക്കാനുള്ള (മൗലിക) അവകാശം നിഷേധിക്കാനാവുമോ?

ഒരു ഉപായം തോന്നുന്നു. ഈ മഴയവസാനിക്കുന്നതിനുമുമ്പ് മണ്ണുള്ളവർ മണ്ണിലും അല്ലാത്തവർ മട്ടുപ്പാവിലെ തൊട്ടികളിലും രണ്ടുമൂട് കാന്താരി നടുക. വെള്ളം, വളം, വെളിച്ചം എന്നിവ നൽകി പോഷിപ്പിക്കുക. മാസംതോറും ചെടിയൊന്നിന് അമ്പതുഗ്രാം വിളഞ്ഞാൽ നാല്പത്തഞ്ചു രൂപയുടെ ഉത്പന്നം കുടുംബം സേവിക്കുന്നതായി കരുതാം. കൃഷിയൽപ്പം വിപുലമാക്കിയാൽ വട്ടച്ചിലവിനുള്ള തുട്ടു തടയും. വിപുലമായ വിപണന സാധ്യതയുള്ള എവളുമാരെ ശ്രദ്ധിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കുടുംബശ്രീകളുടെ ഒരുവിഭാഗമായി 'കാന്താരിശ്രീ' ഉടലെടുത്തില്ലെങ്കിലേ അത്ഭുതമുള്ളു. അതു സംഭവിച്ചാൽ ഈയുള്ളവന്റെ കാന്താരീപ്രേമചാപല്യങ്ങൾ എന്താവുംന്ന്, ശിവ... ശിവ... ഒന്നൂഹിക്കാനേ വയ്യ ! ●

**അറിയിപ്പ്**

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**



അശോകൻ രാജീവം
9447533850

# ചിങ്ങമഴക്കാറിനോടെന്തു പറയും ?

ആ സ്റ്റേഷനിൽ ഏറിയാൽ അഞ്ചുമിനുട്ടേ ട്രെയിൻ നിറുത്തുകയുള്ളു എന്നാണ് വിനു പറഞ്ഞത്. ആ ഇത്തിരി നിമിഷത്തിനുള്ളിൽ തന്നെ ഒരുപാട് പേർ കയറാനും ഇറങ്ങാനുമുണ്ടാകും. തിരക്കിൽ പെട്ട് ഇറങ്ങാൻ കഴിയാതെ പോയാൽ പിന്നെ അടുത്ത സ്റ്റേഷനിലേ പറ്റൂ... അതാണെങ്കിൽ പത്തുപതിനെട്ട് കിലോമീറ്റർ അകലെയാണ്. അവിടിറങ്ങിയാൽ ഇന്റർവ്യൂവിന് കൃത്യസമയത്ത് എത്താൻ കഴിയില്ല...

ഈ ജോലി കിട്ടുമെന്ന് ഉറപ്പൊന്നുമില്ലെങ്കിലും അവർ പറയുന്ന സമയത്ത് അഭിമുഖത്തിനെത്താൻ കഴിയാതെ വന്നാൽ അതൊരു വല്ലാത്ത നഷ്ടമാകും. തിരക്കുപിടിച്ച ഈ മഹാനഗരത്തിൽ കൃത്യനിഷ്ഠ മാത്രം നോക്കി ജോലി നൽകുന്നവരും ഉണ്ട്. അടുത്ത സ്റ്റേഷൻ എത്തുവാൻ ഇനി വെറും എട്ടുമിനുട്ടേയുള്ളൂ...

ആരതി തന്റെ സർട്ടിഫിക്കറ്റടങ്ങിയ ഫയൽ മാറോട് അടുക്കിപ്പിടിച്ചുകൊണ്ട് തിരക്കിലൂടെ മുന്നോട്ട് നടന്നു. തിങ്ങിക്കൂടി നിൽക്കുന്ന ആളുകൾക്കിടയിലൂടെ എങ്ങനെ കടന്നുപോകുമെന്ന് ആർക്കും ശങ്ക തോന്നാമെങ്കിലും ബസ്സിനുള്ളിലെ തിരക്കുപോലെയല്ല തീവണ്ടിക്കുള്ളിലെ തിരക്ക്. എത്ര കനത്ത തിരക്കാണെങ്കിൽ പോലും അദൃശ്യമായൊരു സ്പേസ് ഒളിഞ്ഞിരിപ്പുണ്ടാകും അതിനുള്ളിൽ.

ആയിരക്കണക്കിന് ആളുകൾ ഈ വണ്ടിക്കുള്ളിലുണ്ടെങ്കിലും ഓരോരുത്തരും ഓരോ ലോകത്തായിരിക്കും. വീട്ടിലെ പാൽ കണക്കുമുതൽ മോദിയുടെ വിദേശയാത്രവരെ ഇതിനുള്ളിൽ ചർച്ചാവിഷയമാകാറുണ്ട്.

ജാതിമത ഭേദമില്ലാതെ കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ ഇത്രയധികം ആളുകൾ ഇരിക്കുകയും കിടക്കുകയും ഉണ്ണുകയും ഉറങ്ങുകയും ചെയ്യുന്ന ലോകം വേറെവിടെയാണുണ്ടാവുക ?

ആരതി എങ്ങനെയൊക്കെയോ തപ്പിത്തടഞ്ഞ് അടുത്ത സ്റ്റേഷനിൽ ഇറങ്ങാൻ വെമ്പി നിൽക്കുന്നവരുടെ കൂട്ടത്തിലെത്തി. വണ്ടി വേഗത കുറച്ചിരിക്കുകയാണ്. ഇനിവെറും മൂന്നുമിനുട്ടിനുള്ളിൽ താൻ നിൽക്കുന്ന കമ്പാർട്ടുമെന്റ് പ്ലാറ്റ്ഫോമിന്റെ അരികിലെത്തും. മുന്നിൽ ആറുപേരേയുള്ളു. ഏഴാമത്തെയാളായി വേഗമിറങ്ങണം.

കയറുന്നവർ തിക്കിത്തിരക്കും. അതിന്നിടയിൽ വാനിറ്റി ബാഗ് ആരും തട്ടിപ്പറിക്കാതെ നോക്കണം. അതിനുവേണ്ടി മാത്രം തിരക്ക് അഭിനയിക്കുന്നവരുണ്ടാകും. സൂക്ഷിക്കണം - എന്ന് വിനു പ്രത്യേകം ഓർമ്മിപ്പിച്ചിരുന്നു. പെട്ടെന്ന് തൊട്ടടുത്ത് നിൽക്കുന്ന ഒരു തടിച്ച സ്ത്രീ തന്റെ തോളിൽ തോണ്ടിയതുപോലെ ആരതിക്ക് തോന്നി. അവൾ വേഗം തന്നെ ബാഗ് തന്റെ നെഞ്ചോട് ചേർത്തുപിടിച്ചു. വീണ്ടും ആ സ്ത്രീ ആരതിയെ തോണ്ടിവിളിച്ചു.

"എന്താ ?" അവൾ കടുപ്പിച്ചൊരു നോട്ടത്തോടെ ചോദിച്ചു.

അവർ തന്റെ വലതുകയ്യിലെ പെരുവിരലുയർത്തി അവരുടെ പിന്നിലുള്ള ആൾക്കൂട്ടത്തിലേക്ക് ചൂണ്ടി. ആരതി അവർ ചൂണ്ടിക്കാണിച്ച ഭാഗത്തേക്ക് തിരിഞ്ഞുനോക്കി. ആരാണാവോ ?

"ഏയ്, ആർതീ..."

വളരെ പരിചിതമായ ശബ്ദമാണല്ലോ ? പക്ഷെ, ഇവിടെയാരാണ് തന്നെ അറിയുക ?

"ഹലോ... ഹിയർ ആർതി..."

അവൾ ശരിക്കും അത്ഭുതപ്പെട്ടുപോയി ! ആൾക്കൂട്ടത്തിന്നുള്ളിൽ മുകുന്ദൻ ! പാലക്കാട്ടുള്ള ശ്രീഹരി അമ്മാവന്റെ മകനാണ് മുകുന്ദൻ. എൽ. പി. സ്കൂൾ വരെ ഒപ്പം പഠിച്ചവനാണ്. നാലാം ക്ലാസ്സ് കഴിഞ്ഞപ്പോൾ ശ്രീഹരി അമ്മാവന്റെ സ്ഥലംമാറ്റത്തിനനുസരിച്ച് അവന്റെ പഠിത്തവും നഗരത്തിലേക്കായി. പത്താം ക്ലാസ്സുവരേയ്ക്കും ഇടക്കൊക്കെ വീട്ടിൽ വരുമായിരുന്നു. സതിയമ്മായി നല്ല സ്വഭാവമാണ്. അമ്മാവൻ ശരിക്കുമൊരു പൊങ്ങച്ചക്കുടുക്കയായിരുന്നു.

"എന്താ മിഴിച്ചുനോക്കുന്നേ ആർതീ... ? ഡു യൂ ഫോർഗോട്ട് മീ ?" മുകുന്ദൻ തൊട്ടുമുന്നിൽ നിന്നുചിരിച്ചു.

"മുകുന്ദൻ... നീയാള് തടിച്ചുവീർത്തിരിക്കുന്നല്ലോ ?"

"ഓ മൈ ഗോഡ്, ആർതിക്കെന്നെ ഓർമ്മയുണ്ടല്ലേ ? ഭാഗ്യം ! ബൈ ദ ബൈ... ആർതി എങ്ങോട്ട് പോകുന്നു. ഓ സോറി, ആർതീയെന്താ ഇവിടെ ?"

"ശ്ശേ മുകുന്ദൻ ആർതിയെന്നല്ല ആരതിയെന്നു വിളിക്കൂ. ഞാനിവിടെ ഒരു ഇന്റർവ്യൂവിന്..."

അതിന്നിടയിൽ ഒരു കൂട്ടം ആളുകൾ തിക്കിത്തിരക്കി ഉള്ളിലേക്ക് കയറിവന്നു. അവൾ കഴിവതും ഒഴിഞ്ഞുനിന്ന് തിരക്കിന് വഴി മാറിക്കൊടുത്തു. അപ്പോൾ വണ്ടിയുടെ വേഗത കൂടിക്കൂടി വരുന്നതും, തനിക്കിറങ്ങേണ്ടിയിരുന്ന സ്ഥലത്തിന്റെ പേരെഴുതിയ ബോർഡും പ്ലാറ്റ്ഫോമിലെ ആളുകളുമെല്ലാം പിന്നിലേക്ക് ഒഴുകിപ്പോകുന്നതായി അവൾ കണ്ടു.

"എന്റെ ഭഗവതീ, എനിക്ക് ഇവിടെ ഇറങ്ങണമായിരുന്നു. ശ്ശേ!"

അവളുടെ മുഖത്തെ വ്യസനവും നിരാശയും കണ്ട് മുകുന്ദന് കുറ്റബോധം തോന്നി.

"ആർതിക്ക്... സോറി, ആരതിക്ക് എവിടെയാണ് പോകേണ്ടത്? ടെൽമീ... ഐ ക്യാൻ ഹെൽപ്പ് യൂ."

ഇല്ല ഏത് ചെകുത്താനും തന്നെ സഹായിക്കാൻ കഴിയില്ല. അവളുടെ മിഴികൾ നിറഞ്ഞു. തന്റെ സമയം ശരിയല്ല. അത്രന്നെ... അതിന് മറ്റൊരാളെ പഴിച്ചിട്ടെന്തു കാര്യം ? വണ്ടി അടുത്ത സ്റ്റേഷൻ ലക്ഷ്യമാക്കി ശരവേഗത്തിൽ പാഞ്ഞുകൊണ്ടിരുന്നു.

"സോറി ആരതീ, ഞാൻ കാരണം... പഴയ കൂട്ടുകാരിയെ അവിചാരിതമായി നേരിട്ടു കണ്ടപ്പോൾ ഒന്നു വിളിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഐ ആം എക്സ്ട്രീമിലി സോറി..."

"ഓ സാരമില്ല മുകുന്ദൻ..."

അത്രയെങ്കിലും പറയാതിരിക്കുന്നതെങ്ങിനെ... ഇതും കൂടി അറ്റൻഡ് ചെയ്തിരുന്നെങ്കിൽ സെഞ്ചുറി ആയേനേ... അത്രേയുള്ളൂ... എത്രയോ വട്ടം നൂറുതികയ്ക്കാതെ നമ്മുടെ സച്ചിൻ പുറത്തായിരിക്കുന്നു. അവൾക്ക് തന്റെ അവസ്ഥയോർത്ത് ചിരിക്കണോ കരയണോ എന്നുതോന്നി.

"ബൈദബൈ... ആരതി എന്റെ പേര് മുകുന്ദൻ എന്നല്ല"

"പിന്നെ ? ചെറുപ്പത്തിൽ അതായിരുന്നല്ലോ പേര് ? അതുമാറ്റിയോ? അതുനല്ല പേരല്ലേ? ഭഗവാന്റെ നാമമല്ലേ ? അതോ മതം തന്നെ മാറിയോ ? കമലാദാസ് കമലാ സുരയ്യ ആയതുപോലെ..."

"ഏയ്, അത്രയ്ക്കൊന്നുമില്ല. മുകുന്ദൻ എന്നത് അൽപ്പം ഷോർട്ടാക്കി. എം. യു. കുന്ദൻ എന്ന്. ഹൗ ഈസ് ഇറ്റ് ?"

ആരതിക്ക് എത്ര നിയന്ത്രിച്ചിട്ടും അടക്കാനായില്ല. ചിരിച്ചുപോയി. അൽപ്പം ഉറക്കെത്തന്നെ. ചുറ്റും ആളുകൾ ശ്രദ്ധിക്കുന്നല്ലോ എന്നോർത്തപ്പോൾ വിരലുകൾ കൊണ്ട് മറച്ച് പിന്നിലേക്ക് പോകുന്ന കാഴ്ചകളിലേക്ക് മിഴികൾ തിരിച്ചു. മുകുന്ദൻ നിന്നു പരുങ്ങുന്നത് അവൾ കാണുന്നുണ്ടായിരുന്നു.

"എന്താ ആരതി, എം. യു. കുന്ദൻ നല്ല പേരല്ലേ ?"

"ഉം നന്നായിട്ടുണ്ട്. ഏതോ ഒരു പഴയ സിനിമയിൽ ശ്രീനിവാസന്റെ മാധവൻ എന്ന പേര് ഇതുപോലെ മാറ്റുന്നുണ്ട് - എം. എ. ധവാൻ എന്ന്. നല്ല ചേർച്ചയുണ്ട്. ഒരു നോർത്തിന്ത്യൻ ടച്ച്."

"യെസ്, ദാറ്റ്സ് കറക്ട്... യൂ ക്യാച്ചിറ്റ്"

അയാളുടെ നിർത്തിനിർത്തിക്കൊണ്ടുള്ള സംസാരത്തിൽ ആസ്വദിച്ചുകൊണ്ടിരിക്കെ വണ്ടിയുടെ വേഗത പതുക്കെ പതുക്കെ കുറയുന്നതായി അവളറിഞ്ഞു. അടുത്ത നിമിഷം വണ്ടി ഏതോ ഒരു കൊച്ചു സ്റ്റേഷനിൽ നിൽക്കുക തന്നെ ചെയ്തു. പെട്ടെന്ന് വണ്ടിക്കുള്ളിൽ ഒരു കടന്നൽ കൂട് ഇളകിയതുപോലെ തോന്നി. ആളുകൾ പരസ്പരം എന്തൊക്കെയോ ചോദിക്കുകയും പറയുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ സ്റ്റേഷനിൽ വണ്ടി നിറുത്തുക പതിവില്ലത്രേ ! എന്തുപറ്റി ? അവൾ മുകുന്ദനെ നോക്കി.

"വെയിറ്റ് എ മിനുട്ട്"

അയാൾ അവളുടെ നേരെ ഒരു ചെറുവിരൽ ഉയർത്തി കാണിച്ചിട്ട് തന്റെ പോക്കറ്റിൽ നിന്നും മൊബൈലെടുത്ത് ആർക്കോ ഫോൺ ചെയ്തു. ഹിന്ദിയിലോ മറാത്തിയിലോ ഏതോ ഒരു ഭാഷയിലാണയാൾ സംസാരിച്ചത്. ആരതിക്ക് നെഞ്ചിടിപ്പ് കൂടി. വിനുവിനോടെന്തു പറയും ?

ആദ്യത്തെ സ്റ്റേഷൻ കൈവഴുതിയപ്പോഴേ വിചാരിച്ചതാണ് അടുത്ത സ്റ്റേഷനിൽ ഇറങ്ങി ഒരു ടാക്സിയെങ്കിലും പിടിച്ച് ഇന്റർവ്യൂ നടക്കുന്നിടത്ത് എത്തണം എന്ന്...

ജോലി കിട്ടുമോ ഇല്ലയോ എന്നൊന്നും താനറിയേണ്ട. എങ്ങനെയെങ്കിലും കൃത്യസമയത്ത് അവിടെ എത്തിയാൽ മതി. അഞ്ചുമിനുട്ട് വൈകിയാൽ പോലും അകത്തുകടക്കാൻ പറ്റില്ല. അത്രയും കർശനമാണവിടെ... വിനുവിന്റെ വാക്കുകൾ കാതുകളിൽ മുഴങ്ങി.

അനുജത്തിയുടെ ഭർത്താവാണ് വിനു. തങ്ങളുടെ കുടുംബത്തിനുവേണ്ടി ഒരുപാട് കഷ്ടപ്പെടുന്നുണ്ട്. ഒരു അപകടത്തിൽപ്പെട്ട് അച്ഛൻ മരിക്കുമ്പോൾ തനിക്ക് വെറും പത്തുവയസ്സേ ഉണ്ടായിരുന്നുള്ളൂ. താനടക്കം പറക്കമുറ്റാത്ത നാല് പെൺകുട്ടികളേയും കൊണ്ട് അമ്മ പിന്നീടുള്ള കാലം പൊരുതി ജീവിക്കുകയായിരുന്നു.

തന്നാലാവുംവിധം താനും മുണ്ടുമുറുക്കിയുടുത്തുകൊണ്ട് തന്നെ ജീവിച്ചു. പഠിത്തത്തിനോടൊപ്പം തന്നെ അടുക്കളപ്പണിയും തുന്നലും ട്യൂഷനുമൊക്കെയായി അമ്മയ്ക്കൊരു താങ്ങായിത്തന്നെ നിന്നു.

പശുക്കളേയും കോഴികളേയും വളർത്തിക്കൊണ്ട് അമ്മ പാടത്തുപണിക്കും പോകുന്നുണ്ടായിരുന്നു. താൻ വലുതാകുമ്പോഴേക്കും പാടങ്ങളിൽ യന്ത്രങ്ങൾ ഇറങ്ങിയതിനാൽ ആ വഴി അടഞ്ഞു.

എഴുതാത്ത ജാതകത്തിലെ ഇല്ലാത്ത ചൊവ്വാദോഷം പറഞ്ഞ് വരുന്ന ആലോചനകളെല്ലാം അനുജത്തിമാർക്കാക്കി മാറ്റിക്കൊണ്ട് മൂന്നുപേരേയും ഒരുവിധം നല്ല നിലയിൽ വിവാഹം കഴിപ്പിച്ചയച്ചു.

മൂന്നാമത്തെ അനുജത്തിയുടെ ഭർത്താവാണ് വിനു. വിനുവിന് തന്നേക്കാൾ രണ്ടുവയസ്സിന്റെ മൂപ്പുണ്ട്. കോളേജിൽ തന്റെ സീനിയറായിരുന്നുവത്രേ ! അന്നേ തനിക്കുനേരെ ഒരു സഹാനുഭൂതിയുണ്ടായിരുന്നു. താനറിയാതെ തന്റെ കുടുംബപശ്ചാത്തലം വന്നന്വേഷിച്ച് മനസ്സിലാക്കിയിരുന്നു പോലും..

ബിരുദം കഴിഞ്ഞ് മിലിട്ടറിയിൽ ചേർന്ന് പത്ത് വർഷങ്ങൾക്കുശേഷം നാട്ടിൽ വന്നത് തന്നെ വിവാഹം ചെയ്യണമെന്ന ആഗ്രഹവുമായിട്ടായിരുന്നു. നാലാമത്തവൾ ഗീതു മറ്റുരണ്ടുപേരെ പോലെയായിരുന്നില്ല. ചേച്ചിയെ വിവാഹം കഴിപ്പിച്ചയച്ചിട്ടേ താൻ വിവാഹം കഴിക്കൂ എന്ന വാശിയിലായിരുന്നു. ഇരുപത്തിയാറു കഴിഞ്ഞ അവളേയുകൂടി ഒരു കയ്യിൽ ഏൽപ്പിച്ചാൽ പിന്നെ സമാധാനത്തോട കണ്ണടയ്ക്കാമെന്ന് പറയാറുണ്ടായിരുന്ന അമ്മയും ഒടുവിൽ വാക്കുതെറ്റിച്ചു. തങ്ങളെ രണ്ടുപേരേയും തനിച്ചാക്കി അമ്മയും യാത്രനിറുത്തി തിരിച്ചുപോയി.

ഗീതുവിനെ സുരക്ഷിതമായൊരിടത്ത് ഏൽപ്പിക്കേണ്ടത് പിന്നെ തന്റെ മാത്രം അത്യാവശ്യമായി തീർന്നു. വിനുവിന് അത് മനസ്സിലാക്കാനുള്ള പക്വതയും ഉണ്ടാ

യിരുന്നു. വിനുവിന്റെ കൈയും പിടിച്ച് ഗീതുവും മുംബൈയിലേയ്ക്ക് വണ്ടി കയറിയപ്പോൾ താനും കുറച്ച് കോഴികളും പശുക്കളും മാത്രം തനിച്ചായി.

അനിയത്തിമാരുടെ ഭർത്താക്കൻമാരായിരുന്നെങ്കിലും കൂടപ്പിറപ്പുകളേക്കാൾ സ്നേഹമുള്ള വരായിരുന്നു മൂന്നുപേരും. ഒരു മൂത്ത സഹോദരിയെപ്പോലെ അവർ തന്നെ സ്നേഹിച്ചു. എങ്കിലും ഏറ്റവും കൂടുതൽ കരുതലും തന്റെ ജീവിതത്തെക്കുറിച്ചുള്ള ആധിയും വിനുവിനായിരുന്നു.

ചിങ്ങമാസത്തെ വെയിൽ മേഘങ്ങൾ പോലെയാണ് മറ്റുള്ള വരുടെ സ്നേഹമെങ്കിൽ ഓണത്തിനിടയ്ക്ക് പെയ്യാതെ നിൽക്കുന്ന മഴമേഘം പോലെയാണ് വിനുവിന്റെ സ്വഭാവം. അപ്രതീക്ഷിതമായിട്ടായിരിക്കും ഇരുണ്ടുകൂടുക. ചില പ്പോൾ പെയ്തേക്കും അല്ലെങ്കിൽ ഒരു ചെറുകാറ്റുതട്ടിയാൽ ഒട്ടും പെയ്യാതെ എങ്ങോ മറഞ്ഞുപോയെന്നും വരും. ആർക്കും മുൻകൂട്ടി നിർവ്വചിക്കാനാവാത്ത പ്രകൃതം.

പെട്ടെന്ന് ആരതിയുടെ കയ്യിലെ ഫോൺ റിങ്ങ് ചെയ്തു. മുകുന്ദനെ നോക്കിയപ്പോൾ അയാൾ ഫോണിൽ ആരോടോ സംസാരിക്കുകയാണ്. അവൾ ഫോൺ കാതോട് ചേർത്തു.

"ഹലോ, ആരതീ, ഇന്റർവ്യൂ ഹാളിന് പുറത്താണോ ? എത്ര പേരുണ്ട് ?"

"ഹലോ വിനു..." അവളുടെ ശബ്ദം ചിതറി. എന്തുപറയും ?

"ഓക്കെ, ഐ അണ്ടർസ്റ്റാന്റ്... അവിടെ സംസാരിക്കാൻ പറ്റില്ല അല്ലേ ? ഞാൻ വാട്സ് അപ്പിൽ ഒരു ഫോട്ടോയും അഡ്രസ്സും ഇടാം. അതിലുള്ള ആളാണ് ഇന്റർവ്യൂ ചെയ്യുന്നതെങ്കിൽ ഞാൻ തന്ന ലെറ്റർ അദ്ദേഹത്തിന് കൊടുക്കണം. വിഷ് യൂ ആൾ ദി ബെസ്റ്റ്...!"

അവൾ എന്തെങ്കിലും പറയും മുമ്പേ ഫോൺ ഡിസ്കണക്റ്റ് ആയി. അവളുടെ മുഖത്തെ പരവേശം കണ്ട് മുകുന്ദൻ ചോദിച്ചു - "ഏയ്, എനിതിംഗ് സീര്യസ് ? ആരാ ഫോണിൽ?"

"നോ, നതിംഗ് മുകുന്ദൻ... പ്ലീസ് ലീവ് മീ എലോൺ..."

"ഓകെ, ഓകെ. ഐ നോ യൂ... സീ ആരതീ ട്രെയിൻ ഇനിയും അരമണിക്കൂർ കഴിഞ്ഞേ പോകൂ... വഴിയിലെന്തോ പ്രോബ്ലം... സിഗ്നൽ കിട്ടുന്നില്ലത്രേ..."

ഈ ഭൂമി പിളർന്ന് താനും ഈ വണ്ടിയുമടക്കം അകത്തേക്ക് വീണുപോയാലും ഇതിലും വലിയ ദുരന്തം വരാനില്ല എന്ന വേദന യോടെ അവൾ നെറ്റിത്തടം വിരലുകൾകൊണ്ട് അമർത്തി തടവി.

"സീ ആരതീ..." അവൾക്ക് അയാളേ ഞെരിച്ചുകൊല്ലാനുള്ള ദേഷ്യം തോന്നി. ഇവനൊറ്റൊരുത്തൻ കാരണമാണ് തനിക്ക് ആ സ്റ്റേഷൻ മിസ്സായത്. ഇതാ ഇവിടിപ്പോൾ ബ്ലോക്കിലും പെട്ടിരിക്കുന്നു. പാപി ചെല്ലുന്നിടം പാതാളം എന്ന് കേട്ടിട്ടേയുള്ളൂ... തന്റെ ജീവിതത്തിൽ ഇതെന്നും പതിവാണ്...

"എന്താ മുകുന്ദൻ ? സോറി, എം. യു. കുന്ദൻ... എന്നെയൊന്നു വെറുതെ വിട്ടുകൂടെ ? ഞാനൽപ്പം ടെൻഷനിലാണ്... പ്ലീസ്..."

"ഓകെ സോറി ആരതീ... ഞാൻ പറയുന്നത്... ഈ മുംബൈ നഗരത്തിൽ നിങ്ങൾ ആദ്യമായിട്ടായിരിക്കും ബട്ട്... ഞാൻ വിചാരിച്ചാൽ ചിലപ്പോൾ നിങ്ങളെ സഹായിക്കാൻ പറ്റിയെന്നുവരും. കഴിഞ്ഞ ഇരുപത് വർഷങ്ങളായി ഞാനിവിടെയുണ്ട്."

അവൾ ഒന്ന് നിശ്വസിച്ചു. ഏതായാലും വൈകി. ചിലപ്പോൾ ഇയാൾ പറയുന്നത് ശരിയായിരിക്കും. തന്നെ സഹായിക്കാൻ കഴിഞ്ഞെന്നുവരും. ഒന്നുമില്ലെങ്കിൽ തന്റെ നാട്ടുകാരനല്ലേ ? സഹപാഠി, ബന്ധു... ഛേ ! വെറുതെ ദേഷ്യപ്പെടേണ്ടിയിരുന്നില്ല... ആദ്യമായിട്ട് കണ്ടതിന്റെ ആവേശത്തിൽ രണ്ടാളും സംസാരിച്ചുനിന്നതുകൊണ്ട ല്ലേ... പോട്ടെ, സാരമില്ല... ഇതല്ലെങ്കിൽ വേറൊരു ജോലി... മുകുന്ദൻ വിചാരിച്ചാൽ തനിക്കൊരു ജോലി ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാവില്ല... അവൾ ചിരിക്കാൻ ശ്രമിച്ചു.

"ബൈ ദ ബൈ ആരതീ... ഈ ട്രെയിനിൽ എന്റെ അമ്മയും അനുജത്തിയുമുണ്ട്. ഇഫ് യൂ ഡോണ്ട് മൈൻഡ് അടുത്ത സ്റ്റേഷനിൽ ഇറങ്ങീട്ട് അവരെയൊന്നു പരിചയപ്പെടുന്നതിൽ..."

ആരതിക്ക് അയാളുടെ നിൽപ്പും ഭാവവും കണ്ടപ്പോൾ ശരിക്കും ചിരിവന്നുപോയി. ഇന്റർവ്യൂ മിസ്സായതിന്റെ പേരിൽ വിനുവിന്റെയും ഗീതുവിന്റേയും മുമ്പിൽ ഒരു കൊച്ചുകുട്ടിയെപ്പോലെ തലയും കുമ്പിട്ട് നിൽക്കേണ്ടി വരുന്നതിന്റെ ജാള്യതയോർത്ത് ആധി കൊള്ളുന്നതിനിടയ്ക്കാണ് ഇവന്റെ കുടുംബത്തെ പരിചയപ്പെടുന്നത്.

അവൾ എന്തുപറയണം എന്നറിയാതെ അൽപനേരം അയാളുടെ കണ്ണുകളിലേക്ക് മിഴിച്ചു നോക്കിക്കൊണ്ട് നിന്നു. അപ്പോഴേക്കും ട്രെയിൻ വീണ്ടും ചലിച്ചുതുടങ്ങി. ഇരുപത് മിനുട്ടിനുള്ളിൽ വണ്ടി അടുത്ത സ്റ്റേഷനിൽ എത്തി. സമയം പന്ത്രണ്ടു മണിയായിരിക്കുന്നു. ഇനി ഏതായാലും പോയിട്ട് കാര്യമില്ല. തിരക്കിലൂടെ ഞെങ്ങി ഞെരുങ്ങി താഴെയിറങ്ങുമ്പോൾ തൊട്ടുപിന്നാലെ മുകുന്ദനും ഇറങ്ങി.

"ആരതീ... പ്ലീസ്..."

അപരിചിതമായ ഒരു ദിക്കിൽ വെറുതെ വാശിപിടിച്ചു നിൽക്കേണ്ട എന്നുകരുതി അവൾ അയാൾക്ക് പിന്നാലെ പതുക്കെ നടന്നു. കറുത്ത ഗ്ലാസ്സുകൾ കൊണ്ട് അടച്ചുപൂട്ടിയ ഒരു എ. സി. കമ്പാർട്ടുമെന്റിന്റെ അകത്തുനിന്നും മുകുന്ദന്റെ അമ്മ സതി അമ്മായിയും ഒരു നീണ്ടുമെലിഞ്ഞ പെൺകുട്ടിയും ഇറങ്ങിവന്നു.

സതി അമ്മായിക്ക് യാതൊരു വിധ മാറ്റവും ഉള്ളതായി തോന്നിയില്ല. തടിച്ചിട്ടുമില്ല മെലിഞ്ഞിട്ടുമില്ല. അതേ ശരീരപ്രകൃതം. സ്വർണ്ണനിറമുള്ള അവരുടെ നെറ്റിയിൽ ഒരു ചെറിയ ചന്ദനക്കുറി മാത്രം വിയർപ്പിൽ നനഞ്ഞു കുതിർന്നിരുന്നു.

മുകുന്ദന്റെ അനിയത്തി ശരിക്കുമൊരു ഗ്രാമീണ പെൺകൊടി പോലെത്തന്നെയുണ്ട്. നല്ല മുഖശ്രീയുള്ള പെൺകുട്ടി.

"ഓർമ്മയുണ്ടോ മോളേ?"

"എന്താ അമ്മായി അങ്ങനെ ചോദിച്ചത്...? ഇത് ശബരിയല്ലേ... വല്യ ആളായിപ്പോയി... അമ്മാവൻ?"

"അച്ഛൻ മരിച്ചു. നാലുവർഷമായി... ഞങ്ങൾ മലേഷ്യയിലായിരുന്നു... മുകുന്ദേട്ടൻ മാത്രം ഇവിടെ... മുംബൈയിൽ"

ശബരിയുടെ ഭാഷയ്ക്കും നല്ല ഭംഗിയുണ്ട്...

"മോളിവിടെ ?"

"ഒരു കമ്പനീല് ഇന്റർവ്യൂ..."

"അത് ഞാൻ കാരണം മിസ്സായമ്മേ... ഇനീപ്പോ വേറെ ഏതെ

ങ്കിലും നോക്കാമെന്ന് ഞാൻ പറഞ്ഞിട്ടും വിശ്വാസം പോര...''

''അതെന്തിന് ? നിന്റെ ഏതെങ്കിലും കമ്പനീൽ നോക്കരുതോ ? നോക്കു മോളേ... ഇവനിവിടെ ഒരുപാട് ബിസിനസ്സ് സ്ഥാപനങ്ങളുണ്ട്. മോൾക്കിഷ്ടമുള്ളതിൽ ജോയിൻ ചെയ്തോളൂ... എന്താടാ?''

ആരതിക്ക് മുകുന്ദനോട് എന്തെന്നില്ലാത്ത ബഹുമാനം തോന്നിപ്പോയ നിമിഷം.

''ഓ, അതൊക്കെ പിന്നത്തെ കാര്യം. മോളിന്ന് ഇനി ഫ്രീയല്ലേ ? വരൂ നമുക്ക് ഇവന്റെ ഫ്ളാറ്റിലേക്ക് പോകാം... എനിക്ക് ഒരുപാട് സംസാരിക്കാനുണ്ട്...''

''വേണ്ട അമ്മായി. ഞാനിവിടെ അനിയത്തി ഗീതുവിന്റെ കൂടെയാണ് താമസം... എനിക്കിന്നു തന്നെ തിരിച്ചുപോകണം... വൈകിയാൽ അവൾ വിഷമിക്കും.''

വിനുവിന്റെ ശുപാർശ കൊണ്ടുമാത്രം കിട്ടുമായിരുന്ന ഒരു നല്ല ജോലി തന്റെ അശ്രദ്ധ കാരണം താൻ തന്നെ നഷ്ടപ്പെടുത്തിയതുകൊണ്ട് ആകെ ദേഷ്യപ്പെട്ടിരിക്കുകയാവും വിനുവും ഗീതുവും... അവൾ നിസ്സഹായതയോടെ മുകുന്ദനെ നോക്കി.

''അത് വേണ്ടമ്മേ... നമുക്ക് ആരതിയോടൊപ്പം അനുജത്തിയുടെ വീട്ടിൽ പോകാം. ആരതിയെ ഒറ്റയ്ക്ക് വിട്ടാലും ശരിയാകില്ല. ഞാൻ കാരണം നഷ്ടപ്പെട്ട ജോലി ഞാൻ തന്നെ ശരിയാക്കി കൊടുക്കാമെന്ന് അവരോട് പറയുകയും ആവാം... എന്താ ?''

അത് നല്ലൊരു ഉപായമാണെന്ന് അവൾക്കും തോന്നി. ഏതായാലും ഇവരുടെ മുമ്പിൽ വെച്ച് വിനു ദേഷ്യപ്പെടില്ല. ഗീതുവിനും സന്തോഷമാകും. പിന്നെ ഇവരുടെ ജോലി... അതുവേണോ വേണ്ടയോ എന്ന് പിന്നീട് തീരുമാനിക്കാം...

അടുത്ത നിമിഷം എവിടെ നിന്നോ ഒരു ബി. എം. ഡബ്ല്യൂ കാർ അവരുടെ അരുകിലേക്ക് ഒഴുകി വന്നു. ശബരിയ്ക്കും സതി അമ്മായിക്കും ഇടയിൽ അവളിരുന്നു. മുൻ സീറ്റിലിരുന്ന് മുകുന്ദൻ ഡ്രൈവർക്ക് നിർദ്ദേശം കൊടുത്തുകൊണ്ടിരുന്നു.

ആ സമയം ആരതിയുടെ ഫോൺ റിങ് ചെയ്തു. അവൾ സ്ക്രീനിൽ നോക്കി വിനുവാണ്. ഇന്റർവ്യൂ വിശേഷങ്ങൾ അറിയാൻ വിളിക്കുകയാവും. അവൾക്ക് തൊണ്ട വരളുന്നതുപോലെ തോന്നി... എന്തുപറയും ?

''ആരാ മോളെ ?'' സതി അമ്മായിയുടെ ചോദ്യം കേട്ട് അവളൊന്ന് ഞെട്ടി.

''അത് വീട്ടീന്നാണ്.''

''ഗീതുവാണോ ? സംസാരിച്ചോളൂ''

''വേണ്ട, നമ്മൾ അവിടേക്ക് തന്നെയല്ലേ?'' അവൾ വേഗം ഫോൺ നിശബ്ദമാക്കി.

ഗീതുവിന്റെ അപ്പാർട്ട്മെന്റിനുകീഴിൽ അവരെ ഇറക്കിവിട്ട് കാർ പാർക്കിംഗ് ഏരിയായിലേക്ക് ഒഴുകിപ്പോയി. അവർ ലിഫ്റ്റിൽ കയറി.

ആരതിയുടെ ഹൃദയം പെരുമ്പറ കൊട്ടാൻ തുടങ്ങി. ഛേ, വിനുവിനോട് ഒന്ന് സൂചിപ്പിക്കാമായിരുന്നു. ഇവർ കൂടെ വരുന്ന കാര്യം... ഇന്റർവ്യൂവിന് ചെല്ലാത്ത കാര്യം ഇതിനകം വിനു അറിഞ്ഞിട്ടുണ്ടാകും. ഇവരുടെ മുമ്പിൽ വെച്ച് പെട്ടെന്ന് പൊട്ടിത്തെറിക്കുമോ ? വിനു ഫ്ളാറ്റിലുണ്ടാവരുതേ... ഭഗവതീ...

എഫ് ഫോർബിയുടെ വാതിൽക്കൽ അവർ നിന്നു. മുകുന്ദനാണ് കോളിംഗ് ബെൽ അടിച്ചത്. ആരോ വാതിൽ തുറന്നു. ആരതി സതി അമ്മായിയുടെ പിറകിലേക്ക് ഒതുങ്ങിനിന്നു.

''അമ്മായീ എന്നെ ഓർമ്മയുണ്ടോ... വരൂ... വരൂ... അകത്തേക്ക് വരൂ... ചേച്ചിയെ എവിടുന്ന് കിട്ടി ?''

ആരതി മുഖമുയർത്തിയതേയില്ല... ഗീതു അവരെ അകത്തേക്ക് ആനയിച്ച് വാതിലടച്ചു.

''ചേച്ചീ... അകത്തെ മുറിയിലേക്ക് പൊയ്ക്കോളൂ.''

ഗീതുവിന്റെ ശബ്ദത്തിൽ ഒരു കള്ളച്ചിരി ഒളിഞ്ഞിരിപ്പുണ്ടായിരുന്നോ... ? അവൾ അകത്തേക്ക് നടന്നു. മുറിയുടെ വാതിൽ തുറന്നതും മായയും സീതയും അവളുടെ മുമ്പിൽ... ഒപ്പം അവരുടെ മക്കളും...

വല്യമ്മേ എന്നു വിളിച്ചുകൊണ്ട് മായയുടെ മകൾ ഉണ്ണി ആരതിയുടെ തോളിൽ തൂങ്ങി.

''മക്കളേ... നിങ്ങളൊക്കെ എപ്പോൾ വന്നു...?''

അവൾക്ക് ആശ്ചര്യം അടക്കാനായില്ല. മായയുടെ ഭർത്താവ് വേണു ഡൽഹിയിലാണ്. അവർക്ക് രണ്ട് മക്കളാണുള്ളത്. സീതയും ഭർത്താവ് ഉണ്ണിയും ചെന്നൈയിലാണ്. അവർക്ക് ഒരു മകളേയുള്ളൂ... ഇതെന്താ എല്ലാവരും എത്തിയിരിക്കുന്നത്...? ചിലപ്പോൾ താനിവിടെ വന്നതുകൊണ്ടാവും അതേതായാലും നന്നായി. ഒന്നിച്ചെല്ലാവരേയും ഒന്ന് കാണാൻ കഴിഞ്ഞല്ലോ... അവൾക്ക് എന്തെന്നില്ലാത്ത ഉൻമേഷം തോന്നി. വേണുവും ഉണ്ണിയും അകത്തേക്ക് കയറിവന്നപ്പോൾ ആരതി എഴുന്നേറ്റ് നിന്നു.

''ചേച്ചീ... ഇന്റർവ്യൂ എന്തായി...?''

''അതു പിന്നെ...''

അവൾ വാക്കുകൾക്കായി പരതി. അപ്പോഴേക്കും വിനു കടന്നുവന്നു. ''ഓ, പോയതു പോകട്ടെ... ഇന്നിപ്പോൾ നമ്മളെല്ലാവരും കൂടി ഒത്തുചേർന്നിരിക്കുവല്ലേ... ഈ നേരത്ത് അതിനെ ച്ചൊല്ലി ഒരു സംസാരം വേണ്ട. അവിടെ ഒരു ഫാമിലി ഇരിക്കുന്നുണ്ട് ഹാളിൽ. വരിൻ നമുക്ക് അങ്ങോട്ട് പോകാം...''

വേണുവും ഉണ്ണിയും വിനുവിനോടൊപ്പം ചിരിച്ചുകൊണ്ട് ഹാളിലേക്ക് നടന്നു. ആരതിക്ക് അവരുടെ മുമ്പിൽ വല്ലാത്ത ജാള്യത തോന്നി. പോകുന്ന പോക്കിൽ വേണു തിരിഞ്ഞുനിന്നു.

''അനിയത്തിമാർ ചേർന്ന് ചേച്ചിയെ വേഗം മണവാട്ടിയാക്കി കൊണ്ടുവരിൻ.''

ങേ, അവൾക്ക് തന്റെ കാതുകളെ വിശ്വസിക്കാനായില്ല. എന്താണ് വേണു പറഞ്ഞത്. മണവാട്ടിയോ ? ആര് ? താനോ ?

മായയാണ് പറഞ്ഞത് - ''മുകുന്ദേട്ടൻ ഞങ്ങളോടൊക്കെ സംസാരിച്ചു. ചെറുപ്പം മുതലേ ചേച്ചിയെ ഇഷ്ടമായിരുന്നത്രേ ! വിനുവേട്ടനും വേണുവേട്ടനും ഉണ്ണിയേട്ടനും കൂടി മുകുന്ദേട്ടന്റെ വീട്ടിൽ ചെന്ന് വിശദമായി സംസാരിച്ചതിനുശേഷമാണ് ഇന്റർവ്യൂ ലെറ്റർ ചേച്ചിക്ക് മുകുന്ദേട്ടന്റെ ഓഫീസീന്ന് അയച്ചത്. ചേച്ചി കാലത്ത് പോയതും മുകുന്ദേട്ടന്റെ ഓഫീസിലേക്കായിരുന്നു. സതി അമ്മായിയാണ് പെണ്ണുകാണൽ ചടങ്ങ് ഇവിടെ

വെച്ചു മതീന്ന് പറഞ്ഞത്. ഞങ്ങ ളൊക്കെ ഇന്നലെയേ ഇവിടെത്തി. ഇതിന്റെ എല്ലാറ്റിന്റേയും സൂത്രധാ രൻ വിനുവേട്ടനാണ്...''

ആരതിക്ക് തന്റെ കാതു കളെ വിശ്വസിക്കാനാകാതെ ഇത്ര യും നേരം നിൽക്കുകയാണ്.

''സോറി, അൽപ്പം ടെൻഷ നുണ്ടാക്കി. എല്ലാം മുകുന്ദന്റെ പ്ലാ നായിരുന്നു. വിഷമിക്കേണ്ട മോ ളെ... ഞങ്ങൾക്കെല്ലാം നിന്നെ അ ത്രയ്ക്ക് ഇഷ്ടമാണ്.'' സതി അമ്മാ യിയുടെ വാക്കുകൾ കേട്ട് അവൾ മുഖം കുനിച്ചുചിരിച്ചു.

ഗീതു പതുക്കെ ചേച്ചി യുടെ കീഴ്ത്താടി പിടിച്ചുയർത്തി. വിനുവിന്റെ മുഖത്തേക്ക് നോക്കി യപ്പോൾ അവൾ അറിയാതെ ചിരി ച്ചുപോയി.

മുകുന്ദനുമുന്നിൽ ചായ ക്കപ്പുമായി നിൽക്കുമ്പോൾ ആര തിയുടെ ഹൃദയം നിറഞ്ഞുകവി യുകയായിരുന്നു. പെയ്യുമെന്ന് തോന്നിച്ചിരുന്ന ഒരു ചിങ്ങമഴക്കാറ് അതിലേ കടന്നുപോയ ഒരു ചെറു കാറ്റിൽ പെട്ട് പെയ്യാൻ മറന്ന് അക ലേക്ക് എങ്ങോ പറന്നുപോയി. ●



# പുനർജന്മം

സുരേഷ് തെക്കീട്ടിൽ
9446330957

മദ്യപിച്ചും മദ്യം വിളമ്പി യും മതിവരാത്ത മനുഷ്യർ മരിച്ചു ചെന്നാൽ പിന്നെ മനുഷ്യജന്മമില്ലാ ട്ടൊ അതുറപ്പ്.

നാണുവേട്ടൻ പറഞ്ഞത് നാരായണേട്ടൻ ശരിവെച്ചു എന്നു മാത്രമല്ല ഒന്നുകൂടി വ്യാഖ്യാനിക്കു കയും ചെയ്തു. മനുഷ്യജന്മം പോ ട്ടെ മൃഗങ്ങളായി പോലും പരിഗ ണിക്കില്ല.വല്ല മരമോ ചെടിയോ ഒ ക്കെയായി കാലാകാലം അങ്ങ നെ....

തരി ബോധമില്ലെങ്കിലും സംസാരത്തിൽ ശ്രദ്ധിച്ചിരുന്ന അപ്പൂട്ടൻ ചോദിച്ചത് ന്യായമായ ഒരു സംശയം.

അതിപ്പൊ സ്വാധീനമുള്ള ആരെ കൊണ്ടെങ്കിലും ഒന്നു പറയി പ്പിച്ചാൽ പനയായൊക്കെ കിട്ടൂ ലേ ..





സത്യൻ താന്നിപ്പുഴ
0484 2462084

# പ്രത്യുപകാരം

**കോ**ടനാട് വനത്തി ൽ ഒരു വലിയ ആഞ്ഞിലിമരം ഉണ്ട്. അതിന്റെ ചുവട്ടിൽ ഒരു എലി മാളമുണ്ടാക്കി പാർത്തു. ആഞ്ഞി ലിമരത്തിന്റെ അടുത്തുകൂടി പെ രിയാർ ഒഴുകുന്നുണ്ട്.

ഒരു ദിവസം എലി തീറ്റ തേടി നടന്നപ്പോൾ കാൽവഴുതി പെരിയാറിൽ വീണു. വെള്ളത്തിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി എലി നീന്തിത്തുടിക്കുന്നത് ഒരു കൂട്ടം പ്രാവുകൾ കണ്ടു. പ്രാവുകൾ എ ലിയെ അപകടത്തിൽ നിന്ന് രക്ഷി ക്കുവാൻ തീരുമാനിച്ചു.

പ്രാവുകൾ ഒരു ഉണങ്ങി യ മരക്കമ്പ് ഉരുട്ടിക്കൊണ്ട് വന്ന് വെള്ളത്തിലിട്ടുകൊടുത്തു. എലി അതിൽ കയറിയിരുന്നു. കാറ്റടിച്ച് മരക്കമ്പ് പുഴയുടെ തീരത്തടുത്തു. എലി ചാടി കരക്ക് കയറി രക്ഷപ്പെ ട്ടു. പ്രാവുകൾക്ക് നന്ദി പറഞ്ഞു കൊണ്ട് എലി മാളത്തിലേക്ക് കയ റിപ്പോയി.

കുറേ നാളുകൾ കഴിഞ്ഞു. ആഞ്ഞിലിമരത്തിൽ ആഞ്ഞിലി ചക്കയുണ്ടായി പഴുത്തു. ആഞ്ഞി പ്പഴം തിന്നാൻ കിളികൾ ധാരാളം വന്നു. ഒരു നായാട്ടുകാരൻ കിളിക ളെ കണ്ടു. അയാൾ മരത്തിന്റെ ചു ടവട്ടിൽ വല വെച്ചു കിളികളെ പിടി ക്കാൻ തീരുമാനിച്ചു.

ചുവട്ടിൽ വല വെച്ചു. നി ലത്ത് ധാരാളം നെല്ല് വിതറി. ഇത് കറമ്പി കാക്ക കണ്ടു. കാക്കയ്ക്ക് മനസ്സിലായി ഇത് കെണിയാണെ ന്ന്. കാക്ക കിളികളോട് പറഞ്ഞു: ''നിങ്ങൾ നെല്ല് കൊത്തിത്തിന്നാൻ പോകരുത്. നായാട്ടുകാരൻ വച്ചി രിക്കുന്ന കെണിയാണത്. ആ നെ ല്ലു തിന്നാൽ കെണിയിൽ വീഴും.''

മരത്തിലിരുന്ന കിളികൾ നെല്ലു തിന്നാൻ പോയില്ല. വിശ ന്നുവലഞ്ഞ കുറേ പ്രാവുകൾ അതുവഴി വന്നു. തറയിൽ നെല്ല് കി ടക്കുന്നത് കണ്ടു. പ്രാവുകൾ നില ത്തിറങ്ങി നെല്ല് കൊത്തിത്തിന്നു. പ്രാവുകൾ വലയിൽ അകപ്പെട്ടു. പിടഞ്ഞു കരഞ്ഞു.

പ്രാവുകളുടെ കൂട്ടത്തിലു ണ്ടായിരുന്ന ഒരു വയസ്സൻ പ്രാവ് പറഞ്ഞു : ''കരയണ്ടാ സുഹൃത്തു ക്കളെ. നമുക്ക് ഒരു തെറ്റുപറ്റി. നാ യാട്ടുകാരൻ വരുന്നതിനുമുമ്പ് നമുക്ക് രക്ഷപ്പെടാൻ നോക്കാം. എ ങ്ങനെ രക്ഷപ്പെടും ? എല്ലാവരും തയ്യാറായിക്കൊള്ളൂ. വൺ ടൂ ത്രീ റെഡി എന്നുപറയുമ്പോൾ നിങ്ങ ളെല്ലാവരും ഒരുമിച്ച് വലയോടുകൂ ടി മുകളിലേക്ക് പറക്കണം. വല പൊങ്ങിവരും. നായാട്ടുകാരൻ ന മ്മേ പിടിക്കാൻ കഴിയില്ല.''

''ഓഎസ്... ഓഎസ്...'' എ ല്ലാ പ്രാവുകളും ഒരുമിച്ചുപറഞ്ഞു. വയസ്സൻ പ്രാവ് റെഡി പറഞ്ഞ പ്പോൾ എല്ലാ പ്രാവുകളും വലയോ ടുകൂടി മുകളിലേക്ക് പറന്നു. അക ലെ ഒരിടത്ത് സുരക്ഷിതമായി എത്തി. പ്രാവുകൾ വലയിൽ കു ടുങ്ങിക്കിടക്കുന്നത് പ്രാവുകളുടെ പഴയ സുഹൃത്ത് എലി കണ്ടു. എ ലി ഓടിവന്ന് വല മുറിച്ച് പ്രാവു കളെ രക്ഷപ്പെടുത്തി. ●





**അരവിന്ദൻ**
9745935385

# ജോൺ എന്ന കുട്ടിയും ആപ്പിൾമരവും

പണ്ട് പണ്ട് ഒരിടത്ത് ഒരു വലിയ ആപ്പിൾമരമുണ്ടായിരുന്നു. ജോൺ എന്ന പേരുള്ള ഒരു ചെറിയ കുട്ടി ആ മരത്തിനുചുറ്റും കളിക്കാനായി എന്നും വന്നെത്തിയിരുന്നു. കുട്ടിക്ക് മരത്തോട് വലിയ സ്നേഹമായിരുന്നു. കുട്ടി മരത്തോട് വാതോരാതെ സംസാരിച്ചു. പാട്ടുകൾ പാടിക്കൊടുത്തു. കഥകൾ പറഞ്ഞുകൊടുത്തു. മരം പാട്ടുകൾക്കനുസരിച്ച് കൊമ്പുകൾ കുലുക്കിയാടി. ഓടി വന്ന കാറ്റ് സംഗീതം പകർന്നു. കഥകൾ കേട്ട് മരം വിസ്മയം പൂണ്ടു. കുട്ടി മരത്തിന്റെ ഏറ്റവും ഉയർന്ന കൊമ്പുകളിൽ പോലും കുതിച്ചുകയറും. മരം കുട്ടിയെ ഒക്കത്തുവെച്ച് ലാളിക്കും. കുട്ടി ആപ്പിൾ ഫലങ്ങൾ മതിയാവോളം ഭക്ഷിച്ചു. ഉറക്കം വരുമ്പോൾ മരത്തിന്റെ തണലിൽ കിടന്നുമയങ്ങി. ജോൺ മരത്തെ സ്വന്തം അമ്മയെപ്പോലെ ഇഷ്ടപ്പെട്ടു – മരം കുട്ടിയെ മകനെപ്പോലെയും.

കാലം കടന്നുപോയി. കുട്ടി വളർന്നു. കുട്ടിക്ക് മരത്തിനൊപ്പം കളിക്കാൻ ഇഷ്ടമില്ലാതായി. സമയമില്ലാതായി. മരത്തിനടുത്തേക്ക് വരാൻ പോലും മടിയായി. ഒരു ദിവസം ജോൺ തളർന്ന മനസ്സോടെ മരത്തിനടുത്തെത്തി. മരം സന്തോഷം കൊണ്ട് തുള്ളിച്ചാടി. മരം പറഞ്ഞു : "വരൂ, വരൂ എന്നോടൊപ്പം കളിക്കൂ..."

ജോൺ പറഞ്ഞു : "ഞാനിന്നൊരു ചെറിയ കുട്ടിയല്ല. മരത്തിനുചുറ്റും ഓടിക്കളിക്കേണ്ട പ്രായമല്ല..."

മരം വേദന കടിച്ചമർത്തി. ജോൺ തുടർന്നു : "എനിക്ക് കളിപ്പാട്ടങ്ങൾ വേണം. അത് വാങ്ങാൻ പണം വേണം."

"എന്റെ സ്ഥിതി നിനക്കറിയില്ലേ ? എന്റെ കൈയ്യിൽ പണമുണ്ടോ ? ഒരു കാര്യം ചെയ്യൂ. എന്റെ പക്കലുള്ള ആപ്പിൾ ഫലങ്ങൾ എല്ലാം നീ പറിച്ചെടുത്തോളൂ. എന്നിട്ടതുകൊണ്ടുപോയി വിറ്റോളൂ. അങ്ങിനെ പണമുണ്ടാക്കൂ..."

മരത്തിന്റെ നിർദ്ദേശം കേട്ട് ജോണിന്റെ തളർച്ച മാറി. മനസ്സിൽ ഉത്സാഹം നാമ്പെടുത്തു. അവൻ മരത്തിനുമുകളിലുള്ള ഫലങ്ങളെല്ലാം അതിവേഗം പൊട്ടിച്ചെടുത്ത് സ്ഥലംവിട്ടു.

മാസങ്ങൾ കടന്നുപോയി. ജോൺ തിരിച്ചുവരാത്തത് കൊണ്ട് മരം ദുഃഖത്തിലാണ്ടുനിന്നു... കുട്ടി വളർന്ന് വളർന്ന് വലിയ ആളായി. ഒരുദിവസം അപ്രതീക്ഷിതമായി അവൻ തിരിച്ചുവന്നു. കുട്ടിയുടെ വളർച്ച കണ്ട മരം അന്തംവിട്ടു. ഇത്രയും വളർന്നിട്ടും ജോൺ തന്നെ മറന്നിട്ടില്ലല്ലോ എന്ന വിചാരം മരത്തെ ആശ്വസിപ്പിച്ചു. സന്തോഷത്തോടെ മരം പറഞ്ഞു : "വരൂ വരൂ നമുക്ക് ഒരുമിച്ച് കളിക്കാം..."

"എനിക്ക് കളിക്കാൻ നേരമില്ല. എനിക്കെന്റെ കുടുംബത്തിന് വേണ്ടി പലതും ചെയ്യാനുണ്ട്. താമസിക്കാനൊരു വീടാണാദ്യം വേണ്ടത്. എന്നെ സഹായിക്കാമോ ?"

"അയ്യോ, എനിക്കെങ്ങിനെ സഹായിക്കാൻ പറ്റും ? താമസിക്കാൻ എനിക്ക് വീടില്ല. വീട്ടുസാമഗ്രികളുമില്ല. നീ ഒരു കാര്യം ചെയ്യൂ. എന്റെ കൊമ്പുകളെല്ലാം മുറിച്ചെടുത്ത് നീ വീടുവെച്ചോളൂ."

അതുകേട്ടപടി ജോൺ മരത്തിന്റെ കൊമ്പുകൾ ഒന്നൊന്നായി വെട്ടി. വെട്ടിയിട്ട കൊമ്പുകളുമായി ജോൺ പറ പറന്നു. ജോണിന്റെ സന്തോഷം കണ്ട് മരം ആഹ്ളാദിച്ചു. പിന്നെ കുറേക്കാലത്തേക്ക് ജോൺ തിരിച്ചുവന്നില്ല. മരം വീണ്ടും ഒറ്റപ്പെട്ടു. ഏകാന്തതയുടെ ദുഃഖം എന്തെന്ന് മരം അനുഭവിച്ചറിഞ്ഞു.

അവിചാരിതമായി ഒരു വേനൽക്കാലത്ത് ജോൺ തിരിച്ചെത്തി. മരം സന്തോഷത്താൽ പുളകം കൊണ്ടു. "വരൂ എന്നോടൊപ്പം കളിക്കൂ..." മരം ഉന്മേഷത്തോടെ, ഉത്സാഹത്തോടെ വിളിച്ചുപറഞ്ഞു. തണുപ്പൻ മട്ടിലായിരുന്നു ജോണിന്റെ മറുപടി.

"എനിക്ക് വയസ്സ് കൂടിക്കൂടി വരുന്നു. പല ആഗ്രഹങ്ങളും ആഗ്രഹങ്ങൾ മാത്രമായി അവശേഷിക്കുന്നു. എനിക്ക് ഒരു ജലസഞ്ചാരത്തിന് പോകണമെന്നുണ്ട്. ഒരു ബോട്ട് വാങ്ങിത്തരാമോ ?"

"എന്റെ തടി ഉപയോഗിച്ച് ബോട്ടുണ്ടാക്കിക്കോളൂ. എന്നിട്ട് വിനോദയാത്ര ആരംഭിച്ചോളൂ..."

ജോൺ മരത്തിന്റെ തടി വെട്ടിയെടുത്ത് ധൃതിയിൽ ബോട്ടു നിർമ്മിച്ചുയാത്രയാരംഭിച്ചു. മരം അയാളേയും കാത്ത് ദിവസങ്ങൾ നീക്കി. പക്ഷെ കുറേക്കാലത്തേക്ക് അയാൾ തിരിച്ചുവന്നില്ല.

അവസാനം വർഷങ്ങൾക്കുശേഷം ജോൺ തിരിച്ചെത്തി. അന്നേരം അവശനായ മരം പറഞ്ഞു. "എന്റെ കുട്ടി, ഇനി എനിക്ക് ഒന്നും തരാനില്ലല്ലോ. ഒരു ആപ്പിൾ പോലും തരാൻ എന്റെ പക്കലില്ലല്ലോ മോനേ..."

"സാരമില്ല. എനിക്ക് ഒന്നും വേണ്ട. ആപ്പിൾ കടിക്കാൻ എനിക്ക് പറ്റില്ല. പല്ലുകൾ എന്നോ കൊഴിഞ്ഞുപോയിരിക്കുന്നു."

"നിനക്ക് കയറിക്കളിക്കാൻ എനിക്ക് കൊമ്പുകളില്ല."

"ഒന്നിനും പറ്റാത്ത വിധ

ത്തിൽ ഞാൻ പടുവൃദ്ധനായിരിക്കുന്നു.''

ജോണിന്റെ ദയനീയ സ്ഥിതി കണ്ട് മരത്തിന് വേദന തോന്നി. തന്റെ നിസ്സഹായാവസ്ഥയോർത്തപ്പോൾ കണ്ണുകൾ നിറഞ്ഞു. വിതുമ്പിക്കൊണ്ട് മരം ഉണർത്തിച്ചു: ''ഇനി ഒന്നും തരാൻ എനിക്ക് പറ്റില്ല. ബാക്കിയുള്ളത് മരണം കാത്തുകിടക്കുന്ന എന്റെ വേരുകൾ മാത്രമാണ്.''

''എനിക്കിനി ഒന്നും വേണ്ട. വിശ്രമിക്കാനൊരിടം മാത്രമെ എനിക്ക് വേണ്ടൂ. ഞാനത്രക്ക് ക്ഷീണിച്ചിരിക്കുന്നു. ഇക്കാലമത്രയും അഹങ്കരിച്ചുനടന്നതിന്റെ ഫലമാണ് ഞാനിന്നനുഭവിക്കുന്നത്...''

''വളരെ നല്ലത്... വൃദ്ധവൃക്ഷത്തിന്റെ വേരുകൾ വിശ്രമിക്കാൻ അത്യുത്തമമാണ്. വരൂ... എന്റെ വേരുകളിൽ നീണ്ടുനിവർന്നുകിടന്ന് നീ എത്രവേണമെങ്കിലും വിശ്രമിച്ചോളൂ.''

ജോൺ വേരുകളിൽ സാവധാനം ഇരുന്നു. അയാളുടെ വിക്ഷുബ്ധമായ മനസ്സിൽ മരത്തോടുചെയ്ത അനീതികൾ ഒന്നൊന്നായി തെളിഞ്ഞുവന്നുകൊണ്ടിരുന്നു. അപ്പോൾ അയാളുടെ സ്പർശനസുഖത്തിൽ ലയിച്ചു നിന്ന മരം അയാളുടെ നന്മയ്ക്കായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഈ കഥ നമ്മുടെ സമൂഹത്തിനൊരു വഴികാട്ടിയാണ്. മാതാപിതാക്കളുടെ പ്രതീകമാണ് മരം. നാം കുട്ടികളായിരിക്കുമ്പോൾ അവരുടെ സാമീപ്യം ഇഷ്ടപ്പെടുന്നു. അവരോടൊത്ത് കളിക്കുന്നു. വളരുന്തോറും നാം അവരിൽ നിന്നും അകലുന്നു. ആവശ്യം വരുമ്പോൾ മാത്രം അവരുടെ അടുത്തെത്തുന്നു. മാതാപിതാക്കൾ എപ്പോഴും എന്നും ഉള്ളതെല്ലാം നമുക്കായർപ്പിക്കാൻ സന്നദ്ധത കാണിക്കുന്നു. നമ്മുടെ സന്തോഷമാണവരുടെ സന്തോഷം.

**ഗുണപാഠം** : മാതാപിതാക്കളെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുക. അവർ ദൈവതുല്യരാണ്.

(ഒരു ഇംഗ്ലീഷ് മാസികയിൽ എന്നോ വായിച്ച കഥയുടെ സ്വതന്ത്രാവിഷ്കരണം)

•





# കാക്കയും കൊക്കും

**ടി. കെ. ഉണ്ണികൃഷ്ണൻ**
0491 2578098

ഒരുകൂട്ടം കൊക്കുകൾ കാക്കയുടെ നാട്ടിലെത്തി. വെളുത്ത ചിറകുകളും പിങ്കുനിറത്തിലുള്ള കൊക്കുകളും, കുണുങ്ങിക്കുണുങ്ങിയുള്ള നടത്തവും കണ്ടപ്പോൾ കാക്കകൾ അത്ഭുതപ്പെട്ടു. അസൂയപ്പെട്ടു. എന്തു സൗന്ദര്യം. കാക്കകൾ കൊക്കുകളുടെ ചുറ്റും പറന്നുനടന്നു.

കൊക്കിന്ന് കാക്കയോട് പുച്ഛമായിരുന്നു. വെറുപ്പായിരുന്നു. അവ കാക്കയുടെ നാട്ടിലെ അരുവികളും തടാകങ്ങളും കുന്നുകളും മലകളും വൃക്ഷങ്ങളും ഔഷധച്ചെടികളും പൂക്കളും പഴങ്ങളും മറ്റും മറ്റും കണ്ട് ആനന്ദിക്കുകയായിരുന്നു. കൊക്കിന്ന് ഇതെല്ലാം അത്ഭുതമായി തോന്നി.

കാക്കയ്ക്ക് അതിലൊന്നും താൽപ്പര്യമില്ലായിരുന്നു. അവ കൊക്കിനെ ഉരുമ്മിനടക്കാനും അതിന്റെ ആവശ്യങ്ങൾ നേടിക്കൊടുക്കാനും ഉത്സാഹിച്ചു. കൊക്കിനെപ്പോലെ വെളുക്കാനും കൊക്കുകൾ ചുകപ്പിക്കാനും കുണുങ്ങി കുണുങ്ങി നടക്കാനും ശ്രമം തുടങ്ങി.

സമയം നീങ്ങുന്നതോടെ നിറം മാറിയില്ലെങ്കിലും കൊക്കിന്റെ സ്വഭാവങ്ങൾ ജീവിതത്തിൽ പകരാൻ അവർക്ക് കഴിഞ്ഞുതുടങ്ങി. കൊക്കിന്റെ ശബ്ദങ്ങൾ പകർത്തി, കൊക്കിന്റെ നൃത്തങ്ങൾ പകർത്തി, കൊക്കിന്റെ ഭക്ഷണരീതികൾ പകർത്തി കാക്ക അഭിമാനം കൊണ്ടു. അതാണല്ലോ പല കാക്കകളും നാടിനെ പ്രാകിക്കൊണ്ട് കൊക്കിന്റെ നാട്ടിലേക്ക് പറന്നത്.

ഒരുദിവസം ഒരുപാട് കാക്കകൾ കരയുന്നത് കൊക്ക് ശ്രദ്ധിച്ചു. ഏതോ ഒരു കാക്ക ചത്തുവീണിരിക്കുന്നു. അതിന്റെ ദുഃഖാചാരമാണ് എന്ന് കൊക്ക് മനസ്സിലാക്കി. കൊക്കിന്റെ നാട്ടിൽ ഇങ്ങനെ ഒരനുഭവം ഇല്ല. രക്ഷിതാക്കളേയും കുട്ടികളെപ്പോലും ശ്രദ്ധിക്കാതെ സ്വന്തം ജീവിതസുഖം മാത്രം ലക്ഷ്യമിടുന്ന സംസ്കാരമാണ്. കൊക്കുകൾ മെല്ലെ മെല്ലെ കാക്കകളുടെ സംസ്കാരങ്ങൾ ശ്രദ്ധിക്കാൻ തുടങ്ങി. പഠിക്കാൻ തുടങ്ങി. എത്രയോ വിലപ്പെട്ടതാണെന്ന് മനസ്സിലാക്കി. സ്വന്തം ജീവിതത്തിലേക്ക് പകർത്താൻ തുടങ്ങി.

കൊക്ക് തന്റെ നാട്ടിൽ കാക്കയുടെ സംസ്കാരം പഠിപ്പിക്കാൻ ക്ലാസ്സുകൾ തുടങ്ങി. അതിനെ പുകഴ്ത്താൻ തുടങ്ങി. പറന്നെത്തിയ കാക്കകൾ അതുകേൾക്കാൻ ചെന്നു. തങ്ങളുടെ സംസ്കാരത്തെപ്പറ്റി അറിവില്ലാത്ത ആ വിഡ്ഢികൾ ഇളിഭ്യതയോടെ ക്ലാസ്സുകളിൽ പോയി.

•



# രാമനാഥന്റെ പകൽക്കിനാവുകൾ



എം. ഡി. വിശ്വംഭരൻ
9446142131

**ഡോ.** രാമനാഥൻ പിള്ള ചിന്തയിൽ മുഴുകുകയായിരുന്നു. വയസ്സ് എഴുപത്തിയഞ്ച് കഴിഞ്ഞിരിക്കുന്നു തനിക്ക്. എഴുപത്തിയഞ്ച് ഇന്നത്തെക്കാലത്ത് ഒരു പ്രായമല്ല. പക്ഷെ, തനിക്ക് പ്രായത്തിലും കവിഞ്ഞ അവശത. ഒറ്റപ്പെടലിന്റെ, ഏകാന്തതയുടെ, ശാരീരിക അവശതകളെക്കാളേറെ മാനസികമായ അവശത തോന്നുകയാണ്. റിട്ടയർ ചെയ്ത ശേഷവും ഏറെ നാൾ പ്രാക്റ്റീസ് ചെയ്തിരുന്നു. പക്ഷെ, ഇപ്പോൾ വയ്യ. കുറേശ്ശെ മറവി പിടികൂടി തുടങ്ങിയിരിക്കുന്നു. അതിനേക്കാളുപരി ഇനിയും സമ്പാദിച്ചുകൂട്ടിയിട്ട് എന്തിനെന്ന ചിന്തയും.

ചുമരിൽ ചില്ലുകൂട്ടിനകത്ത് മാല ചാർത്തിയിരിക്കുന്ന ഭാര്യയുടെ ചിത്രത്തിലേക്ക് നോക്കിയിരിക്കുമ്പോൾ, കണ്ണിന് തെല്ല് മൂടൽ അനുഭവപ്പെടുന്നില്ലെ എന്ന സംശയം. കുറച്ച് കഴിയുമ്പോൾ ആ മൂടൽ മഞ്ഞ് മാഞ്ഞ്, അവൾ തന്നെ നോക്കി പുഞ്ചിരിക്കുന്നതായി ഡോക്ടർക്ക് തോന്നി. ഒരുവർഷം മുമ്പ് പിരിഞ്ഞുപോയി. മുപ്പതുവർഷത്തെ അദ്ധ്യാപകജീവിതം കഴിഞ്ഞ് വിരമിച്ചു. ഇനി മിച്ചമുള്ള കാലം സ്വസ്ഥമായി തന്റെ കാര്യങ്ങൾ നോക്കി ജീവിക്കണമെന്ന ചിന്തയുമായി കഴിയുമ്പോഴാണ് കാൻസറിന്റെ രൂപത്തിൽ വന്ന വില്ലൻ പ്രേമയെ തന്നിൽ നിന്നും തട്ടിയെടുത്തത്. അങ്ങനെ നോക്കിയിരിക്കുമ്പോൾ, അവൾ അവിടെ നിന്നും ഇറങ്ങി തന്റെ അടുത്ത് വന്നിരുന്നു. ഒന്നുകൂടി പുഞ്ചിരിച്ചിട്ട് തോളിൽ തട്ടി ചോദിച്ചു. എന്താ രാമാ... ഏകാന്തത വല്ലാതെ ബുദ്ധിമുട്ടിക്കുന്നു അല്ലേ ? എല്ലാം ഞാനറിയുന്നു. മൂന്നു മക്കൾ ഉണ്ടായിട്ട് എന്തുഫലം. അവസാനം ഇങ്ങനെ ഒറ്റപ്പെടുന്ന അവസ്ഥ വരുമെന്നു കരുതിയില്ല. പിന്നെ, ഭക്ഷണമൊക്കെ അനിയത്തിയുടെ മോൾ തരുന്നുണ്ടല്ലോ. അതിലും രാമന് അതൃപ്തിയുണ്ടെന്നറിയാം. അവൾ നമ്മുടെ മോൾ അല്ലല്ലോ എന്റെ അനിയത്തിയുടെ മോളല്ലെ? അവൾക്ക് നമ്മളോട് എത്രത്തോളം കൃപയുണ്ടാകുമെന്ന ശങ്ക അല്ലേ? രാമൻ കരുതുന്നതുപോലെ അത്ര വലിയ അനിഷ്ടം രേവതിക്കില്ല. എല്ലാം രാമന്റെ മനസ്സിലെ വെറും ശങ്കകളാണ് ആ തോന്നലിനു കാരണം. ഒന്നും കൂടുതൽ ചിന്തിക്കേണ്ട, ഇങ്ങനെ അങ്ങ് കഴിയുക. എന്നുവെച്ച് എന്റെ അടുത്തേക്ക് ഉടനെ വരാനൊന്നും നോക്കേണ്ട. കുറച്ച് സാഹിത്യ പ്രവർത്തനമൊക്കെയില്ലേ. അതുമതിയല്ലോ മുഷിച്ചിൽ മാറാൻ. അങ്ങനെയങ്ങ് പോകട്ടെ രാമ. മൂത്ത മകൻ ബെങ്കളുരുവിൽ. രാമൻ മുംബൈയിൽ, മകൾ അമേരിക്കയിലും. അവരാരും മനഃപ്പൂർവ്വമല്ല രാമനെ അവരുടെ കൂടെ കൂട്ടാത്തത്.

ഓ... മുംബൈയിലെ മരുമകൾ രാമൻ അവിടെ ചെന്നപ്പോൾ ധിക്കാരം പറഞ്ഞത് ഞാനറിഞ്ഞു. എന്തിനാ ഇങ്ങോട്ടുവന്നത് ഞങ്ങൾ ഇവിടെ ഒന്നു സ്വസ്ഥമായി കഴിഞ്ഞോട്ടെ എന്നല്ലെ അവൾ പറഞ്ഞത്. നമ്മുടെ കൂട്ടത്തിലുള്ളതല്ലെ അവൾ. അവളാണ് രാമന്റെ കാര്യം കൂടുതൽ ശ്രദ്ധിക്കേണ്ടതും കാര്യങ്ങൾ നോക്കേണ്ടിയിരുന്നതും. പക്ഷെ അതുണ്ടായില്ല. നോക്കുന്നില്ല എന്നതുപോകട്ടെ അവൾ അവജ്ഞയോടെ പെരുമാറുകയും ചെയ്തു. സാരമില്ല രാമ അവളും രണ്ടു കുട്ടികളെ വളർത്തുന്നുണ്ടല്ലോ ? നമ്മുടെ മകനും അവളെ ഭയമാണെന്നു തോന്നുന്നു അല്ലെങ്കിൽ അച്ഛൻ കൂടെ താമസിക്കാൻ പറയേണ്ടതല്ലേ. രാഹുൽ അതിനു തയ്യാറായില്ല. പോട്ടെ, എന്തിനു രാഹുലിനെ മാത്രം പറയുന്നു. വേറേയുമുണ്ടല്ലോ രണ്ടുപേർ. ഗോകുലും ഗായത്രിയും. അവർക്കും അച്ഛൻ ഭാരമായിരിക്കാം. ആരുടേയും കൈയിൽ നിന്നും ഒന്നും തരേണ്ടല്ലോ. അച്ഛന്റെ പെൻഷൻ മാത്രം മതി ഒരു കുടുംബത്തിന് ആർഭാടമായി ജീവിക്കാൻ എന്നിട്ടും. എന്തു പറഞ്ഞിട്ടെന്താ അനുഭവിക്കാനുള്ള ഭാഗ്യവും വേണം, അതാണ് നമുക്ക് ഇല്ലാതെ പോയതും.

നാട്ടിലേക്ക് പോരേണ്ട, എം. പി. യിൽ തന്നെ കഴിഞ്ഞാൽ മതി എന്ന് ഞാൻ ഒരുപാട് പറഞ്ഞതല്ലേ എന്നിട്ട് സമ്മതിച്ചോ. സ്വന്തം വീട്, നാട് എല്ലാം ഒരു ദൗർബല്യമായിരുന്നു രാമന്. ദോസ്ത് മുഹമ്മദിന്റെ പിൻമുറക്കാർ പണിതുയർത്തിയ മനോഹരമായ ഭോപ്പാൽ നഗരം വിട്ടുപോരാൻ എനിക്ക് തീരെ താല്പര്യമില്ലായിരുന്നു. കൊട്ടാരങ്ങൾ, പൂന്തോട്ടങ്ങൾ... അവധി ദിവസങ്ങളിൽ മനോഹരമായ കൊട്ടാരങ്ങളിലും ഗാർഡൻസിലുമെല്ലാം നാം എത്ര തവണയാ ചുറ്റിയിട്ടുള്ളത്. ഭോപ്പാലിനെ കൊട്ടാരങ്ങളുടെയും പൂന്തോട്ടങ്ങളുടേയും നാട് എന്നു പറയുന്നതിൽ ഒരു തെറ്റുമില്ല. എത്ര സന്തോഷപ്രദമായ നാളുകളായിരുന്നു അത്.

അന്ന് ഗ്യാസ്സ് ട്രാജഡിയിൽ നിന്നും നമ്മൾ തലനാരിഴക്ക് രക്ഷപ്പെട്ടപ്പോൾ എന്ത് ആശ്വാസമായിരുന്നു അനുഭവപ്പെട്ടത്. പക്ഷെ, ഇപ്പോൾ തോന്നുന്നില്ലേ അന്ന് അതിൽപ്പെട്ടു പോകുന്നതായി

രുന്നു നല്ലതെന്ന്. ആ മൂവായിരത്തി എഴുന്നൂറ്റി എൺപത്തിയേഴു പേരുടെ കൂടെ. നമ്മൾ നാട്ടിലേക്ക് പോകാതെ അവിടെ കഴിഞ്ഞിരുന്നെങ്കിൽ, അവിടുത്തെ അയൽക്കാർ എത്ര സ്നേഹമുള്ളവരായിരുന്നു. ആലപ്പുഴക്കാരനായ കൃഷ്ണൻകുട്ടിയും കുടുംബവും, കൊല്ലത്തുകാരനായ ബഷീറും കുടുംബവും അവരെല്ലാം നമ്മളോട് എത്ര സ്നേഹത്തോടും ആദരവോടുമാണ് പെരുമാറിയിരുന്നത്. അതിനെക്കാളൊക്കെ ഏറെ അടുപ്പമുള്ളവരായിരുന്നു പഞ്ചാബി കുടുംബമായ ഗുരുചരൺ സിങ്ങും ഭാര്യ പൂനം കൗറും അവരുടെ കുട്ടികളും. ആ കുട്ടികൾ രാമനെ ദാദൂജി എന്ന് വിളിച്ച് അടുത്തുവരുമ്പോൾ രാമൻ അനുഭവിക്കുന്ന നിർവൃതി ഞാൻ പലപ്പോഴും നേരിൽ കണ്ടിട്ടുള്ളതല്ലേ. ഗുരുചരണും ഭാര്യയും നമ്മളെ അച്ഛനമ്മമാരെപ്പോലെയാണ് കരുതിയിട്ടുള്ളത്. നമ്മുടെ മക്കളിൽ നിന്നും കിട്ടാത്ത സ്നേഹവും അടുപ്പവുമാണ് നമുക്ക് അവരിൽ നിന്നും കിട്ടിയിട്ടുള്ളത്. നാട്ടിലേക്ക് പോരുകയാണെന്നറിഞ്ഞപ്പോൾ പൂനം ആഹാരം പോലും കഴിക്കാതെ കരഞ്ഞു കഴിഞ്ഞുകൂടിയത് ഞാനോർക്കുന്നു. അവിടെയായിരുന്നെങ്കിൽ ഡോ. രാമനാഥൻ ഇങ്ങനെയാകുമായിരുന്നില്ല. ഗുരുചരൺ ഒരിക്കലും രാമനെ വിഷമിച്ചിരിക്കാൻ വിടുമായിരുന്നില്ല. നമ്മൾ വളർത്തിയത് കുയിലിന്റെ കുഞ്ഞുങ്ങളെയായിപ്പോയി. സാരമില്ല ഡോക്ടറെ, ഇതൊക്കെ അനുഭവിച്ചുതീർക്കാനാണ് നിയോഗം. ഇത്തിരി അനിഷ്ടത്തോടെയാണെങ്കിലും രേവതി എല്ലാം പാകത്തിനു നോക്കി തരുന്നുണ്ടല്ലോ ഇടയ്ക്ക് ചെറിയ ചില യാത്രകളൊക്കെയാകരുതോ ? അപ്പോൾ ഭക്ഷണം പുറത്തു നിന്നാകാമല്ലോ ഒരു ചെയിഞ്ച്. ഓ... കാലിന് വേദന കൂടുതൽ ആകുന്നുണ്ടോ ? എല്ലാം ഓരോ നിമിത്തങ്ങൾ. അല്ലെങ്കിൽ അന്ന് ആ ബൈക്കുകാരൻ രാമനെ ഇടിച്ചുതെറിപ്പിക്കുമായിരുന്നോ. ഏതായാലും ഇത്രയല്ലേ സംഭവിച്ചുള്ളു. രാമൻ മരണത്തിൽ നിന്നും രണ്ടു തവണയല്ലേ രക്ഷപ്പെട്ടത്. വാതകരൂപത്തിലും ബൈക്കിന്റെ രൂപത്തിലും തട്ടിയെടുക്കാൻ നോക്കിയിട്ടു കഴിഞ്ഞില്ല. രാമന് ഇനിയും കർമ്മങ്ങൾ ബാക്കിയാണ്. അതുകൊണ്ട് എല്ലാം ധീരതയോടെ നേരിടുക തന്നെ. ഞാൻ ഇല്ലാത്തത് ഒരിക്കലും ഒന്നിനും ഒരു കുറവല്ല രാമനാഥാ, ഞാൻ എല്ലാം കണ്ടും കേട്ടുമിരിക്കയല്ലേ പിരിയുന്നതിനുമുൻപ് പലപ്പോഴും ഞാൻ ഓർമ്മിപ്പിക്കാറില്ലായിരുന്നോ ദേഹം വെടിഞ്ഞാലും ദേഹി നശിക്കില്ല എന്ന്. അതാ പറഞ്ഞത് പ്രേമ എന്നും ഇവിടെ ഈ രാമനാഥന്റെ കൂടെയുണ്ടാകും.

ശരിയാ... എന്റെ പ്രേമ ഇവിടെയുണ്ടെന്ന് എനിക്കറിയാം. അല്ല, ഇത്രയും നേരം എന്നെ ഉപദേശിക്കുകയും ധൈര്യം തരുകയും ചെയ്തയാളുടെ കണ്ണിൽ നിന്നും ഉറവ പൊട്ടുന്നതെന്താ ? ഇയാൾ വിഷമിക്കേണ്ട എനിക്ക് എല്ലാം ശീലമായി.

കോളിങ് ബെൽ ശബ്ദിച്ചപ്പോൾ രാമനാഥൻ പിള്ള ഞെട്ടിയുണർന്നു. ങേ... ശ്ശേ, എവിടെ...? താനൊരു പകൽക്കിനാവിലായിരുന്നോ ? അല്ല. അവൾ തന്റെ അടുത്തുവന്നിരുന്നല്ലോ. ദാ ഇപ്പോൾ. ദുഃഖവും സന്തോഷവും ഇടകലർന്ന ആ ഒരു നിമിഷത്തിന്റെ ഓർമ്മയിൽ നിന്നും ഉണർന്ന രാമനാഥൻ പിള്ള തന്റെ വേദനിക്കുന്ന കാലിനെ താങ്ങി വലിച്ച് പുറത്ത് ആരെന്നറിയാൻ ഡോറിലേക്ക് നീങ്ങി. ●

## കവിത


**തുളസി കേരളശ്ശേരി**

9446472962


# പെയ്തകന്നവർ

നീലാകാശത്ത് തണുത്തുറഞ്ഞ്
പരസ്പരം പറ്റിച്ചേർന്ന്
അലസരായൊഴുകിയപ്പോഴോ
കിലുങ്ങിക്കിലുങ്ങി
തുള്ളികളായടർന്നു
വീണപ്പോഴോ
പുഴയുടെ ഓളപ്പരപ്പിൽ
കൈകോർത്തു നീങ്ങിയപ്പോഴോ
നാമറിഞ്ഞില്ലല്ലോ
ഒരു നാൾ...
ഈ മഹാസാഗരത്തിൽ
മുഖം നഷ്ടപ്പെട്ടവരായി
പരസ്പരം അറിയാതെ...
കാണാതെ...മിണ്ടാതെ...
തപ്ത ഹൃദയരായ്
ഒഴുകേണ്ടി വരുമെന്ന് ?!

## ■ രണ്ടു കഥകൾ


**ഉല്ലല ബാബു**

9645267545, 9349793355


# തിരിച്ചറിവ്


**ജീ**വിതം കുരിശിലെ ബലി പോലെ ആകണമെന്ന് അയാൾ ആഗ്രഹിച്ചു. ജീവിതം മുളം തണ്ടിലെ ശ്രുതിപോലെയാകണമെന്ന് അവളും ആഗ്രഹിച്ചു. ഇടയ്ക്ക് ശ്രുതി തെറ്റി. താളം പിടിയ്ക്കാൻ ചാർച്ചക്കാർ എമ്പിടി. അവരെ തിരിച്ചറിഞ്ഞപ്പോഴേയ്ക്കും ജീവിതം ബഹുദൂരം പിന്നിട്ടുകഴിഞ്ഞിരുന്നു. പരിശുദ്ധമായി ജീവിക്കുക അത്ര എളുപ്പമല്ലെന്ന് അവർക്ക് ബോദ്ധ്യമായി. തിരിച്ചറിവ് എന്ന അറിവ് ഇല്ലാതെ പോയതിൽ അവർ ഏറെ ദുഃഖിച്ചു.

# ചരിത്രം ആവർത്തിക്കുന്നു

**ചെ**റിയ വാർക്ക വീടിന്റെ മുറ്റത്തുനിൽക്കുന്ന പൂവൻ കുലയിലേക്ക് ചെറുമപ്പുലയന്റെ മകൻ ഒന്നുകൂടി നോക്കി. എത്ര നല്ല കുല. വഴിവക്കാണ്. ഇതാരും മോഷ്ടിക്കാതിരുന്നാൽ മതിയായിരുന്നു. ആ മനസ്സ് മന്ത്രിച്ചു. തിരിഞ്ഞു നിൽക്കുമ്പോൾ പഴയ തമ്പുരാന്റെ പിൻതലമുറക്കാരൻ. ചെറുമപ്പുലയന്റെ മകന് ഉള്ളാന്തി. പഴയ ചരിത്രം ആവർത്തിക്കുമോ ? അയാളുടെ മുഖത്തെ ചിന്തകൾ വായിച്ചെടുത്ത തമ്പുരാന്റെ പിൻതലമുറക്കാരൻ പറഞ്ഞു – ''പേടിയ്ക്കേണ്ട ടോ. എനിക്ക് തന്റെ കുല ഒന്നും വേണ്ട. താൻ നില്ക്കുന്ന ഈ കരിമണ്ണും അതിലെ ജീവജലവും മതി എനിക്ക്. ചോദിക്കുന്ന പണം രൊക്കം തരും. പണം എനിക്ക് പ്രശ്നമല്ല.'' അയാൾക്ക് മറുത്തൊന്നും പറയാൻ വാക്കുകൾ കിട്ടിയില്ല. ●

**ലോകം നമുക്ക് വേണ്ടിയാണ്. നാം അതിനുവേണ്ടിയല്ല. നന്മയും തിന്മയും നമ്മുടെ സേവകരാണ്. നാം അവയുടേതല്ല.**

*–സ്വാമി വിവേകാനന്ദൻ–*



കെ. കേരളദാസനുണ്ണി
9495451280

# കുട്ട്യേട്ടൻ

**ഞാ**ൻ സഹസ്രനാമം ജപിച്ചുകൊണ്ടിരുന്നപ്പോഴാണ് കുട്ടികൃഷ്ണൻ എന്നെ കാണാൻ എത്തുന്നത്. എന്റെ ജപം തീരുന്നതു വരെ അദ്ദേഹം സോഫയിൽ മാതൃഭൂമി പത്രം വായിച്ചുകൊണ്ടിരുന്നു.

"നിന്റെ നാമജപമൊക്കെ കഴിഞ്ഞോ" പൂജാമുറിയിൽ നിന്ന് ഞാൻ വന്നതും കുട്ട്യേട്ടൻ ചോദിച്ചു. ഉവ്വ് എന്ന മട്ടിൽ ഞാൻ തലയാട്ടി.

"എന്നാൽ ഇങ്ങോട്ടിരിക്ക്' അദ്ദേഹം ഒരു വശത്തേക്കു നീങ്ങി എനിക്ക് സ്ഥലമൊരുക്കി. ക്ഷാമബത്ത കൂട്ടിയതും പെൻഷൻ റിവിഷൻ വക അരിയേഴ്സിന്റെ അടുത്ത ഗഡു കിട്ടാനുള്ളതും അടുത്ത കാലത്ത് മരിച്ചുപോയ പഴയ സഹപ്രവർത്തകരെക്കുറിച്ചുമൊക്കെ ഞങ്ങൾ സംസാരിച്ചു.

"ആഹാരം കഴിക്കാൻ വന്നോളൂ" സുന്ദരി വന്നു വിളിച്ചപ്പോൾ ഞാൻ എഴുന്നേറ്റു.

"എനിക്കൊന്നും വേണ്ടാ. ഞാൻ ഭക്ഷണം കഴിച്ചിട്ടാ വീട്ടീന്ന് പോന്നത്." കുട്ട്യേട്ടൻ പറഞ്ഞു.

"അതുപറ്റില്ല. പേരിനെങ്കിലും കഴിക്കണം." ഞാൻ നിർബന്ധിച്ചപ്പോൾ അദ്ദേഹം എഴുന്നേറ്റു. കടന്നുപോയ കാലത്തെ ഒട്ടേറെ സംഭവങ്ങൾ അനുസ്മരിച്ചുകൊണ്ട് ഞങ്ങൾ ഭക്ഷണം കഴിച്ചു.

"നിന്നോട് ഒരു പ്രധാനപ്പെട്ട കാര്യം പറയാനാണ് ഞാൻ ഇന്നുവന്നത്". പോവാനൊരുങ്ങുമ്പോൾ കുട്ട്യേട്ടൻ പറഞ്ഞു "കുറച്ചായി എനിക്ക് തീരെ വയ്യാ. പോരാത്തതിന് ഇന്നു നടന്ന കാര്യം നാളെ ചോദിച്ചാൽ ഓർമ്മ ഉണ്ടാവില്ല."

"വയസ്സാവുമ്പോൾ അതൊക്കെ ഉണ്ടാവില്ലേ" ഞാൻ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

"അത് ശരിയാണ്. പക്ഷെ അതല്ല കാര്യം. പെട്ടെന്നൊരു ദിവസം ഞാൻ മരിച്ചാൽ നീ എന്റെ പെൻഷൻ സ്വയംപ്രഭയ്ക്ക് കിട്ടാൻ വേണ്ടതൊക്കെ ചെയ്യണം."

"അത് പ്രത്യേകിച്ച് പറയാനുണ്ടോ" എന്ന് ഞാൻ പറഞ്ഞെങ്കിലും ആ വാക്കുകൾ എന്നെ വല്ലാതെ വേദനിപ്പിച്ചു. ജോലിക്ക് പോവാനിറങ്ങിയ എന്റെ മകന്റെ കൂടെ കാറിൽ കയറി കുട്ട്യേട്ടൻ യാത്രയായി. പകൽ മുഴുവൻ വല്ലാത്തൊരു അസ്വസ്ഥത എന്നെ അലട്ടി.

"എന്താ നിനക്കൊരു വിഷമം" വൈകുന്നേരം റെയിൽവേ സ്റ്റേഷനിലെ പ്ലാറ്റ്ഫോമിൽ പതിവുപോലെ കാറ്റുകൊണ്ടിരിക്കുമ്പോൾ കൂട്ടുകാരൻ അജിതൻ ചോദിച്ചു. കുട്ട്യേട്ടൻ പറഞ്ഞ കാര്യങ്ങൾ ഞാൻ വിശദീകരിച്ചു.

"ഈ ജാതി വർത്തമാനം എനിക്ക് പിടിക്കില്ല. ചിലപ്പൊ വായിന്ന് നല്ലത് വല്ലതും കേട്ടൂന്ന് വരും." ഞാൻ തീരെ പ്രതീക്ഷിക്കാത്തൊരു പ്രതികരണമാണ് സുഹൃത്തിൽ നിന്ന് ഉണ്ടായത്.

"അതെന്താടോ അങ്ങിനെ" കൂട്ടുകാരൻ പറഞ്ഞതിന്റെ പൊരുൾ എനിക്ക് സത്യത്തിൽ മനസ്സിലായില്ല.

"ഒന്നാമത് ഒരാളും ഇങ്ങിനെ ചിന്തിക്കാൻ പാടില്ല. ആരും ജനിച്ചാൽ ഒരു ദിവസം മരിക്കും. അതുകൊണ്ട് മരണത്തെ അത്ര കാര്യമായിട്ട് എടുക്കേണ്ട ആവശ്യമില്ല. ഇത് ഒരു വശം. ഇനി വേറൊരു കാര്യം നീ ചിന്തിച്ചുനോക്ക്. ഞാൻ മരിക്കാറായി എന്ന തോന്നൽ ഒരാളുടെ മനസ്സിൽ വന്നാൽ പിന്നെ അയാൾക്ക് ജീവിതത്തിൽ യാതൊരുവിധ മോഹവും പ്രതീക്ഷയും ഉണ്ടാവില്ല. എല്ലാവരും അങ്ങിനെ ചിന്തിച്ചു തുടങ്ങിയാലോ ? ഈ ലോകത്തിന്റെ അവസ്ഥ എന്താവും ? അതുകൊണ്ട് ഇരിക്കുന്നത്ര ദിവസം ചിരിച്ചുകളിച്ച് സന്തോഷത്തോടെ കഴിയണം. നാളത്തെ കാര്യം നാളെ എന്നുകരുതി ഇരിക്കണം. അല്ലാതെ അടുത്ത ആഴ്ച മഴ പെയ്യും എന്നുവിചാരിച്ച് ഇന്നിപ്പൊ കുട പിടിക്കണോ. മാത്രമല്ല ചത്തുപോവുന്നോര് ഭൂമിയിൽ ബാക്കിയുള്ളവരെക്കുറിച്ച് വേവലാതിപ്പെടുകയൊന്നും വേണ്ടാ. അവര് എങ്ങിനെയെങ്കിലും ഈ ലോകത്ത് ജീവിച്ചോളും." ഒന്നു നിർത്തി അവൻ തുടർന്നു "ഇതൊക്കെ കേട്ട് വിഷമിച്ച നിന്നോടാണ് എനിക്ക് ദേഷ്യം വരുന്നത്."


"നിനക്ക് അറിയാഞ്ഞിട്ടാണ്." ഞാൻ പറഞ്ഞു. "കഴിഞ്ഞ അമ്പത്തിരണ്ടു കൊല്ലമായി ഞാനും കുട്ട്യേട്ടനും തമ്മിൽ പരിചയപ്പെട്ടിട്ട്. ഞങ്ങൾ ഒന്നിച്ച് മുപ്പതുകൊല്ലം ജോലി ചെയ്തു. അതിൽ പത്തു കൊല്ലക്കാലം രണ്ടാളും കൂടി യോജിച്ച് ഒരു സെക്ഷനിൽ പണിനോക്കി. ഇന്നേവരെ ഒരക്ഷരം ഞങ്ങളന്യോന്യം പറഞ്ഞു മുഷിച്ചിലുണ്ടായിട്ടില്ല. അതാണ് എനിക്കിത്ര സങ്കടം."

"അതൊരു കാര്യോല്ല. അല്ലെങ്കിലും ആർക്കാടാ നിന്നോട് പിണങ്ങാൻ കഴിയ്യാ." കൂട്ടുകാരൻ പറഞ്ഞുനിർത്തി.

ഡൽഹിയിലേക്കുള്ള കേരള എക്സ്പ്രസ്സ് ഞങ്ങളുടെ മുന്നിലൂടെ ഓടിമറഞ്ഞു. ഇതുപോലെ വേഗത്തിൽ കടന്നുപോവുന്ന ഒന്നാണ് ജീവിതം എന്നോർത്ത് ഞാൻ സമാധാനിക്കാൻ ശ്രമിച്ചു. ●

# ഗർഭം അനീതിയല്ല ഒരാഗ്രഹമാണ്

ജനാർദ്ദനൻ പി. വണ്ടാഴി
8089060168/9847660168



ഏതു നാടിനെപ്പോലെയും കുഞ്ഞിമംഗലത്തെ കാലങ്ങൾ സുന്ദരമായി കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. വേനൽ മഴ ആവശ്യത്തിനുണ്ടായില്ല. കർക്കിടകത്തിൽ മഴ ഇടിവെട്ടി തകർത്തുപെയ്തു. ഇടവഴിയിലൂടെ ചെളിവെള്ളം കലങ്ങിമറിഞ്ഞങ്ങനെ ഒഴുകിപ്പോയി. പലരുടെ വാഴകളും, മുരിങ്ങ, ഓമക്ക തുടങ്ങിയ ബലമില്ലാത്ത മരങ്ങൾ കാറ്റിന്റെ ശക്തി താങ്ങാനാവാതെ പൊട്ടിവീണു. ഓണം വന്നു, സാദാ സദ്യയുണ്ട് തിരിച്ചുപോയി. കുറച്ചുകാലങ്ങളായി തുമ്പി തുള്ളലോ, ഓണക്കളികളോ കുഞ്ഞിമംഗലത്ത് ഉണ്ടാവാറില്ല. അമ്പലത്തിലെ വിശേഷ ഉത്സവങ്ങൾ മുറക്ക് നടന്നു. അയ്യപ്പൻ പാട്ടുകളുണ്ടായി. കോമരങ്ങൾ തുള്ളിയുറഞ്ഞു.

നാട്ടിലെ പല പെണ്ണുങ്ങളും ഗർഭിണികളാവുകയും പ്രസവിക്കുകയും ചെയ്തു. ഗർഭാവസ്ഥയിലുള്ള പെണ്ണുങ്ങൾക്ക് നല്ല കോളായിരുന്നു. ബന്ധുവീടുകളിൽ തിരക്കിട്ടു നടന്ന് വിരുന്നുണ്ടു. നാട്ടിലെ വാളൻ പുളികളും, പുളിയൻ മാവുകളും ഗർഭിണികളെ മാത്രം ലക്ഷ്യമിട്ടാണ് കായ്ക്കുന്നതെന്ന് മുത്തശ്ശിമാർ പറഞ്ഞു. ചില സ്ത്രീകൾ തമ്മിൽ ഗർഭവിഷയത്തിൽ കടുത്ത മത്സരങ്ങൾ തന്നെ നടന്നു. വർഷത്തിൽ ഒന്നെന്ന മട്ടിൽ പ്രസവം ആഘോഷിച്ചവരുമുണ്ട്.

ഇതൊക്കെ കുഞ്ഞിമംഗലത്തെ സാധാരണ കാര്യങ്ങൾ.

ഗർഭകാലത്തെ വിരുന്ന് ചിലർക്കെങ്കിലും പ്രലോഭനങ്ങളാകുന്നു. ഉച്ചക്ക് ചിക്കനും, മീനും, പച്ചക്കറി വിഭവങ്ങളും കൂട്ടിയുള്ള ഒരു ഫുൾ ശാപ്പാട്. വൈകീട്ട്, പരിപ്പുവട, ലഡ്ഡു, പഴം കൂട്ടിയുള്ള കാപ്പികുടി. വിരുന്നൂട്ടുന്നവരുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് ഐറ്റത്തിനും ഏറ്റക്കുറച്ചിലുകളുണ്ടാകും. ഗർഭിണികളെ ഊട്ടുന്നതിനായി ഒരുക്കുന്ന വിഭവങ്ങളുടെ കൊതിപ്പിക്കുന്ന മണം കുഞ്ഞിമംഗലത്തെ അന്തരീക്ഷത്തിലങ്ങനെ നിറഞ്ഞു നില്ക്കുകയാണ്.

ഇതൊക്കെ അനുഭവിക്കാൻ ആഗ്രഹമുണ്ടെങ്കിലും അവസരങ്ങൾ ഒത്തുവരാത്ത നിർഭാഗ്യവതികളായ ചിലരുണ്ട്. ഗർഭം അടുത്തു കൂടി പോകാത്തവർ. സരസു ഏടത്തി ഒരു ഗർഭത്തിന്നായി നീണ്ടകാലമായി കാത്തിരിക്കുകയാണ്. കുഞ്ഞിമംഗലത്തെ ക്ഷേത്രത്തിലേക്ക് വഴിപാടുപോയി. ഗുരുവായൂരിൽ പോയി ഉരുളി കമഴ്ത്തി. ഭർത്താവിനെക്കൊണ്ട് മൂന്നുവട്ടം ശയന പ്രദക്ഷിണം വയ്പ്പിച്ചു. ഇല്ല, ഒരു വിശേഷവും ഉണ്ടായില്ല. സരസു ഏടത്തിയിൽ ഗർഭം പ്രവേശിക്കുന്നില്ല. എന്താണിങ്ങനെ ? ദൈവങ്ങൾ കൈവിടുന്നോ ? നാട്ടിലെ നാഗത്താന്മാർ, കണ്ടമുത്തൻ, കണ്ടാകർണ്ണൻ, അമ്മ വകയിലെ കുടുംബദൈവങ്ങൾ, അച്ഛൻ വകയിലെ കുടുംബദൈവങ്ങൾ, കാർന്നോന്മാർ, ഇങ്ങനെ അറിയപ്പെടുന്ന സകലമാന ദൈവങ്ങൾക്കും നിവേദനങ്ങൾ പോയി. ആരും കണ്ണു തുറന്നില്ല, കനിഞ്ഞില്ല. സരസു ഏടത്തി അനങ്ങാപ്പാറയായി നിന്നു. ഗർഭം അടുത്തേക്കുവരാൻ പോലും മടിക്കുന്നു. കെട്ട്യോൻ ഉമ്മറത്തിണ്ണയിൽ താടിക്കുകൈയും കൊടുത്ത് ഉഷാറില്ലാതെയിരുന്നു.

എന്നാൽ കുഞ്ഞിമംഗലത്തെ അന്തരീക്ഷത്തിൽ ചിലപ്പോഴൊക്കെ വന്നുനിറയുന്ന കൊതിപ്പിക്കുന്ന മണം സരസു ഏടത്തിക്ക് വല്ലാതെ പ്രലോഭനമായി വളരുന്നു. ഏറെ പെണ്ണുങ്ങൾ വിരുന്നുണ്ണുന്നു. വിരുന്നുകൾ സരസു ഏടത്തിയെ നോക്കി, തലങ്ങും വിലങ്ങും നോക്കി കൊഞ്ഞനം കുത്തുന്നു. വാളൻ പുളികൾ, പുളിയൻ മാവുകൾ എല്ലാം സരസു ഏടത്തിയെ നോക്കി കൊഞ്ഞനം കുത്തി. അടുത്ത വീട്ടിലെ മൊളകൂഷ്യത്തിന്റെ മണം മൂക്കിലേക്കരിച്ചെത്തി കൊതിക്കെറു കൂട്ടുന്നു. ഇടയ്ക്കൊക്കെ നാടൻ കോഴിക്കറിയുടെ കൊതിപ്പിക്കുന്ന മണം കാറ്റിലൂടെ ഒഴുകി പരന്നെത്തി വല്ലാതെ പ്രലോഭിപ്പിക്കുന്നു. കൊതിയോടു കൊതി. സരസു ഏടത്തി സട കുടഞ്ഞെഴുന്നേറ്റു. അവർ സ്വയം ചില രഹസ്യപ്രഖ്യാപനങ്ങൾ നടത്തി.

ദിവസങ്ങളങ്ങനെ കടന്നു പൊയ്ക്കൊണ്ടിരുന്നു. കുഞ്ഞിമംഗലം ശാന്തം. പക്ഷെ, സരസു ഏടത്തിയിൽ ചില മാറ്റങ്ങൾ, ചില ആലസ്യങ്ങൾ, ചടഞ്ഞുകൂടി ഇരിപ്പുകൾ. എന്തെങ്കിലും വായിലേക്കിടുമ്പോൾ ഓക്കാനം. പച്ചവാളൻ പുളിയോടുള്ള അടങ്ങാത്ത കൊതി. അടുത്ത പറമ്പിലെ മൂവാണ്ടൻ മാവിലേക്ക് കൊതിയോടു നോക്കിയുള്ള നില്പ്. ഗർഭത്തിന്റെ നാട്ടുനടപ്പൻ ലക്ഷണങ്ങൾ ! സരസു ഏടത്തി വല്ലാതെ ലജ്ജാവതിയാകുന്നു. ആൾക്കാർ കാണെ ഓക്കാനിക്കുന്നു. സരസു ഏടത്തിയിൽ ഗർഭം എത്തിയിരിക്കുന്നോ...! ചെവിയിൽ നിന്ന് ചെവിയിലേക്ക് കഥ പടർന്നുകയറി. "വൈകീട്ടാണെങ്കിലും അവൾ ഭാഗ്യവതി തന്നെ" എന്ന് മുതിർന്ന സ്ത്രീകളിൽ ചിലർ. "ഇപ്പോഴിത് വേണായിരുന്നോ ?" എന്ന് വേറെ ചിലർ. ഇതിനെയൊക്കെ അവഗണിച്ച് സരസു ഏടത്തി സടകുടഞ്ഞ് എഴുന്നേറ്റിരിക്കുകയാണല്ലോ.

സ്ത്രീകൾ ബേക്കറി സാധനങ്ങളുമായി സരസു ഏടത്തിയെ കാണാനെത്തി. കളിവാക്ക് പറഞ്ഞ് സരസു ഏടത്തിയെ നാണിപ്പിച്ചു. പതുക്കെ പല വീടുകളിലേക്കും വിരുന്നുണ്ണാനായ് പോയ്ത്തുടങ്ങി. നാടൻ കോഴിക്കറി, കൂർക്ക മൊളകൂഷ്യം, ഗോതമ്പ് പായസം, അങ്ങനെ വിഭവ സമൃദ്ധമായ ഉച്ചയൂണുകൾ. വൈകുന്നേരങ്ങളിലെ അടിപൊളി കാപ്പികുടികൾ. തീറ്റിയും കുടിയും ഗംഭീരമായി ത്തന്നെ നടക്കുകയാണ്. ക്രമത്തിൽ വയറ് വലുതായി. വിരുന്നുകൾ മുറക്ക് നടക്കുന്നുണ്ട്. പക്ഷെ, മലയാളം ചാനലിലെ സീരിയൽ ഗർഭം പോലെ സരസു ഏടത്തിയും ഗർഭ

കാലം നീട്ടിയെടുത്തിരിക്കുന്നോ ? എന്താണിങ്ങനെ? ആദ്യം വീട്ടുകാരും, പിന്നീട് നാട്ടുകാരും മൂക്കത്ത് വിരൽ വച്ചു. എന്താണ് സരസുവിന്റെ ഗർഭം പുറത്തുവരാത്തത് ? നാട്ടിൽ ഇതിനെ ചൊല്ലിയുള്ള ചില കുശുകുശുക്കലുകൾ, ചില ഒളിയമ്പുകൾ. അതുകൊണ്ടൊന്നും സരസു ഏടത്തി കുലുങ്ങിയില്ല. വിരുന്നുകൾ ഏകദേശം അടങ്ങിയിരിക്കുന്നു.

പന്ത്രണ്ടാം മാസം സരസു ഏടത്തി ഒരു പ്രഖ്യാപനം നടത്തി – 'ഗർഭം അലസി'. എന്നിട്ട് വയറിനു മേൽ കെട്ടിയ കൊച്ചു തലയിണ കിടക്കപ്പായിലേക്ക് മാറ്റി. മൂക്കത്ത് വിരൽ വച്ചവരെ, അല്ലാത്തവരെ, കേട്ടോ സരസു ഏടത്തിയുടെ ഉഗ്രൻ പ്രഖ്യാപനം.

ഇതിന്റെ അനുകരണ കഥകൾ പിന്നീടും കുഞ്ഞിമംഗലത്ത് ഉണ്ടായതായി മുത്തശ്ശിക്കഥകളായി പറഞ്ഞുകേൾക്കുന്നുണ്ട്. ●


കവിത



നിദ കെ. എ., നാലാം തരം
എ. എ. യു. പി. സ്കൂൾ
തേനൂർ വെസ്റ്റ്, പാലക്കാട്

## അസ്തമയം

എന്നെ കരയിച്ചോരമ്മയുടെ അസ്തമയം
അതെന്റെ ജീവിതം വെറുതെയാക്കി
ജീവിതപ്പാത കാണിച്ചു തന്നൊരെൻ അമ്മയെ
ഞാനന്നുമോർത്തുപോകും
നല്ലതും ചീത്തയും ചൊല്ലിത്തന്ന
അമ്മയാണെന്നും നല്ലയമ്മ.
ആ ജീവനെന്നേ വിട്ടുപോയി
വെറുതെയായി എന്റെ ജീവിതം
ഇരുട്ടിൽ ഞാൻ പെട്ടുപോയി
ദീപമായ് തീർന്നിരുന്നെന്റെയമ്മ
നെറുകിൽ തലോടി പുഞ്ചിരിയോടെയെൻ
മുന്നിൽ വരുമെന്റെ സ്വന്തമമ്മ
മാമൂട്ടി എന്നും അടുത്തിരിക്കും
കാവലായ് എന്നും കൂട്ടിരിക്കും
ആ അമ്മ എന്നിൽ നിന്നുമസ്തമിച്ചു
എന്റെ ഭാഗ്യം തീർന്നുപോയി
ജീവനാണെന്നമ്മ സ്നേഹമാണെന്നമ്മ
ഗുരുവായിരുന്നമ്മ എന്നുമെന്നും.



# പ്രതിച്ഛായ



സൈനുദീൻ മുണ്ടക്കയം
9947253006

മഹാദേവമേനോൻ, തന്റെ പ്രതിച്ഛായ നന്നാക്കാൻ, എന്തു ചെയ്യണമെന്ന തീവ്ര ചിന്തയിലാണ്. തറവാടിന്റെ ഭരണം കയ്യേറ്റിട്ട് വർഷം മൂന്നാകുന്നു. നൂതനമായ പല പരിഷ്ക്കാരങ്ങളും, അംഗങ്ങളുടെ പുരോഗതിയെ ലക്ഷ്യമാക്കി, ആവിഷ്ക്കരിച്ചെങ്കിലും ഉദ്ദേശിച്ച പ്രതികരണമല്ല ഉയർന്നുവരുന്നത്. തുടക്കത്തിൽ ചില പ്രതിസന്ധികൾ വന്നുചേരാമെങ്കിലും ഭാവിയിൽ വലിയ മാറ്റങ്ങൾ മനസ്സിൽ കണ്ടുകൊണ്ടാണ് ഇത്ര വലിയ ചുമതല ഏറ്റെടുത്തത്.

ഉത്തരവാദിത്തങ്ങളിൽ നിന്നും പിന്നോട്ടുപോകുന്ന പ്രശ്നമില്ല. തന്റെ പരിഷ്ക്കാരങ്ങൾ നെല്ലിക്ക പോലെയാണ്. ആദ്യം ചവർക്കും പിന്നെ മധുരിക്കും. ഇതുൾക്കൊള്ളാൻ പലർക്കും പെട്ടെന്നു കഴിഞ്ഞെന്നുവരില്ല. വരട്ടെ, നോക്കാം എന്നു ചിന്തിച്ചിരുന്നാൽ കാര്യങ്ങൾ കൈവിട്ടുപോകും. ലക്ഷ്യം തുടർഭരണമാണ്.

ശിഷ്ടകാലം തറവാട്ടിലെ മുടിചൂടാമന്നനായി കഴിയണം. പറ്റുമെങ്കിൽ പേരും പ്രശസ്തിയും മറ്റുദേശങ്ങളിലും പരക്കണം, ചരിത്രത്തിന്റെ ഭാഗമാകണം. പണ്ടേയ്ക്കുപണ്ടേ പേരും പുകഴും പെറ്റ തറവാടാണ്. തനിക്ക് മുമ്പുണ്ടായിരുന്ന കാരണവന്മാർ കാണിച്ച അലംഭാവത്തിന്റെ അലയൊലികൾ കെട്ടടങ്ങിയിട്ടില്ല. ധൂർത്ത്, സ്വകാര്യനേട്ടം, പക്ഷപാതം തുടങ്ങി പല പോരായ്മകളും കൂട്ടുകുടുംബത്തിന്റെ അസ്ഥിവാരം തോണ്ടി. കലഹങ്ങളും പതിവായി. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന നിലയിലേയ്ക്ക് എത്തിയ വേളയിലാണ് താൻ ഭരണം ഏറ്റെടുക്കുന്നത്. അതുതന്നെ തന്ത്രപരമായ ചില നീക്കങ്ങളിലൂടേയും. ഇത് താനും അപ്പുണ്ണിയും മാത്രമറിയുന്ന രഹസ്യം !!

എത്രയൊക്കെ ശ്രമിച്ചിട്ടും പലർക്കും അതൃപ്തി. അപ്പുണ്ണി പല തന്ത്രങ്ങളും ഉപദേശിച്ചു. താനതു നടപ്പിലാക്കാൻ ശ്രമിക്കയും ചെയ്തു. പക്ഷെ, ഫലം കണ്ടില്ല. എവിടെയോ ഒരു പന്തികേട്. പൊതുവെ, മുൻകോപി, കടും പിടുത്തക്കാരൻ, ചോദ്യങ്ങൾക്ക് മറുപടി തരാത്തവൻ എന്നൊക്കെ തറവാട്ടംഗങ്ങൾക്കും നാട്ടുകാരിൽ ചിലർക്കും പരാതിയുണ്ട്.

ഒരു കാര്യത്തിനിറങ്ങിയാൽ അതിന്റെ പൂർത്തീകരണത്തിന് അല്പസ്വല്പ നിർബന്ധബുദ്ധി കൂടിയേ തീരൂ. അത് നിലനില്പ്പിന്റേയും പ്രതിച്ഛായയുടേയും ഭാഗമാണ്. ഒരു വലിയ കുടുംബമാകുമ്പോൾ എല്ലാവർക്കും സ്വീകാര്യമായ നടപടികൾ വിഷമകരമാണ്.

തറവാട് എന്നു പറഞ്ഞിട്ടു കാര്യമില്ല. എല്ലാ അംഗങ്ങൾക്കും ഒരേപോലെയല്ല വരുമാനം. അക്കൂട്ടത്തിൽ ധനസമ്പാദനത്തിൽ മിടുക്കരും മോശക്കാരുമുണ്ടാകും. സാമ്പത്തികമായി ബുദ്ധിമുട്ടുള്ളവർക്കാകും പരാതിയും പരിഭവങ്ങളും കൂടുക.

സാമ്പത്തിക ഭദ്രതയുള്ളവരും ഔദ്യോഗികമായി നില മെച്ചപ്പെട്ടവരും, അവരുടെ താല്പര്യ സംരക്ഷണാർത്ഥം ചില സൗകര്യങ്ങൾക്കായി സമീപിക്കും. അവരെ പിണക്കാതിരുന്നാൽ ഭരണനിർവ്വ

ഹണം സുഗമമാകും. അവർക്കനു കൂലമായി ചിലത് ചെയ്യേണ്ടതായി വരും. അത് പക്ഷഭേദമായി കണ്ട് മറ്റുള്ളവർ മുറുമുറുക്കും.

തറവാടിന്റെ നിലനില്പി നും, കെട്ടുറപ്പിനും, ക്ഷേമത്തിനു മാണ് തന്റെ പ്രവർത്തനമെന്ന് അവരെ ബോദ്ധ്യപ്പെടുത്താൻ പല വഴികളിലൂടേയും ശ്രമിക്കുന്നുണ്ട്. ചിലരെ തന്റെ ആശയപ്രചാരണ ത്തിനായി രഹസ്യമായി, നിയോഗി ച്ചിട്ടുണ്ട്. അവരത് കൃത്യമായി നിർ വ്വഹിക്കുന്നു. നിലനില്പ്പിന്റെ കാ ര്യമല്ലെ ?!

ഇതൊക്കെ കുറച്ചുനാള ത്തേക്ക് വിമർശകരെ തണുപ്പിക്കാ നേ ഉപകരിക്കൂ. തീരുമാനങ്ങളുടെ നടത്തിപ്പിൽ, കാലക്രമേണ ഒരു കൂ ട്ടർക്ക് നേട്ടവും മറ്റുള്ളവർക്ക് കോ ട്ടവുമാണെന്ന് തിരിച്ചറിയും... അറി യട്ടെ. ഏതുകാര്യത്തിനും രണ്ടു വ ശങ്ങളുണ്ടല്ലോ !!

തറവാടിന്റെ ഭരണനേതൃ ത്വം പരമ്പരാഗതമായി നിശ്ചയിക്ക പ്പെട്ട അഞ്ചുവർഷക്കാലാവധിയാ ണ്. അപൂർവ്വം ചില കാരണവന്മാർ ക്ക് മാത്രം ഭരണ തുടർച്ച ലഭിച്ചിട്ടു ണ്ട്. കാലാന്തരത്തിൽ രാഷ്ട്രീയ ത്തിന്റെ കടന്നുകയറ്റം തറവാടുക ളിലും പ്രതിഫലിച്ചുതുടങ്ങിയത് പലപ്പോഴും പ്രശ്നമാകാറുണ്ട്. സ മ്പന്നവിഭാഗം വലതുപക്ഷത്തും ദാ രിദ്രവിഭാഗം ഇടതുപക്ഷത്തും നി ലകൊള്ളുന്നു.

വർഷങ്ങൾക്കുമുമ്പ് ലൗ കിക സുഖങ്ങളും ബന്ധങ്ങളും ഉപേക്ഷിച്ച് സന്യസിക്കാൻ പോയ വർ തിരികെവന്ന് അധികാര വടം വലി തുടങ്ങിയതും തലവേദനയാ യി. പണ്ട് നഷ്ടപ്പെടുത്തിയവ തി രിച്ചുപിടിക്കാനുള്ള യോഗ്യതയാ യിട്ടവർ സന്യാസത്തെ കരുതുന്നു. ജനങ്ങളുടെ മേൽ മേല്ക്കോയ്മ യും ആഗ്രഹിക്കുന്നു.

ഈ പ്രവണത മനുഷ്യ മനസ്സുകളിൽ ഭിന്നത വളർത്തും. ഇത് മുതലാക്കാനാണ് അപ്പുണ്ണി യുടെ ഉപദേശം. ഭിന്നിപ്പിച്ചു ഭരി ച്ചും ഭരിക്കപ്പെട്ടും ശീലിച്ചവരാണ ല്ലൊ ജനം. സമ്പന്ന വിഭാഗത്തിന്റെ പിൻബലം സാമ്പത്തിക അടിത്തറ ഉറപ്പിക്കും. പക്ഷെ, പിന്നോക്കാവ സ്ഥക്കാർ എണ്ണം കൂടുതലാണ്. ആ ൾബലം നിസ്സാരവല്ക്കരിക്കാനാ വില്ല. ഒരു തറവാട്ടുവിപ്ലവം പൊട്ടി പ്പുറപ്പെട്ടാൽ കാര്യങ്ങൾ പിടിവിട്ടു പോകും. അത് തടയാനെന്തുവഴി ?

സ്വന്തം ഇഷ്ടാനിഷ്ട ങ്ങൾ ബലി കഴിക്കാതെ തന്റെ അജ യ്യത്വം ഉറപ്പാക്കണം. വളരെ കാല മായി അപ്പുണ്ണി തന്റെ നിഴലായി, വിശ്വസ്തനായി, ആപത്ബാന്ധവ നായി കൂടെയുണ്ട്. അതുകൊണ്ടു തന്നെ തന്ത്രങ്ങൾക്കും കുതന്ത്ര ങ്ങൾക്കും പഞ്ഞമില്ല. അയാളാണ ല്ലോ തന്റെ നിലനില്പ്പിന്റെ ആധാ രം.

പ്രതിച്ഛായ നന്നാക്കണ മെന്ന് അപ്പുണ്ണിക്കും നിർബന്ധം. തുടർ ഭരണം മാത്രമല്ല, ഇന്നത്തെ സാമ്പത്തിക ഭദ്രത കുറേക്കൂടെ വി പുലപ്പെടുത്തുന്നതിനും അത്യാവ ശ്യമാണ്. എന്നാൽ, തന്ത്രശാലിയാ യ അപ്പുണ്ണിയുടെ, ബുദ്ധിയുടെ മൂ ശയിൽ പുതുതായി ഒന്നും രൂപ മെടുത്തിട്ടില്ല.

പ്രതിച്ഛായ വീണ്ടെടുത്തേ പറ്റൂ. കാരണവ സ്ഥാനത്തേക്ക് ആദ്യമത്സരത്തിൽ കുടുംബാംഗ ങ്ങൾക്കിടയിൽ തന്റെ കഴിവുകൾ നിരത്തിവച്ച്, അവരുടെ പ്രീതി നേ ടിയെടുക്കാൻ ചില പൊടിക്കൈ കൾ അപ്പുണ്ണിയുടെ സഹായ ത്തോടെ പ്രയോഗിച്ചു. അത് ഫലി ച്ചു.

വയസ്സായവരെ നേരിൽ കണ്ട് ഒരു കോടിമുണ്ടും വെറ്റില യും പഴുക്കടക്കയും വടക്കൻ പുക യിലയും നൂറും കാൽക്കൽ വച്ചു ദണ്ഡനമസ്ക്കാരം നടത്തി. അവ ർ കോൾമയിർകൊണ്ട് പിടിച്ചെണീ പ്പിച്ച് അനുഗ്രഹിച്ചു. കാരണവർ സ്ഥാനം നല്കാമെന്നേറ്റു. പ്രയോ ഗിച്ച തന്ത്രം നൂറുശതമാനം വിജ യം. അതിലേക്കുവേണ്ടി വന്ന ചില വ് സമ്പന്നരിൽ ചിലരുടെ സംഭാവ നയായിരുന്നു.

തറവാട്ടുവക നൂറു കണ ക്കിനേക്കർ കൃഷിസ്ഥലം തരിശു കിടക്കുന്നു. അത് സഹകരണ കൃ ഷിക്കായി ഏറ്റെടുത്ത് തന്റെ പക്ഷ ത്തുള്ളവർക്ക് ഏല്പിച്ചുകൊടു ത്തു. അവകാശികൾക്ക് വർഷാ വർഷം നിശ്ചിത ശതമാനം ലാഭവി ഹിതം എന്ന വ്യവസ്ഥയും വച്ചു.

ആദ്യവർഷം ലാഭവിഹി തം പ്രഖ്യാപിച്ചു. പക്ഷെ, കൊടു ത്തില്ല. പ്രവർത്തന മൂലധനത്തി ലേക്ക് വരവുവച്ചു. ഇപ്പോൾ മൂന്നു വർഷം പിന്നിടുന്നു. അവകാശിക ളിൽ മുറുമുറുപ്പ് തുടങ്ങിയിട്ടുണ്ട്. ഭരണത്തിനൊരു പുതിയ മുഖം. അതാണിപ്പോഴത്തെ ചിന്താവിഷ യം !!

തറവാട്ടിൽ വൻ നിധി ശേ ഖരമുണ്ടെന്ന് ഒരു വാർത്ത പര ത്തി, എല്ലാവരിലും പ്രതീക്ഷയുടെ തിരി കൊളുത്തിയിട്ടുണ്ട്. നിധി കണ്ടെത്തുന്നതിന് വലിയ ഒരു ഹോമവും ഗുരുതിയും കർമ്മങ്ങ ളും നടത്താനുണ്ടെന്നും അതിലേ ക്ക് വലിയ ചിലവ് വരുമെന്നും അറിയിച്ചു. ദരിദ്രനാരായണന്മാർ അങ്കലാപ്പിലായി. അവരോട് വിഷ മിക്കേണ്ടെന്നും, തല്ക്കാലം പിരി വെടുക്കുന്നില്ലെന്നും, സമ്പന്നവി ഭാഗം ആ ചുമതല ഏറ്റെടുക്കുമെ ന്നും അറിഞ്ഞപ്പോൾ വിഷമിച്ചവർ ആശ്വസിച്ചു. അപ്പുണ്ണിയുടെ തന്ത്ര മായിരുന്നു ഇതും !!

നിധി കണ്ടെത്തിയവർ പക്ഷഭേദമില്ലാതെ എല്ലാ അംഗ ങ്ങൾക്കും തുല്യമായി വീതിക്കാ മെന്നുള്ള പ്രഖ്യാപനവും നടത്തി. ആ പ്രഖ്യാപനത്തിനും വയസ്സ് മൂന്ന്.

നിധിയെക്കുറിച്ച് അന്വേ ഷിച്ചവരോട്, ശ്രമം തുടരുന്നു, പല വിധ വിഘ്നങ്ങളും നേരിടുന്നതി നാൽ താന്ത്രികവിധി പ്രകാരം അല് പം കൂടി കാത്തിരിക്കണമെന്ന് ഒരു വിധം പറഞ്ഞു വിശ്വസിപ്പിച്ചിരിക്ക യാണ്. പലർക്കും സംശയനിവൃ ത്തി വന്നിട്ടില്ലെന്നുമറിയാം. ഹൊ ! ഈ പ്രതിച്ഛായ എങ്ങനെ മാറ്റിയെ ടുക്കും ?

അമേരിക്കയിലോ ജപ്പാ നിലോ മറ്റോ ആയിരുന്നെങ്കിൽ ഒരു പ്ലാസ്റ്റിക് സർജറിയിലൂടെ രൂപ മാറ്റം വരുത്താം. തല തന്നെ മാറ്റിവ യ്ക്കാം എന്നാണ് കേൾക്കുന്നത്. രൂപമാറ്റം കൊണ്ട് തന്റെ തനിസ്വ രൂപത്തിൽ, സ്വഭാവത്തിൽ, മാറ്റം വരുത്തുക വിഷമം തന്നെ. അങ്ങ നെ ആയാൽ താൻ താനല്ലാതാകു മല്ലൊ.

നരച്ച തല കറുപ്പിച്ചാലോ? കറുപ്പിച്ച കൊമ്പൻ മീശ ചെറു താക്കിയാലോ ? താടി വടിച്ചാ ലോ? അതൊന്നും പരിഹാരമാ വില്ല. പിന്നെ സാമ്പത്തിക സഹാ യം വർദ്ധിപ്പിക്കുക ! അതിന് അധി ക ധനസമാഹരണം വേണ്ടി വരും. സമ്പന്നർ സഹായിച്ചേക്കും !! പക്ഷെ, ഒന്നിനുപത്തായി അവർ വസൂലാക്കും. തറവാട്ടുസ്വത്ത് വല്ല റിയൽ എസ്റ്റേറ്റുകാർക്കും വിറ്റു കാശാക്കും. ചുരുങ്ങിയപക്ഷം തൊള്ളായിരത്തിതൊണ്ണൂറ്റൊൻപ തു വർഷത്തേക്ക് പാട്ടത്തിന് കൊ ടുക്കും.

ഹേയ് ! ശരിയാവില്ല. വൻ പ്രതിഷേധങ്ങൾക്കിടയാക്കും. ഇനിയെന്താ മാർഗ്ഗം ? അപ്പുണ്ണി ഒരുഗ്രൻ കുടിലതന്ത്രം മെനഞ്ഞെടുത്തിട്ടുണ്ട്. സംഗതി ഗുരുതരമായ പ്രത്യാഘാതങ്ങൾക്കു വഴിവച്ചേക്കാം... വരട്ടെ. ഒന്നുകൂടി ചിന്തിച്ചിട്ടാ കാം. കുറച്ചുകൂടി ലളിതമായിട്ടെന്തെങ്കിലും വഴി തെളിഞ്ഞാലോ?

പലപ്പോഴും, ധൃതി കൂടുന്നുണ്ട്. അതാണ് കുഴപ്പവും ! താ വഴിയിൽ പത്തു നാല്പത്തഞ്ചു കുടുംബങ്ങളുണ്ട്. പത്തഞ്ഞൂറു അംഗങ്ങളും. അവരിൽ ചെറുപ്പക്കാർ മാത്രം പകുതിയോളം വരും. കുറച്ചുപേർ പ്രശ്നക്കാരായിട്ടാണ് കാണപ്പെടുന്നത്.

ചിലർ ഗുരുതരപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. നാട്ടുകാർക്ക് തലവേദനയുണ്ടാക്കുന്നു. ഇവന്മാരെ ഇണക്കാനും പിണക്കാനും വയ്യ. നാട്ടുകാർ കൈകാര്യം ചെയ്താൽ നാണക്കേടും. തറവാടിനല്ലെ ചീത്തപ്പേര് ?

ചായക്കടക്കാരൻ അബ്ദുവിന്റെ കടയിൽ നിന്നും പത്തുപതിനഞ്ചുപേർ ബീഫും പൊറാട്ടയും മൂക്കുമുട്ടെ തിന്നു. പണം കൊടുക്കാനില്ല. ഒന്നും രണ്ടും പറഞ്ഞ് വഴക്കായി. അബ്ദുവിന്റെ കട തല്ലിപ്പൊളിച്ചു. അയാൾക്കും കുടുംബത്തിനും മുറിവേറ്റു. പ്രശ്നം ഗുരുതരം. അവിടെയും അപ്പുണ്ണിയുടെ തന്ത്രം വിജയിച്ചു.

ബീഫുകച്ചവടം നടത്തിയതിനെ കുട്ടികൾ ചോദ്യം ചെയ്തതിന് അബ്ദുവും കുടുംബവും കുട്ടികളെ കയ്യേറ്റം ചെയ്തെന്നും തുടർന്ന് നടന്ന വഴക്കിലാണ് നാശനഷ്ടങ്ങളും പരിക്കും പറ്റിയതെന്നും പോലീസിനെ അറിയിച്ചു. കുട്ടികൾ തറവാട്ടിലും അബ്ദുവും കുടുംബവും ആശുപത്രിയിലും !!

ഇതോടെ കുട്ടികളെ തങ്ങളുടെ കൂടെ നിർത്താനായത് നേട്ടം. നാട്ടുകാർക്കിടയിൽ അതൊരു ചർച്ചാവിഷയവും പുതിയൊരു സംഭവവുമായി പരിണമിച്ചു. ഇത്ര കാലവും വളരെ സൗഹാർദ്ദത്തിലും സഹകരണത്തിലും കഴിഞ്ഞിരുന്നവർ ചേരിതിരിഞ്ഞു. പക മനസ്സിൽ നിറഞ്ഞു. ഒരു തറവാട്ടിലെ ചിലരുടെ അസ്വസ്ഥതകൾ നാട്ടുകാരിലേക്കും പടരുന്നു. അറിയാതെ വീണ ഒരു തീപ്പൊരി ഒരു കാടു മുഴുവൻ ദഹിപ്പിക്കുമോ എന്നേ കാത്തിരുന്നു കാണുവാനുള്ളു. എന്തൊക്കെയായാലും തന്റെ നിലനില്പിന് കോട്ടം തട്ടരുത് അത്രമാത്രം. പ്രതിച്ഛായ നന്നാക്കണം. കാര്യങ്ങൾ കൈവിടുകയുമരുത്. തൊട്ടടുത്ത ദിവസങ്ങളിൽ ബീഫ് ഒരു പ്രശ്നമായി തലപൊക്കി. ചാക്കോച്ചന്റെയും ഗോപാലൻ നായരുടേയും ചാത്തുവിന്റേയും ചായക്കടകളിൽ ബീഫ് കൊമ്പുകുലുക്കി.

എല്ലാ സമാന സംഭവങ്ങൾ. ഒരു കൂട്ടം ചെറുപ്പക്കാർ സംഘമായിച്ചെന്ന് ബീഫും പൊറോട്ടയും തിന്നും, പണം ചോദിച്ചാൽ ബീഫ് വിരോധവും അക്രമവും. നാട് നരകമാകുന്ന നടപടികൾ അഴിഞ്ഞാടി. അനുകൂലിച്ചും പ്രതികൂലിച്ചും ജനം ഇരുചേരികളായി. ഇരകൾ പറയുന്നത് ഒരേ കാരണം തന്നെ. തന്റെ അനന്തരവന്മാർ തുടങ്ങിവച്ചത് നാടു മുഴുവൻ വ്യാപിക്കുന്നു. കലക്കവെള്ളത്തിൽ മീൻ പിടിക്കുക തന്നെ. തന്റെ നിലനില്പ്പിന്ന് ഇതും ഉപകരിക്കും. തറവാട്ടിലെ കുഴപ്പക്കാരായവരേയും അവരുടെ മാതാപിതാക്കളേയും വരുതിക്കു നിർത്താനായല്ലൊ.

ഒരു പ്രശ്നം അവസാനിപ്പിക്കുമ്പോൾ മറ്റൊന്ന്. ചെറുപ്പക്കാരെ നിലയ്ക്ക് നിർത്തുക വിഷമകരം തന്നെ. ഒരു ക്രിസ്ത്യാനി യുവാവ് തന്റെ സഹപാഠിയായ പെൺകുട്ടിയോട് കുശലം പറഞ്ഞ് ചിരിച്ചത് അനന്തരവന്മാർ പ്രശ്നമാക്കി. അവർക്ക് ചുറ്റും കൂടി ചോദ്യം ചെയ്യലായി. തങ്ങൾ സഹപാഠികളാണെന്നും യാദൃശ്ചികമായി കണ്ടപ്പോൾ കുശലം പറഞ്ഞതാണെന്നും മറ്റൊന്നുമില്ലെന്നും പറഞ്ഞിട്ട് വിടാൻ ഭാവമില്ല. യുവാവിനെ കയ്യേറ്റം ചെയ്തു. തടയാൻ ശ്രമിച്ച പെൺകുട്ടിയെ അപമാനിച്ചു, നാട്ടുകാരിളകി.

സദാചാരം നടപ്പിലാക്കാൻ മുന്നിട്ടിറങ്ങിയവൻ നോട്ടമിട്ടിരുന്ന പെണ്ണായിരുന്നു യുവതി. അവൾ അവനെ അവഗണിച്ചതിലുള്ള പക പോക്കലായിരുന്നു കയ്യേറ്റവും അപമാനിക്കലും.

സദാചാരക്കാരെ കൂടെ നിർത്താനും സാധിച്ചു. ചുരുക്കത്തിൽ ഓരോ സംഭവവും തനിക്കനുകൂലമായിത്തീരുന്നു. ഇതൊക്കെ എത്രനാൾ നിയന്ത്രിക്കാനാകും... സംശയമാണ്. ഇതേ വിദ്വാന്മാർ എപ്പോഴാണ് മറുകണ്ടം ചാടുക എന്നാർക്കറിയാം.

അപ്പുണ്ണിയാണിതിന്റെയൊക്കെ ഉപജ്ഞാതാവെന്നാരെങ്കിലും തിരിച്ചറിഞ്ഞാൽ കുഴപ്പമാകും. അടുത്ത ദിവസം രാത്രി കണ്ട ഒരു സ്വപ്നം വഴിത്തിരിവായി. പിറ്റേന്ന്, തലമുണ്ഡനം ചെയ്യിച്ചു, താടിയും മീശയും വടിപ്പിച്ചു. കണ്ണാടിയിൽ നോക്കി, സ്വയം ഞെട്ടി !! ഒരു അവതാരപുരുഷന്റെ രൂപം.

നെറ്റിയിൽ ഭസ്മം പൂശി. വീണ്ടും കണ്ണാടി നോക്കി. ശരിയായില്ലെന്നു മനസ്സ് പറഞ്ഞു. ഭസ്മം തുടച്ച് കളഭക്കുറിയിട്ടു. എന്നിട്ടും തൃപ്തി പോര. കുങ്കുമം വിരലിലെടുത്ത് പുരികങ്ങളുടെ നടുവിൽ നിന്നും മേല്പോട്ട് നെറ്റിയിൽ കുറിവരച്ചും എന്തോ ഒരു പന്തികേട്. ഒടുവിൽ കളഭക്കുറി മായ്ച്ചു. കുങ്കുമക്കുറി മാത്രമാക്കി. കൊള്ളാം, ഇങ്ങനെ മതി !! മുഖത്തിന്റെ കാര്യത്തിൽ ഒരു തീരുമാനമായി. അടുത്തത് വേഷം. ഇറക്കം കൂടിയ വെള്ള ജുബ്ബയും കുർത്തയും അണിഞ്ഞു. കണ്ണാടിയിൽ പ്രതിബിംബം. സ്വയം അഭിമാനം തോന്നി. ബാഹ്യ പ്രതിച്ഛായ ഉഗ്രൻ !!

നാട്ടുകാർക്കിടയിലും മറ്റു തറവാട്ടുകാർക്കിടയിലും താനൊരു ചർച്ചാവിഷയമാകണം. തന്റെ ഭരണമികവ് അവരിൽ മതിയുളവാക്കണം. എന്നുമാത്രമല്ല അവർക്കും കൂടി ഉപദേശകനോ, മാർഗ്ഗദർശിയോ ആയിത്തീരണം. അങ്ങനെ വന്നാൽ തുടർഭരണം ഉറപ്പിക്കാം. ശിഷ്ടക്കാലം സന്തുഷ്ടിയോടെ, തലയെടുപ്പോടെ കഴിയാം. തനിക്കും പിൻഗാമികൾക്കും സസുഖം വാഴാം. ചിന്തിച്ചപ്പോൾ ആകെ ഒരു ന്മേഷം !!

പുതിയ വേഷത്തിൽ തറവാട്ടിലെ അംഗങ്ങളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. അവർ അന്തംവിട്ടു നോക്കി. ആൾ അടിമുടി മാറിയിരിക്കുന്നു. ''മുഖത്ത് ഒരു ചെറുചിരി കൂടെയുണ്ടെങ്കിൽ കൊള്ളാമെന്ന്'' തറവാട്ടിലെ മുതിർന്ന ഒരമ്മ അഭിപ്രായപ്പെട്ടു. ക്ഷോഭം ഉള്ളിലൊതുക്കി അയാൾ ചിരിക്കാൻ ശ്രമിച്ചു. പക്ഷെ, അതൊരു ഇളിപ്പായി...

●

**നിങ്ങളുടെ വഴി നിങ്ങൾക്ക് നല്ലത്. പക്ഷെ എനിക്കല്ല. എന്റെ വഴി എനിക്ക് നല്ലത് നിങ്ങൾക്കല്ല.**

*-സ്വാമി വിവേകാനന്ദൻ-*

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

പ്രിയപ്പെട്ട മുരളി,

ജൂലൈ ഏഴിനാണ് ഞാനീ കത്തെഴുതുന്നത്. ലോകത്തിലെ ഏറ്റവും സമർത്ഥരും സേവനതൽപ്പരരുമായ പോലീസ് സേന ലണ്ടനിലാണെന്ന് കേട്ടിട്ടുണ്ട്. ഇന്ത്യയിലെ പോലീസ് സേനയിൽ കേരള സേനയ്ക്കും അപ്രധാനമല്ലാത്ത ഒരു സ്ഥാനമാണുള്ളത്.

എന്നിട്ടുമെന്തേ, അപമാനിയ്ക്കപ്പെട്ട ഒരു പാവം സിനിമാ നടിയുടെ കാര്യത്തിൽ ഇത്രമാത്രം അമാന്ത ദൈർഘ്യം. പ്രതികളെ പെട്ടെന്നുതന്നെ കസ്റ്റഡിയിലെടുക്കാൻ പോലീസിന് കഴിഞ്ഞു. പ്രതികളെ കൊണ്ട് തത്ത പറയും പോലെ ഗൂഢാലോചന പറയിക്കാനും നമ്മുടെ പോലീസിനറിയാം. എന്നിട്ടും ഇവിടെ... ഇങ്ങനെ...?

ചലച്ചിത്ര കലാകാരന്മാരുടെ കരുത്തുറ്റ സംഘടനയാണ് അമ്മ. അവിടെ ചില മഹാപ്രതിഭകൾ ഇക്കാര്യത്തിൽ മൗനമവലംബിച്ചു. ചിലർ പൊട്ടിത്തെറിച്ചു.

നിറപറയും നിലവിളക്കും കൊളുത്തി നാമൊക്കെ ആരാധിയ്ക്കുന്ന ചില സ്വർണ്ണ വിഗ്രഹങ്ങളുണ്ടല്ലോ ഈ രംഗത്ത്. ആ വിഗ്രഹങ്ങളൊക്കെ ഉടഞ്ഞുതരിപ്പണമാകുന്ന കാഴ്ചയാണ് നാം കണ്ടത് !

കൗരവസഭയിലും ഇത് തന്നെയല്ലെ ഉണ്ടായത്. വിവസ്ത്രയാക്കാൻ ശ്രമിയ്ക്കപ്പെട്ട നിരാലംബയായ ഒരു സ്ത്രീയെ രക്ഷിക്കാൻ ഒരു നീതിമാനും ചുണ്ടനക്കിയില്ല. അവർ മൗനികളായി. അവരൊന്നും കേട്ടില്ല; കണ്ടില്ല - നാമെല്ലാം പാടിപ്പുകഴ്ത്തുന്ന ഭീഷ്മദ്രോണാദികൾ ! ചില ദുശ്ശാസനന്മാർ അട്ടഹസിച്ചു; പരിഹസിച്ചു അവിടെയും; ഇവിടേയും.

മകളെ ഞങ്ങളങ്ങനെയാണ് പുരുഷവർഗ്ഗം. ഞങ്ങളെ പ്രസവിച്ച് പാലൂട്ടി വളർത്തിയ അമ്മ ഒരു സ്ത്രീയാണെന്ന സത്യം ഞങ്ങൾ വിസ്മരിയ്ക്കും. ഭാര്യയും മകളും സ്ത്രീകളാണെന്ന കാര്യം സൗകര്യപൂർവ്വം മറക്കും.

പണത്തിന്റെ, അധികാരത്തിന്റെ, സ്വാധീനത്തിന്റെ, പ്രശസ്തിയുടെ മായികാവലയത്തിലാണ് ഞങ്ങൾ. നീതിബോധം ഞങ്ങൾക്ക് കളിയ്ക്കാനുള്ള വെറുമൊരു കാൽപ്പന്ത് !

മകളെ മാപ്പ്... നിന്റെ - നിന്നെപ്പോലുള്ളവരുടെ - ദീനവിലാപം കേൾക്കാൻ ഒരു കൃഷ്ണനെങ്കിലും വരാതിരിയ്ക്കില്ല; തീർച്ച.

മുക്കം ഭാസി
9846138693

ഏക തത്ത്വ ജൂലായ് ലക്കം - മുഹമ്മദ് കനിയുടെ അനുഭവം - മത്സ്യമൂർഖൻ - വായിച്ചു കഴിഞ്ഞപ്പോൾ മുപ്പതു വർഷം മുൻപുവരെ ഒരു പക്ഷെ ഇത്തരം അനുഭവം ഉള്ള കുട്ടികൾ ഉണ്ടായിരുന്നിരിക്കണം. കാലം മാറിയപ്പോൾ പല കുളങ്ങളും പുരയിടങ്ങളായി, പല നീർച്ചാലുകളും നികത്തപ്പെട്ടു. മഴ തന്നെ കുറവായി. കാലാവസ്ഥയിൽ പോലും മാറ്റങ്ങളായി. എല്ലാം തകിടം മറിഞ്ഞു. കേരളത്തിന്റെ കൃഷി സമ്പ്രദായം തന്നെ മാറ്റപ്പെട്ടു. മഴ പെയ്ത് പെയ്ത് വെള്ളം പൊന്തിക്കഴിയുമ്പോൾ മത്സ്യം വയലുകളിലും, കുളങ്ങളിലും പുതുമഴയുടെ ഹർഷാരവത്തോടെ ചാടിമറിയും. ഏതാണ്ടെല്ലാ ചെറുപ്പക്കാരും മത്സ്യത്തെ പിടിക്കുവാനിറങ്ങും. അതൊക്കെ പഴയകാലം. ഇനി ഓർമ്മകളിൽ സുഗന്ധം പരത്തുന്ന കാലം. നന്നായി. അഭിനന്ദനം.

ടി. വി. ഹരികുമാർ
കണിച്ചുകുളങ്ങര
9446118387

സ്നേഹം നിറഞ്ഞ ചീഫ് എഡിറ്റർ മുരളിക്ക്,

ഏക തത്ത്വ ജൂലൈ ലക്കം വായിച്ചു. ഏക തത്ത്വ പടവുകൾ ചാടിക്കയറുന്നത് കണ്ടിട്ട് ഏറെ സന്തോഷമുണ്ട്. പുതിയ എഴുത്തുകാരും - പുതിയ വായനക്കാരും, പുതിയ ഇടങ്ങളും കണ്ടെത്തിയതിൽ സന്മനസ്സുള്ള താങ്കളുടെ അന്വേഷണ ചതുരത പ്രശംസനീയം തന്നെ.

കൂടാതെ ഓരോ ലക്കത്തിന്റേയും പുറംചട്ട കലാമൂല്യമുള്ള നയന മനോഹരമായ ചിത്രങ്ങൾ - കലാസ്നേഹികൾക്ക് ഒരു മുതൽക്കൂട്ടാണ്. എഴുത്തുകാർ ഒന്നിനൊന്ന് മികച്ചവർ തന്നെ. ഇക്കൂട്ടത്തിൽ രണ്ടുമൂന്നു പേരുകൾ എടുത്തു പറയാൻ മടി കാണിക്കുന്നില്ല.

തുളസി കേരളശ്ശേരിയുടെ അപരാധി എന്ന കഥ ഒരു 'അപരാധി'യുടെ ഹൃദയനൊമ്പരം തുടിക്കുന്ന അനുഭവവേദ്യമായ ചിത്രീകരണം കൊള്ളാം.

'കോങ്ങാടിന്റെ ഇന്നലെകൾ' എന്ന ചരിത്രപുസ്തകം ശ്രീ. ബാലഗംഗാധരൻ മാസ്റ്റർ എന്ന ചരിത്രകാരൻ രചിച്ചതാണ്. ആ ഗ്രന്ഥത്തിൽ കോങ്ങാടുകാരായ പലർക്കും അറിയാത്ത അറിവുകൾ പകർന്നുകൊടുക്കുന്ന ഒരു ചരിത്ര പുസ്തകമാണ്. ആ പുസ്തകം ശരിക്കും പഠിച്ച് ഗ്രന്ഥനിരൂപണം ചെയ്ത് - മർമ്മഭാഗങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള ശ്രീമതി. കൃഷ്ണ എഴക്കാടിന്റെ ശ്രമം തരക്കേടില്ല.

ശ്രീ. മുക്കം ഭാസി 'എന്റെ അഭിനയ സ്മരണകൾ' വരച്ചു കാണിക്കുന്ന - അഭ്രപാളികളിലെ ചിത്രങ്ങൾ പോലെ വായനക്കാരുടെ മനസ്സിൽ വെട്ടിത്തിളങ്ങിനില്ക്കുന്നു. പഴയകാല നാടകഗാനങ്ങളും കവിതാ ശീലുകളും ഉദ്ധരിച്ചുകൊണ്ട് സ്മരണകൾ അയവിറക്കുമ്പോൾ സാഹോദര്യത്തിന്റെ മാറ്റുരയ്ക്കുന്ന സന്ദർഭങ്ങൾ വായിക്കുമ്പോൾ കണ്ണിൽ ഈറനണിയിക്കുന്ന ഹൃദയസ്പർശിയായ രംഗങ്ങൾ വായനക്കാരുടെ മനസ്സിൽ കെട്ടുപിണഞ്ഞു കിടക്കുന്നു.

ജീവനുതുല്യം സ്നേഹിച്ചിരുന്ന ജ്യേഷ്ഠനും കുടുംബവും അദ്ദേഹത്തിന്റെ ഏക മകളും മക്കളില്ലാത്ത അനുജൻ മാധവന് എല്ലാമായിരുന്നു. അനുജൻ മാധവന്റെ മക്കളില്ലാത്ത ദുഃഖം ജ്യേഷ്ഠന്റെ മകൾ പത്മത്തിലൂടെ സായൂജ്യമടഞ്ഞ് നില്ക്കുമ്പോഴാണ് സന്ദർഭവശാൽ "മാധവാ നീ ഒരു കാര്യം ഓർത്തോ, പത്മം എന്റെ മകളാണ്. അവളുടെ കാര്യം ഞാനാണ് തീരുമാനിക്കുന്നത് നീയല്ല." ഇതുകേട്ട മാധവന്റെ ചങ്ക് തകർന്നു. ഈ രംഗമാണ് എന്റെ കണ്ണിൽ ഈറനണിയിച്ചത്.

മറ്റൊരുകാര്യം പലരും പറയാൻ മടിക്കുന്ന സഹപാഠിയുമായുള്ള വിവാഹം അദ്ദേഹത്തിന്റെ ഹൃദയശുദ്ധിയുടെ തെളിവാണ്.

നാടകാഭിനയകാലത്തുള്ള ചിത്രീകരണത്തിലൂടെ ശ്രീ. മുക്കത്തിന്റെ ഹൃദയശുദ്ധിയും രചനാവൈഭവവും ശ്ലാഘനീയം തന്നെ.

സ്നേഹപൂർവ്വം

സുകുമാരൻ നെല്ലാനിക്കാട്

9495276965

---

പ്രിയ മുരളി,

ജൂലൈ ലക്കം മാസിക കിട്ടി. താങ്കളുടെ മുഖപ്രസംഗം പ്രവചനങ്ങളാകുന്നുവോ എന്ന് സംശയം. ജ്ഞാനപ്പാനയിലെ വരികൾ സമകാലീന സംഭവങ്ങളുമായി ഉപമിക്കാവുന്നതല്ലേയെന്ന് തോന്നുന്നു.

*ചൊല്ലേഴും മഹാനുഭാവന്മാരാം*
*പ്രൗഢാത്മാക്കൾ*
*വല്ലാതെ ബാലന്മാരോടിങ്ങനെ*
*തുടങ്ങിയാൽ*
*ആശ്രയമവർക്കെന്തോന്നുള്ളതു*
*തപോന്നിധെ ?*
*രചനാകർമ്മധർമ്മം എങ്ങിനെ*
*പാലിക്കുന്നു ?*

രാമായണമാസം ആയതുകൊണ്ട് ശ്രീ. എം. എം. മേനോൻ എഴുതിയത് കണ്ടപ്പോൾ ഇതാണ് പറയാൻ തോന്നിയത്. പുരുഷാർത്ഥം എന്ന കഥയിൽ, സടകുടഞ്ഞെഴുന്നേറ്റ് നിസ്സഹായയായ മാതാവിനെ സ്വന്തം സംരക്ഷണത്തിൽ നിർത്തി, പഴി ചാരുന്ന ലോകത്തെ ധിക്കരിക്കുന്ന രാധാ എന്ന കഥാപാത്രം സകാരാത്മകതയുടെ പര്യായമാണെന്ന് പറഞ്ഞവർ നിരവധിയാണ്. അതിനെ വെറും അസഭ്യവാക്കുകളെഴുതിയ ലേഖനമെന്ന് വേർതിരിച്ചുകണ്ടതിൽ ദുഃഖം തോന്നി. എഴുത്തുകാരനേയും വില്ലാളിയേയും ഉപമിക്കുന്ന സുഭാഷിതത്തിലിങ്ങനെ പറയുന്നു, "അനുവാചകന്റെ മനസ്സിൽ ഇളക്കങ്ങളുളവാക്കാത്ത രചയിതാവും ലക്ഷ്യത്തിലെത്താത്ത ശരമെയ്യുന്ന വില്ലാളിയും ഒരുപോലെയാണ്." ഇളക്കങ്ങൾ ഉളവാക്കാൻ ചിലപ്പോൾ മണിപ്രവാളമലയാളം മതിയാകാതെ വന്നേക്കാം. തീക്ഷണമായ അനുഭവങ്ങളുടെ ഉറവിടം വിവരിക്കാൻ രചയിതാവിന് സ്വാതന്ത്ര്യം അനുവദിക്കുന്നതല്ലേ ഭംഗി ?

ഇനി 'ധ്വന്യാലോകം' എന്ന സാഹിത്യശാസ്ത്ര ഗ്രന്ഥത്തിലൂടെ രചയിതാവായ ആനന്ദവർധനൻ പറയുന്നത് ശ്രദ്ധിക്കുക :

അപാരെ കാവ്യസംസാരേ
കവിരേക പ്രജാപതി:

അപാരമായ കാവ്യലോകത്തിൽ കവി മാത്രമാണ് സൃഷ്ടിക്കുന്ന ബ്രഹ്മാവ്, അദ്ദേഹം ഇഷ്ടപ്രകാരം കാവ്യലോകത്തെ മാറ്റിക്കൊണ്ടിരിക്കുന്നു. അപ്പോൾ സകാരാത്മകവും, നകാരാത്മകവും എന്ന് തരം തിരിക്കാതെ ആ സർഗ്ഗക്രിയ ആസ്വദിക്കുന്നതല്ലേ കരണീയം ? എം. ടി. യുടെ നിർമ്മാല്യത്തിൽ വെളിച്ചപ്പാടിനെ നാം ആസ്വദിച്ചതുപോലെ.

പ്രമോദ് മഞ്ചേരി

09495607393

---

പ്രിയപ്പെട്ട മുരളിസാർ

ഏക തത്ത്വ 2017 ജൂലൈ ലക്കം വായിച്ചു. ഏറെ അറിവ് പകരുന്ന സമകാലീന സംഭവങ്ങളുടെ ആഖ്യാനം തന്നെയാണത് എന്നതിൽ സംശയമില്ല. പ്രത്യേകിച്ച് മുരളി സാറിന്റെ എഡിറ്റോറിയൽ. മനുഷ്യന്റെ ജന്മസാഫല്യങ്ങളേയും അതിലെ അനിവാര്യതയും അടിവരയിടുന്നതായിരുന്നു അത്. മനുഷ്യർക്ക് സുരക്ഷിതത്വവും സമാധാനവും നൽകേണ്ട ഭരണകൂടങ്ങൾതന്നെ അവ രണ്ടും നഷ്ടപ്പെടുത്തുമ്പോൾ 'വേലി തന്നെ വിളവ് തിന്നുന്നതിന് സമം'. എന്തായാലും കാലികവും മൗലികവുമായ അവതരണം. മനസ്സിൽ തട്ടി. ഗുരുവിന്റെ വാണക്രൈ കാലവും അതിലെ കാട്ടിലെ വൻമരത്തിന്റെ വേരുകൾ പരന്ന് സഞ്ചരിച്ച് വെള്ളവും വളവും കണ്ടെത്തുന്നത് പോലെ മനുഷ്യൻ അദ്ധ്വാനിച്ച് ജീവിക്കേണ്ടവനാണെന്ന പ്രയോഗവും ഏറെ ശ്രദ്ധേയം. അതുപോലെ ടി. പി. നാരായണൻകുട്ടിസാറിന്റെ ഒരു സാധാരണക്കാരന്റെ ആത്മാശങ്കകൾ, ഏറെ ചർച്ച ചെയ്യേണ്ടതാണ്. ഇന്ത്യയെ 4000 വർഷം പിന്നിലേക്ക് തള്ളിവിടാനുള്ള ശ്രമമാവുമോ ? ജനാധിപത്യത്തിലെ ഈ പിഴവുകൾ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സൈനുദീൻ മുണ്ടക്കയത്തിന്റെ പുലിച്ചിരിയും, മുഹമ്മദ് കനിയുടെ മത്സ്യമൂർഖനും, കേരളദാസനുണ്ണിയുടെ വാസ്തുബലിയും, ടി. കെ. ഉണ്ണികൃഷ്ണന്റെ നഖങ്ങൾ, സുരേഷ് തെക്കീട്ടിലിന്റെ കലികാലം എന്നിവയും നന്നായിരുന്നു. ആകെപ്പാടെ ജൂലൈ ലക്കം ഏക തത്ത്വ 'വായനയുടെ ഒരു വസന്തം' തന്നെയായിരുന്നു. പത്രാധിപർക്കും എഴുത്തുകാർക്കും ഹൃദയം നിറഞ്ഞ ഭാവുകങ്ങൾ.

അബ്ദുറബ്ബ്

9400227780



9895659050

**അജയ് ബാലചന്ദ്രൻ**

# ധ്യാനം

അർത്ഥ നിരൂപണം
സാധ്യമതല്ലാത്ത
ഒലിതൻ സ്ഥൂലത ധ്യാനം
വാച്യാർത്ഥ മായിക
തിരശീലതൻ പിന്നിൽ
ഒളിവീശും വാണിഹൃദിസ്ഥിതം
ധ്യാനം
സാത്വിക സൃഷ്ടിക്കും
ആനന്ദ സ്ഥിതിക്കും
ആതങ്ക സംഹാര കാരണ ധ്യാനം
ചാരെ വിരാജിച്ചു
ജന്മങ്ങൾ അലയിച്ച
സദാ സിദ്ധ വസ്തു,
അതു ധ്യാനം
ലോകത്രയത്തെയും
കാൽകീഴിൽ ആഴ്ത്തുന്ന
കർമകൗശല്യ പരാജയം ധ്യാനം
അനുദിനം മൃത്യുതൻ
സ്മൃതിയെ ഉണർത്തിടും
സർവ്വജീവരമ്യ നിദ്രയാം ധ്യാനം
സ്പന്ദനങ്ങൾതോറും
ഗാഢമായ് ചേരുന്ന
ശൂന്യ ലക്ഷ്യമാം
വീഥിയാം ധ്യാനം
മിഥ്യാ സമുദ്രലംഘന
ഹേതുവാം സേതു
അവിദ്യാ കല്പിത
നാമധേയം ധ്യാനം
ഇന്നും ഒരൊറ്റ നോവിനെ
തൊട്ടുണർത്തും
ഗുരുപുത്ര നാമമായ്
മഹേശ്വര ധ്യാനം
ദൃഢതയാർന്നുശാന്തമായ്
നിലകൊണ്ട
നെല്ലിമരത്തിൽ പൊലിഞ്ഞൊരാ
തണൽമരം
എൻ ജീവനെ തെളിച്ച
പരമാത്മ കിരണം
സകല ജല പാത്രത്തിലും
ഒരുപോൽതെളിയും
ശീതളമാർന്നൊരാ
പൂർണ്ണചന്ദ്രശോഭ ധ്യാനം

# വഴിയേ പോയ വയ്യാവേലി

**കാരിത്തടം വർക്കി**
8281926230, 8281926240

**അ**ശോകൻ രാവിലെ തന്നെ കുളിച്ചു നെറ്റിയിൽ ചെറിയൊരു കുറിയും വരച്ച് കൃഷ്ണന്റെ ചിത്രത്തിൽ തൊട്ട് തലയിൽ വച്ചുയാത്ര പുറപ്പെടാൻ തുടങ്ങുമ്പോഴാണ് എന്താ പതിവില്ലാതെ ഇന്നൊരു കൃഷ്ണ സ്നേഹം എന്ന ചോദ്യവുമായി ശ്രീമതി മുന്നിൽ പ്രത്യക്ഷപ്പെട്ടത്. ഈ യാത്രയുടെ ലക്ഷ്യം സഫലീകരിക്കാൻ കൃഷ്ണൻ തന്നെ മനസ്സുവെച്ചാലേ നടക്കൂ എന്നും യാത്രോദ്ദേശ്യം കാമുകി ദർശനമാണെന്നും ഭാര്യയോട് കള്ളത്തരത്തോടുമൊഴിയാൻ നിർവ്വാഹമില്ലാത്തതിനാൽ ഞാൻ ഭാര്യയെ നോക്കി ഒന്നു പുഞ്ചിരിച്ച ശേഷം ഇത് നീ അറിയേണ്ട വിഷയമല്ലെന്ന് മനസ്സിൽ പറഞ്ഞുകൊണ്ട് പടിയിറങ്ങുമ്പോൾ കല്യാണം കഴിഞ്ഞിട്ട് ഇന്നേവരെ കൃഷ്ണന്റെ ചിത്രത്തിലേക്കുനോക്കുക പോലും ചെയ്യാത്ത മനുഷ്യനായ എനിക്കിതെന്തു പറ്റിയെന്ന ചിന്തയിൽ തന്നെ നിൽക്കുകയായിരുന്ന സഹധർമ്മിണിയോട് പട്ടി ഏറുമേടിക്കാനും മനുഷ്യൻ നന്നാകാനും അധികം സമയമൊന്നും വേണ്ടെന്ന് അമ്മ പറയുന്നതുകേട്ടു.

ഒരു റോങ്ങ് നമ്പർ കോളിൽക്കൂടി സുഹൃത്തായി തീർന്ന സുമതിയെന്ന സുന്ദരിപ്പെണ്ണിനെ കാണാൻ മാനന്തവാടിയിലേക്കുള്ള യാത്രയ്ക്കായി ബസ്സ് സ്റ്റാൻഡിലെത്തിച്ചേർന്ന ഞാൻ എനിക്കും കൂടി ഷെയറുള്ള ആന വണ്ടിയിൽത്തന്നെ കയറിപ്പറ്റി. വിവാഹിതനും ഒരു കുട്ടിയുടെ തന്തപ്പടിയുമായ ഞാ ൻ അവിവാഹിതനെന്നും പറഞ്ഞ് സുമതിയെ വിളിച്ചതുപോലെ അവിവാഹിതയാണെന്നെന്നോടു പറഞ്ഞ സുമതി വിവാഹിതയും ഒരു കുട്ടിയുടെ തള്ളയുമാകാനുള്ള സാധ്യതയില്ലേയെന്നോർത്തപ്പോൾ അറിയാതെയൊന്നു ഞെട്ടിയ ഞാൻ പരിസരം വീക്ഷിക്കുമ്പോൾ ബസ് വയനാടുചുരം വലിഞ്ഞു കയറാൻ തുടങ്ങിയിരുന്നു.

ഫോൺ ബന്ധം, എഴുത്തു ബന്ധം എന്നിവ മുറുക്കിയപ്പോഴാണ് പരസ്പരദർശനമെന്നയൊരു മോഹം ഞങ്ങളുടെ മനസ്സിലുദിച്ചത്. ദർശനശേഷം ഒത്താൽ സ്പർശനവുമാകാമെന്നെനിക്കുണ്ടായിരുന്നെങ്കിലും സുമതിയുടെ പ്രതികരണം എന്തായിരിക്കുമെന്ന് നിശ്ചയമില്ലാത്തതിനാൽ സ്പർശനക്കാര്യം സർക്കാരുകാര്യം പോലെ ലക്ഷ്യമില്ലാത്ത ഒന്നായി എന്നിൽത്തന്നെ അവശേഷിച്ചു.

മാനന്തവാടിയിലെത്തിച്ചേർന്ന ആന വണ്ടിയിൽ നിന്നു പുറത്തിറങ്ങിയപ്പോഴാണ് ബാക്കി പതിനാറ് രൂപയുടെ കാര്യം ഓർമ്മയിൽ വന്നത്. ചോദിപ്പിൻ തരപ്പെടും എന്നു പണ്ടു ക്രിസ്തു പറഞ്ഞതു ട്രാൻസ്പോർട്ട് കണ്ടക്ടർമാരെ ഉദ്ദേശിച്ചായിരിക്കുമെന്ന് എനിക്കപ്പോൾ തോന്നാതിരുന്നില്ല. ഞാൻ ചോദിച്ചു. കാശു ചോദിച്ച എന്റെ നേരെ അൻപത് രൂപയുടെ ഒരു നോട്ടെടുത്ത് നീട്ടി വില്ലന്റെ മുഖശ്രീയുള്ള അയാൾ അടുത്തുനിൽക്കുന്ന സ്ത്രീയെ ചൂണ്ടിക്കാട്ടി ഇതിൽ മുപ്പത്തിനാല് ഇവക്കു കൊട് എന്നും പറഞ്ഞ് ബാക്കി ചോദിച്ചത് ഇഷ്ടപ്പെടാത്ത രീതിയിൽ തന്റെ തലയ്ക്ക് മുകളിൽ തൂങ്ങിക്കിടക്കുന്ന ചരടിൽ പിടിച്ചു രണ്ടു വലി. എന്തോ ഇടിഞ്ഞുപൊളിഞ്ഞു വീഴുന്ന ശബ്ദം കേട്ട് ഞാനൊന്നു ഞെട്ടിയപ്പോൾ പേടിക്കേണ്ട സാറെ ഡ്രൈവർ വണ്ടി ഗിയറിലിട്ട ശബ്ദമാ അത് എന്നുപറഞ്ഞ് എനിക്കടുത്തു നിന്നിരുന്ന ഒരുവൻ എന്നെ ആശ്വസിപ്പിച്ചു. വണ്ടി പോയിക്കഴിഞ്ഞതും മുപ്പത്തിനാലിന്റെ അവകാശിയെ ഞാൻ ശ്രദ്ധിച്ചു. ഏതാണ്ടൊരു മുപ്പതിനടുത്ത് പ്രായം വരും. വലിയ സൗന്ദര്യമൊന്നുമില്ലെങ്കിലും മുടി ചീകിവെച്ചിരിക്കുന്നതും സിൽക്സ്മിതയുടേതു പോലുള്ള കണ്ണുകളും കാണാൻ ഒരു രസമുണ്ടെന്നുമാത്രം ബാക്കി വിലയിരുത്താൻ തുടങ്ങുന്നതിനു മുമ്പായി എന്റെ ആലോചനകളെ ബന്ധിച്ചുകൊണ്ട് അവൾ പറഞ്ഞു സാറേ എന്റെ മുപ്പത്തിനാല്.

പെട്ടെന്നാണ് അവളുടെ മുപ്പത്തിനാലിന്റെ കാര്യം എന്റെ ഓർമ്മയിലെത്തിയത്. എത്രയും പെട്ടെന്ന് ആ ബാധ്യത തീർത്തേ പറ്റൂ. സുമതി എന്നെ നോക്കി നിന്നു മുഷിഞ്ഞു കാണും ഇവളെ ഒഴിവാക്കിയിട്ടുവേണമല്ലോ അവളെക്കാണാൻ. അടുത്തുകണ്ട സ്റ്റേഷനറിക്കാരനോട് അൻപതുരൂപയുടെ ചെയ്ഞ്ച് ചോദിച്ചപ്പോൾ എന്നെ നോക്കി അവന്റെ കടയിലെ സാധനം വെറുതെ ചോദിച്ചവനോടെന്ന പോലെ ആ നിർഗുണൻ ചെയിഞ്ചില്ല എന്നുപറഞ്ഞു.

തൊട്ടടുത്തുള്ളത് ഒരു ചെരുപ്പുകടയാണ്. അവളെയും കൂട്ടി ചെരുപ്പുകടയുടെ സമീപത്തെത്തിയതും കച്ചവടക്കാരന്റെ മുഖം തെളിഞ്ഞതു ഞാൻ ശ്രദ്ധിച്ചു. ആദ്യമായി വീട്ടിൽ വരുന്ന ഗൾഫുകാരനായ അളിയനെയും പെങ്ങളെയും ആനയിക്കുന്നതുപോലെ അയാൾ ഞങ്ങളെ കടയ്ക്കുള്ളിലേക്കാനയിച്ചു. ചെരുപ്പുവാങ്ങാനല്ല, അൻപതു രൂപയുടെ ചെയിഞ്ചു വാങ്ങാനാണെന്നു പറഞ്ഞതും അയാളുടെ തെളിഞ്ഞമുഖം അപ്പോൾ തന്നെ ഇരുണ്ടു. എവിടുന്നു വരുന്നോ ഇവറ്റകളൊക്കെ എന്ന ഭാവത്തിൽ ഞങ്ങളെ രണ്ടിനേയും നോക്കി അയാളുമൊഴിഞ്ഞു ചെയിഞ്ചില്ലല്ലോ.

അൻപതിന്റെ നോട്ടുമായി നടക്കുന്ന എന്റെ പിന്നാലെ കയറും പിടിച്ച് നടക്കുന്നവന്റെ പുറകെ നടക്കുന്ന പശുവിനെപ്പോലെ അവളും വന്നു. ഇനിയെന്തായാലും ഒരുത്തനോടും ചോദിക്കുന്ന പ്രശ്നമില്ല എന്നു മനസ്സിലുറപ്പിച്ച് അടുത്തു കണ്ട ഹോട്ടൽ ചൂണ്ടിക്കാട്ടി അവളോടായി ഞാൻ പറഞ്ഞു. നമുക്കവിടെ കയറി ഓരോ ചായ കഴിക്കാം അപ്പോൾ ചെയിഞ്ചും കിട്ടും എന്ന് ഞാനതു പറയേണ്ട താമസം ഒരു ചായയല്ല മൂന്നുചായ കുടിക്കാനും റെഡിയെന്ന മട്ടിൽ അവൾ തലകുലുക്കി. മേശയ്ക്ക് അരികിൽ മുഖാമുഖം ഇരുന്ന ഞങ്ങൾ ഭാര്യാഭർത്താക്കന്മാരാണെന്നു വെയ്റ്റർ കരുതി. പെട്ടെന്നാണ് എന്നെ കാത്തുനിൽക്കുന്ന സുമതിയുടെ കാര്യം ഞാനോർത്തത്. ഉടൻ തന്നെ ചായയും അകത്താക്കി ബാക്കി കിട്ടിയതിൽ നിന്ന് അവളുടെ തേർട്ടി ഫോറും കൊടുത്തു ഞാനും എന്നോടൊപ്പം അവളും പുറത്തിറങ്ങിയതും എതിരേവന്ന രണ്ടുപേരിൽ വസൂരിക്കലയും കപ്പടാമീശയുമുള്ള ഒരുത്തൻ എന്റെ കയ്യിൽക്കയറിപ്പിടിച്ചുകൊണ്ടു പറഞ്ഞു. അങ്ങനെയങ്ങ് പോകാൻ വരട്ടെ സാറെ കാര്യമെന്തെന്നറിയാതെ മിഴിച്ചുനിന്ന എന്നോടായി

അവൾ പറഞ്ഞു, “എന്റെ ഭർത്താവാ”.

സംഭവം പെണ്ണുകേസാണെന്നു മനസ്സിലായി. ചുറ്റും കൂടിയവരോടായി ഭർത്താവെന്നു പറയുന്ന ആ കശ്മലൻ ഉറക്കെ അനൗൺസ് ചെയ്തു. ഞാൻ മിലിട്ടറിയിലാണ്. ഇന്നലെ ഞാൻ ലീവിനെത്തിയപ്പം ഇവള് അവിടെയുമില്ല. എന്തായാലും രണ്ടിനേം കൂടെ പിടികിട്ടിയതുനന്നായി.

അയാളതു പറഞ്ഞു തീർന്നതും കൂടി നിന്നവരെല്ലാം അമ്പടാ കേമാ, നീ ആളുമോശമില്ലല്ലോ എന്ന മട്ടിൽ എന്നെ നോക്കി ചിരിക്കാൻ തുടങ്ങി. ഞാൻ ഇവളേയും കൊണ്ടു പോയതല്ലെന്നും കണ്ടക്ടർ പറ്റിച്ച പണിയാണിതെന്നും പറയാൻ തുടങ്ങുമ്പോഴേക്കും അവളുടെ ഭർത്താവെന്ന ആ കാപാലികൻ അവളെ പിടിച്ചുവലിച്ച് എന്നെ ഏല്പ്പിച്ച് ഇന്നാ ഇനിമുതലങ്ങ് ഏറ്റെടുത്തോ എന്നും പറഞ്ഞ് നാരങ്ങാ വെള്ളം കുടിച്ച ഗ്ലാസ്സ് തിരിച്ചേൽപ്പിച്ചുപോകുന്ന ലാഘവത്തോടെ തിരിഞ്ഞൊരു നടത്തം.

ശബ്ദം പോലും പുറത്തു വരാതെ പരവശനായിപ്പോയ എന്നെ നോക്കി ചുറ്റും കൂടിയവരിലൊരുത്തൻ വിളിച്ചുപറഞ്ഞു. “ചുമ്മാ കിട്ടിയതല്ലെ സാറെ ഇരിക്കട്ടെ”. ഒരുത്തിയെ കാണാൻ പോയി വേറൊരുത്തിയേയും കൊണ്ട് തിരിച്ചുചെല്ലേണ്ടിവരുന്ന എന്റെ ഗതിയെപ്പറ്റി ആലോചിച്ചതും എന്റെ കണ്ണിലിരുട്ടു കയറി. •

## കണ്ണേട്ടൻ


ഡേവിഡ് മാത്യു
9446728334



മോൻ എന്നും സ്വപ്നത്തിൽ കള്ളനെ കണ്ട് പേടിച്ചോടുമെന്നോ ?

ആട്ടെ, എത്രയിലാ പഠിക്കുന്നത് ?

പഠിത്തമൊക്കെ കഴിഞ്ഞു. ഇപ്പോ പോലീസാ.




ചൂലനൂർ രാമചന്ദ്രൻ
9745675439

# വെള്ളിയാഴ്ചകൾ

(അവസാന ഭാഗം)

**പേ**രക്കിടാങ്ങളായ ഞങ്ങളെയൊക്കെ സ്കൂളിലേയ്ക്ക് യാത്രയാക്കിയശേഷമാണ് അമ്മൂമ്മയുടെ ശ്രീ ദേവിഭാഗവത പാരായണം. പാരായണത്തിനു മുന്നോടിയായി അമ്മൂമ്മ കാലും മുഖവും കഴുകി, കാക്കിയൂരമ്മയുടെ പൂവും പ്രസാദവും ശിരസ്സിലണിയും, മച്ചിന്റെ മുന്നിലെ നിലവിളക്ക് തെളിയിക്കും. അവിടെ തന്നെ ഒരു പുൽപ്പായ വിരിച്ച് ചമ്രം പടിഞ്ഞിരുന്നുകൊണ്ട് അമ്മൂമ്മ ഉറക്കെ പാരായണം തുടങ്ങും. വായനയിൽ സ്വയം മറന്നുലയിക്കുമ്പോൾ അമ്മൂമ്മ കരയുന്നതായും ചിരിക്കുന്നതായും കാണാം. ശുഭവരിസ്ഥാനം നോക്കി വായന നിർത്തി എഴുന്നേറ്റ് അമ്മൂമ്മ ഏത്തമിടുന്നതു കാണാം.

ഈ ഭാഗവത പാരായണത്തിനുശേഷം ഒരു മൊന്തയിൽ നാഴിയുരിയിലേറെ ചായയും നാലഞ്ച് ചെറുപഴങ്ങളുമായി അമ്മൂമ്മ തോട്ടം കിളയ്ക്കുന്ന മുത്തച്ഛന്റെ അരികിലെത്തും.

ഇത് മുത്തശ്ശനുള്ള ഒരു ഇടവക ആശ്വാസമാണ്. മുത്തച്ഛൻ തന്റെ പ്രാതൽ കൃത്യം എട്ടുമണിക്ക് അകത്താക്കിയിരിക്കും. പ്രാതലിന് എന്നും ഇഡ്ഢലിയും മുരിങ്ങക്കായ് സാമ്പാറും ഉഴുന്നുവടയുമാണ് ചേരുവകൾ. പ്രഭാതസവാരി കഴിഞ്ഞെത്തുന്ന മുത്തച്ഛന്റെ കൈയ്യിൽ വടക്കേടത്ത് ഗോപാലൻ നായരുടെ കടയിൽ നിന്നും വാട്ടിയ വാഴയിലയിൽ പൊതിഞ്ഞുവാങ്ങിയ ചൂടാറാത്ത അഞ്ച് ഉഴുന്നുവടകളുണ്ടായിരിക്കും. രണ്ടെണ്ണം മുത്തച്ഛന്റെ പ്രാതലിനും ബാക്കി ഞങ്ങൾ മൂന്നു പേരമക്കൾക്കും.

ഇതിനെല്ലാം ശേഷമാണ് അമ്മൂമ്മയുടെ കാലത്തുള്ള കഞ്ഞികുടി. കുത്തരിയാലുണ്ടാക്കിയ കഞ്ഞിക്ക് ഉപ്പിലിട്ട മാങ്ങയും, കനലിൽ ചുട്ടെടുത്ത പപ്പടവും തേങ്ങാ ചമ്മന്തിയും മുളകുചാലിച്ചെടുത്ത തൈരും നിർബന്ധമായും ഉണ്ടായിരിക്കും.

എല്ലാ കാര്യങ്ങളിലും അപാരകൃത്യനിഷ്ഠത കാത്തു സൂക്ഷിക്കുന്ന അമ്മൂമ്മയ്ക്ക് ഇനിയുമുണ്ട് പ്രത്യേകത. ആണ്ടിലൊരിക്കൽ വിഷുക്കണിക്ക് മാത്രമേ എന്റെ അമ്മൂമ്മ കാക്കിയൂർ പ്രസന്നലക്ഷ്മി ക്ഷേത്രത്തിൽ ചെല്ലാറുള്ളു. മേടം ഒന്നുമുതൽ ഏഴുനാൾ അമ്മ തിരുവടിയ്ക്ക് ഉത്സവമാണ്. ആ സുദിനത്തിൽ അമ്മൂമ്മ പുളിയിലക്കരമുണ്ടും അതിനുചേരുന്ന കസവുവേഷ്ടിയും ഉടുക്കും. എന്നും കഴുത്തിലിടാറുള്ള ചെയിനും

പതക്കത്തിനും പുറമെ കാശുമാല, നാഗഫണമാല, രണ്ടുവരി മുത്തുമാല, കാതിൽ കല്ലുവെച്ച തോട, രണ്ടുകയ്യിലും കാപ്പുവളകൾ, വിരലിൽ നവരത്ന കവചിത മോതിരം, കണ്ണിൽ അഞ്ജനം കൊണ്ട് വാലിട്ട് കണ്ണെഴുത്ത്, മുടിയിൽ മുല്ലപ്പൂമാല... ഹോ... എന്തൊരു സുന്ദരമായ മലയാളി മങ്കവേഷം.

അമ്മൂമ്മ അത്തരം ഉത്സവ വേഷമണിഞ്ഞാൽ... ഞാൻ അവരുടെ അരികിൽ നിന്നും മാറിനിൽക്കില്ല. പതഞ്ഞുപൊങ്ങുന്ന ഹൃദയാഹ്ലാദത്താൽ ഞാൻ ഇടയ്ക്കിടെ അമ്മൂമ്മയുടെ കവിളിൽ മുത്തം കൊടുക്കും. അമ്മൂമ്മ എനിക്ക് ഉത്സവപ്പറമ്പിൽ നിന്നും ബലൂണും പീപ്പിയും കാറ്റാടിയും ഹലുവയും പൊരിയും ഈന്തപ്പഴവും കോലുമിഠായിയും എല്ലാം വാങ്ങിത്തരും.

എന്നാൽ എന്റെ സ്വന്തം മുത്തച്ഛന്റെ കഥയോ...? ആശാന് ഉടുക്കാൻ തോർത്തുമുണ്ടിന്റെ സമൃദ്ധി മാത്രം. കയ്യിൽ എപ്പോഴും ഒരു കൈക്കോട്ടോ... കുറ്റിച്ചൂലോ... എന്തെങ്കിലും ഒന്നു കാണും. തെങ്ങിനും കവുങ്ങിനും നേന്ത്രവാഴയ്ക്കും മറ്റു പച്ചക്കറി ചെടികൾക്കും മണ്ണിടലും വളമിടലുമായിരിക്കും മൂപ്പിലാന്റെ പ്രധാന ജോലി. തൊടി മുച്ചൂടും നടന്ന് ചപ്പില അടിച്ചുവാരി കൊള്ളിവെച്ച് ചാരമാക്കി അത് തോട്ടത്തിലിട്ടാലെ ആശാന് ഉറക്കം വരൂ. കൂടാതെ... വഴിവരമ്പിലിറങ്ങി ചാണകം പെറുക്കി തെങ്ങിനും വാഴക്കും ഇട്ടുകൊടുക്കും. ഇതുകണ്ട് ചില ഏഷണികൾ മുത്തച്ഛനെ പരിഹസിച്ചുകൊണ്ട്... വളം വാരി പോലീസ് എന്നുവരെ കേൾക്കാതെ വിളിക്കും.

മുത്തച്ഛന്റെ അദ്ധ്വാനത്താൽ തെങ്ങും വാഴയും മറ്റും യഥേഷ്ടം ഫലങ്ങൾ തരുന്നതു കൊണ്ട് തീറ്റയുടെ കാര്യത്തിൽ ഞങ്ങൾക്കെന്നും ശുക്രിയാ... ബഹുത്ത് ശുക്രിയാ... പോരാത്തതിന് മുത്തപ്പൻ കോയമ്പത്തൂരിൽ ചെന്ന് പെൻഷൻ വാങ്ങി വരുമ്പോൾ കൊണ്ടുവന്ന് അമ്മൂമ്മയെ ഏല്പിക്കുന്ന ബ്രിട്ടാനിയ ബിസ്ക്കറ്റും ബോൺ വിറ്റയും നാരങ്ങ മിഠായിയും... ആവശ്യം പോലെ.

ഇമ്മട്ടിൽ കാര്യങ്ങൾ സസുഖം മുന്നോട്ട്... എന്നാകിലും...? ഈ മുത്തച്ഛൻ ഞങ്ങൾ പേരമക്കളെ അരുമിക്കാനോ... പെരുമിക്കാനോ... തുനിയാറില്ല. മുത്തച്ഛന്റെ ഈ വമ്പനാം പോലീസ് ഗർവ്വ് കാണുമ്പോൾ...? ഇല്ല... ഞാൻ അത് ഒരിക്കൽ മാറ്റിയെടുക്കുന്നുണ്ട്. പോലീസാണുപോലും... പോലീസ്; പെൻഷൻ പറ്റിയിട്ടും ആ ഗർവ്വ് മാറില്ലെന്നുണ്ടോ ? ആർക്കും എല്ലാവരേയും... എപ്പോഴും പേടിപ്പിച്ചുനിർത്താൻ സാധ്യമല്ല.

സംഗതികൾ അതുമാത്രമല്ല; മുത്തച്ഛൻ ഒരമ്പലത്തിലും ആശ്രമത്തിലും പോകാറില്ല. ചന്ദനക്കുറിയോ... ഭസ്മക്കുറിയോ തൊടാറില്ല. രാമനാമം ജപിക്കാറില്ല. അദ്ധ്വാനത്തിൽ കവിഞ്ഞൊരു ദൈവം മുത്തച്ഛന്റെ ജാതകത്തിലില്ല. മുത്തച്ഛന്റെ നേർപക്ഷവും മുത്തിയമ്മയുടെ ഭക്തിപക്ഷവും എവിടെയോ... വെച്ച് ഒന്നാകുന്നതുപോലെ എനിക്ക് അനുഭവപ്പെടുകയാണ്. അവർ ഒരിക്കലും അങ്ങോട്ടും ഇങ്ങോട്ടും പടപൊരുതാറുമില്ല പരാതി പറയാറുമില്ല.

ഇനി എന്റെ അച്ഛന്റെ കാര്യമെടുത്താലോ? എന്നെ എന്തുമാത്രം... കൊഞ്ചി... കൊഞ്ചി... ലാളിക്കുമെന്നോ !! ഉമ്മവെച്ച് ഇക്കിളിയാക്കുമെന്നോ !! ഞങ്ങൾ കുട്ടികളോടൊപ്പം ആന കളിക്കാനും കൂകൂ വണ്ടി കളിക്കാനും കണ്ണുപൊത്തി കളിക്കാനും അച്ഛൻ മുമ്പിലുണ്ടാകും. അതായത് മനസ്സിലൊരു കുട്ടിത്തം എല്ലാവരും എപ്പോഴും കാത്തുസൂക്ഷിക്കുന്നത് എത്രയും നല്ലതാണ്.

ഇതുകൊണ്ട് ഞാൻ മുത്തശ്ശനെ വെറുക്കുന്നതായി നിങ്ങളൊരിക്കലും ചിന്തിക്കരുത്. ഏത്തപ്പഴം തിന്നുമ്പോഴും നാരങ്ങ മിഠായി അലിയിച്ചിറക്കുമ്പോഴും... ഹൃദയശീതളിമയോടെ... ഓർത്തുപോകും ... ഞങ്ങളുടെ മുത്തശ്ശൻ... പാവം ഒരു മീശയില്ലാത്ത പോലീസാ... !!

നാം ഓരോരുത്തരും ഓരോരോ ശീലങ്ങൾക്ക് അടിമകളായിരിക്കും. പക്ഷേ... നാം ശീലിക്കുന്ന ശീലങ്ങൾ നല്ലതായാൽ... തന്തക്കും തള്ളയ്ക്കും നാട്ടുകാർക്കും അതിന്റെ ഗുണം കിട്ടും.

ഞങ്ങൾ രാവിലത്തെ കുളി കഴിഞ്ഞ് കാക്കിയൂർ അമ്പലത്തിലേക്ക് എന്നും വിളക്കെണ്ണ കൊണ്ടുപോയി കൊടുക്കാറുണ്ട്. അത് പ്രസന്നലക്ഷ്മിദേവിയുടെ മുന്നിൽ കത്തുന്ന വിളക്കുകളിൽ പകരാനാണ്. ലക്ഷ്മിദേവിക്ക് എന്തെങ്കിലും ഉപചാരം അർപ്പിച്ചുവേണം തൃപ്രസാദം പങ്കിടാൻ എന്നതാണ് എന്റെ അമ്മൂമ്മയുടെ നീതിശാസ്ത്രം. കടം വീട്ടാൻ കഴിയാത്ത ചില ഭൗതിക കടങ്ങൾക്ക് അറുതി വരുത്താനാണത്രെ ഇത്.

കാക്കിയൂർ അമ്പലത്തിൽ ചെന്നെത്തുന്നതോടെ ഞാനും അനുജന്മാരും ചങ്ങാതിമാരും വല്ലാത്തൊരു മാനസിക അസ്വസ്ഥതയിൽ ചെന്നുചാടും. ഞങ്ങളെ അത്തരത്തിൽ വലയ്ക്കുന്നത് അമ്പലത്തിലെ മേൽശാന്തിയാണ്. ശാന്തിക്കാരന്റെ മട്ടും ഭാവവും പ്രവർത്തികളും ഭക്തജനങ്ങളുടെ ഹൃദയവികാരത്തെ ആഴത്തിൽ മുറിപ്പെടുത്തുന്ന വിധത്തിലാണ്. എന്തിനധികം - ദൈവം തമ്പുരാൻ തന്നെ ഒരു മനുഷ്യരൂപത്തിൽ ഇഷ്ടന്റെ മുന്നിലെത്തിയാൽ കരുണയില്ലാത്ത ആട്ടും തുപ്പും ഇഷ്ടനും കിട്ടും.

മൊട്ടയടിച്ച് പള പളാ വെളുപ്പിച്ച തലയുടെ പിന്നിലായി ഒരു ചെറിയ പിൻകുടുമ. മണ്ണിൽ ഇഴയാത്തവിധം വലിച്ചുകെട്ടിയ പാളത്താറ്. നെറ്റിയിൽ മൂന്നു വിരൽ വീതിയിൽ ഭസ്മക്കുറിയും ചന്ദനക്കുറിയും. അതിന്റെ നടുവിൽ കനത്തൊരു കുങ്കുമപ്പൊട്ട്. പിന്നീട് ദേഹമാസകലം വരയും കുറിയും മുന്നോട്ടുതുറിച്ചുനിൽക്കുന്ന ഉണ്ടക്കണ്ണുകൾ നീണ്ടുയുർന്നുതാഴുന്ന നാസിക. മൂക്കുപ്പൊടി സ്ഥിരമായി ശീലിച്ചതുകൊണ്ട് വലിപ്പം കൂടിയിരിക്കുന്ന മൂക്കിന്റെ തുളകൾ. മാറിലൂടെ മയങ്ങുന്ന പൂണൂല്. ആളുകളോട് സംസാരിക്കുമ്പോൾ പൂണൂല് വട്ടം കറക്കുന്ന സ്വഭാവം. ആരെ കണ്ടാലും അല്പം മൂക്കുപ്പൊടി ഇരന്നുവാങ്ങി... ഉറക്കെ തുമ്മും. അമ്പലത്തിൽ നിന്ന് ഇടയ്ക്കിടയ്ക്ക് കതനവെടിയും ശാന്തിക്കാരന്റെ തുമ്മലും മുഴങ്ങിക്കൊണ്ടിരിക്കും.

ശാന്തിക്കാരന്റെ ഓരോ ചലനത്തിലും ദൈവത്തിന്റെ യഥാർത്ഥ പ്രതിനിധി താൻ മാത്രമാണെന്നുള്ള വമ്പും ഗർവ്വും അയിത്ത ദൂരങ്ങളും മുഴച്ചുനിൽക്കും. എന്തിനും ഏതിനും... ആരോടും... എപ്പോഴും കലഹിക്കുന്ന പരുക്കൻ ഒച്ച. നടക്കുമ്പോഴും ഇരുന്നെണീക്കുമ്പോഴും ചുറ്റും പുണ്യാഹം തെളിക്കുന്ന പൊങ്ങച്ചം.

എടാ... നീ... എണ്ണക്കിണ്ണം വെച്ച്... അങ്ങോട്ടു മാറി നിൽക്കെടാ... ഈ തെമ്മാടികൾ എന്നെ തൊ

ട്ട് അശുദ്ധമാക്കിയോ...? ഞെണ്ടും ഞൗഞ്ഞും തിന്നുന്ന വർഗ്ഗങ്ങള്... കാലത്തുതന്നെ ഇങ്ങോട്ട്... കെട്ടിയെടുക്കും; പൂവു വേണം... പ്രസാദം വേണം...; എന്താ ഇവറ്റകളുടെ തന്താരുടെ നേട്ടം ഇവിടെയാണോ...? മന്ത്രോം തന്ത്രോം അറിയാത്ത ഏഭ്യന്മാർ.

ഇത്തരത്തിലേറെ ഭീകരതയും നിന്ദയും നിറഞ്ഞ കല്പനകൾ കേട്ട് ശില ബിംബങ്ങൾ വരെ ഞെട്ടും. വേണ്ടാണ്ടീം വേണ്ടിയിട്ടും മനുഷ്യരോടിങ്ങനെ കുതിര കയറുന്ന ശീലം, ഏതു ദൈവവും ഈ ശാന്തിക്കാരനോട് ഉപദേശിക്കാനിടയില്ല.

അമ്പലത്തിലെ ജീവനക്കാരായ കഴകക്കാർ, വാദ്യക്കാർ, വെളിച്ചപ്പാട് തുടങ്ങിയവർക്കെല്ലാം ഈ ശാന്തിക്കാരനോട് പൊരുത്തപ്പെടാൻ കഴിയാറില്ല. എന്ത് അനിഷ്ടമുണ്ടെങ്കിലും അയാളുടെ ശാപവചനങ്ങൾ പേടിച്ച് എല്ലാവരും അയാളെ പരമാവധി ഒഴിവാക്കാൻ ശ്രമിക്കും.

ദൈവം, ഈ വിധത്തിൽ ചിലരുടെ മാത്രം കുത്തകയാണോ...? അതെങ്ങനെ ചിലരുടെ തറവാട്ടുസ്വത്തായി മാറും ദൈവം? ചിലർക്കൊക്കെ സമൂഹത്തെ ഭരിക്കാനുള്ള തീട്ടൂരം എഴുതിനൽകിയത് ആരായിരിക്കും ?

എന്തുകൊണ്ടോ ഏതുകൊണ്ടോ എനിക്ക് ദൈവങ്ങളോട് പിന്നെയൊന്നും പ്രാർത്ഥിക്കാനായി തോന്നാറില്ല. ഒരു വഴിപാടുകണക്കെ... മനഃശാന്തിക്കായി ഞാൻ ശ്രീകോവിലിനെ വലം വെച്ചുതുടങ്ങും. കറങ്ങുന്ന ഭൂമിയിലെ ചഞ്ചലചിത്തർക്ക് എവിടെനിന്നാണ് സമാധാനം കിട്ടുക. ആകാശത്തിലെ സൂര്യനും ചന്ദ്രനും ഭൂമിയോട് പ്രത്യേകിച്ചൊരു പക്ഷഭേദവുമില്ലല്ലോ ?

കാക്കിയൂരിൽ ആകെയുള്ളത്... കുട്ട്യാലി റാവുത്തരുടെ വലിയ പീടിക മാത്രമാണ്. അവിടെ ഉപ്പുതൊട്ട് കർപ്പൂരം വരെ വാങ്ങാൻ കിട്ടും. അമ്പലത്തിലേക്കുള്ള പല വ്യഞ്ജനങ്ങളത്രയും കുട്ട്യാലി റാവുത്തരുടെ കടയിൽ നിന്നാണ് വിതരണം ചെയ്യുന്നത്. ഈ പാരമ്പര്യത്തിന് രണ്ടു മൂന്നുതലമുറയുടെ പഴക്കമുണ്ട്. ആ പീടികയിൽ നിന്നും വാങ്ങി മച്ചകത്ത് ചീനഭരണയിൽ സൂക്ഷിക്കുന്ന നല്ലെണ്ണയാണ് വിളക്കെണ്ണയായി അമ്മൂമ്മ എടുത്തുതരാറ്. പുലർകാലെ കുളിച്ച് നിത്യവെള്ളയുടുത്ത് പരമഭക്തിയോടെ അമ്മൂമ്മ എടുത്തുതരുന്ന വിളക്കെണ്ണയ്ക്ക് എങ്ങനെയാണ് അശുദ്ധി സംഭവിക്കുക?

ഇനി അതുകൊണ്ടുകൊടുക്കുന്ന എന്റെ നിലയോ...? ഉദയസൂര്യനെ സാക്ഷിയാക്കി കാക്കിയൂർ പ്രസന്നലക്ഷ്മി ദേവിയുടെ തീർത്ഥകുളത്തിലാണല്ലോ ഞാൻ മുങ്ങിക്കുളിക്കുന്നത്. ഈറൻ മാറാത്ത വള്ളി ട്രൗസറിട്ട്... ഒരു ചായ പോലും കഴിക്കാതെ തികച്ചും മണ്ഡലകാലവ്രതം പോലെയാണല്ലോ ഞാൻ വിളക്കെണ്ണയുമായി അമ്പലത്തിലെ തിരുനടയിൽ ചെന്ന്... എണ്ണക്കിണ്ണം താഴെ വെച്ച് രണ്ടു മൂന്നു ഏത്തമിടുമ്പോഴായിരിക്കും ശാന്തിക്കാരന്റെ ദുർവ്വാസാവുചമയൽ. അന്നേരം... എന്റെ മനസ്സിലും ഹൃദയത്തിലും തീനാളങ്ങൾ ആളിപ്പടരും. ബുദ്ധി മേഘാവൃതമാകും.

എന്റെ അച്ഛനോ... അമ്മയോ... അമ്മൂമ്മയോ അപ്പൂപ്പനോ അക്ഷരം പഠിപ്പിക്കുന്ന അദ്ധ്യാപകരോ... ഞങ്ങളുടെ നൂറുനൂറു സഹപാഠികളോ... തമ്മിൽ തമ്മിൽ ആരോപിക്കാത്ത – 'ഈ അശുദ്ധി' – ക്ഷേത്രശാന്തിക്കാരൻ മാത്രം എവിടെനിന്ന് കണ്ടെത്തുന്നു ? ഈ അശുദ്ധി ആരോപണത്തിന്റെ പിന്നിലെ രഹസ്യം എന്തായിരിക്കും ? ഈശ്വരസേവനമാകുന്ന ഭക്തി കൊണ്ട് മനുഷ്യവിഭജനമാണോ നാം സൃഷ്ടിക്കേണ്ടത് ?

ഞങ്ങളുടെ അദ്ധ്യാപകരുടെ കൂട്ടത്തിൽ കണക്കെടുക്കുന്ന ജോസഫ് സാറുണ്ട്, മലയാളം പഠിപ്പിക്കുന്ന ആമിന ടീച്ചറുണ്ട്, ഹിന്ദി പഠിപ്പിക്കുന്ന ലീലാവതി ടീച്ചറുണ്ട്, ഡ്രിൽ പഠിപ്പിക്കുന്ന ചാത്തുണ്ണി മാഷുണ്ട്, ഈ സാറന്മാർ ഞങ്ങളിലോ... വിദ്യാർത്ഥികൾ അദ്ധ്യാപകരിലോ... ഇതുവരെ കണ്ടെത്താത്ത അശുദ്ധിയുടെ സ്യഷ്ടാവ് ആരായിരിക്കും ? സംശയം പെരുകുകയാണ്. അക്ഷരങ്ങളാൽ അകക്കണ്ണുതുറപ്പിക്കുന്ന അദ്ധ്യാപകരല്ലേ... യഥാർത്ഥത്തിൽ ദൈവത്തിന്റെ സ്വന്തം പ്രതിനിധികൾ !!!

ദൈവത്തേയും ദൈവസൃഷ്ടികളേയും ഭിന്നിപ്പിച്ചുകഴിയുന്നവർ ശരിക്കും മനുഷ്യരാകാൻ ഇടയില്ല. ദൈവത്തെ ഒന്നു നേരിൽ കണ്ടിരുന്നുവെങ്കിൽ ? കണക്കിന് മൂന്നുനാലു ചോദ്യങ്ങൾ ചോദിച്ച് മറുപടി കണ്ടെത്താമായിരുന്നു. ഒരുകാര്യം ഞാൻ ഉറപ്പിച്ചു പറയുന്നു. എനിക്ക് ദൈവത്തെ തോല്പ്പിക്കാനുള്ള ആഗ്രഹമില്ല. പൂവിളം മനസ്സുകളുടെ വേദന – നൊമ്പരങ്ങൾ... ദൈവത്തെ ബോധ്യപ്പെടുത്തണമെന്ന് മനസ് സദാ ചിലച്ചുകൊണ്ടിരിക്കുന്നു.

എല്ലാവരോടും ഉത്തരം പറയാൻ മടിച്ചിട്ടാകാം ദൈവം അദൃശ്യനായി വാഴുന്നത്. ആ അദൃശ്യതയാകാം ദൈവത്തിന്റെ ചിന്നിച്ചിതറാത്ത മുഖം. ഒരു സ്വപ്നം പോലും ചായം പൂശാത്ത അദൃശ്യതയിൽ... കളങ്കങ്ങൾ ആരോപിക്കാൻ ആരാലും സാധ്യമല്ലല്ലോ. അങ്ങനെ... ദൈവം... നിത്യ നിർമ്മലനാവുന്നു.

വെള്ളിയാഴ്ചകൾ എന്റെ മനസ്സിൽ ഊന്നിനിൽക്കാൻ ഇനിയും കാരണങ്ങളുണ്ട്. വെള്ളിയാഴ്ചകളിൽ വിളക്കെണ്ണയോടുകൂടി ശ്രീമഹാലക്ഷ്മിക്ക് നേദിക്കാനായി മലരും ശർക്കരയും ചെറുപഴവും അമ്മൂമ്മ തന്നുവിടും. അന്നേദിവസം കന്നിമൂല ഗണപതിക്ക് മുട്ടുവാൻ ഒരു നാളികേരവും തരും. കൂട്ടത്തിൽ ശാന്തിക്ക് ദക്ഷിണ നൽകാൻ ഒന്നേകാൽ രൂപയും തരും.

നാളികേരം കന്നിമൂല ഗണപതിക്ക് മുട്ടി ഒരുമുറി മേൽശാന്തി എടുക്കും. മലരും പഴവും ശർക്കരയും ശ്രീമഹാലക്ഷ്മിക്ക് നേദിച്ച്, അതിൽനിന്നും പപ്പാതി മേൽശാന്തി എടുത്തുമാറ്റും. തുടർന്ന് ബാക്കി പ്രസാദങ്ങൾ താഴത്തുവെച്ച് മേൽശാന്തി കല്പിക്കും, "എടുത്തുകൊണ്ടുപോടാ ചെറുക്കാ. ഇവിടെ തിരിഞ്ഞും മറിഞ്ഞും നിന്ന് അതുമിതും തൊട്ട് അശുദ്ധമാക്കാതെ വേഗം സ്ഥലം വിട്..." ഞാൻ ഉടനെ ആലിലയിൽ ദക്ഷിണ താഴത്ത് വെച്ചുകൊടുത്ത് പ്രസാദങ്ങൾ എടുത്തുകൊണ്ട് കൂട്ടുകാരെ കൂട്ടി പുറത്തുകടക്കും. ഓരോ അടി വെയ്ക്കുമ്പോഴും ഞാൻ ഉറപ്പിക്കും. ദൈവങ്ങൾക്ക് ആരോടും ഒരു പഴിയുമില്ലല്ലോ വെറുപ്പൊന്നുമില്ലല്ലോ !!!

നാമജപങ്ങളിൽ മനുഷ്യമനസ്സിനാണല്ലോ മാറ്റങ്ങൾ സംഭവിക്കുന്നത്. മാല കെട്ടുന്നവർ മനുഷ്യരല്ലേ...? അമ്പലം അടിച്ചുതെളിക്കുന്നവർ മനുഷ്യരല്ലേ...? അമ്പലത്തിൽ തൊഴാൻ ചെല്ലുന്നവർ മനുഷ്യരല്ലേ...? ഇനി... ആരെങ്കിലും അമ്പലത്തിൽ തൊഴാൻ ചെല്ലാറില്ല

– എന്നുവന്നാൽ, എന്താ അവർ മനുഷ്യരല്ലാതാകുമോ ? വിശ്വാസം വിളക്കല്ലേ !! വിളക്കിൽ നിന്ന് ഏത് അവസ്ഥയിലും വെളിച്ചമാണ ല്ലോ... പരക്കുക !! സൂര്യന് ഒരിക്കലും ഇരുട്ടിനെ അറി യാൻ കഴിഞ്ഞിട്ടില്ലല്ലോ !!

ഞങ്ങൾ ബാലന്മാർക്ക് ഒന്നും ചോദിക്കുവാനുള്ള അവകാശം ഒരിടത്തുമില്ലല്ലോ ? പിള്ളാര് എക്കാലത്തും എവിടേയും കളിപമ്പരങ്ങളാണല്ലോ. എല്ലാം മനസ്സിനകത്തിട്ടു പൂട്ടി – താക്കോൽ, ഞാൻ മറവിയുടെ സ്ഥിരം ചുമരിൽ തൂക്കും. ഒരുവിധ വികാരക്ഷോഭങ്ങളുമില്ലാതെ... പ്രഭാതസൂര്യൻ ഉദിക്കും. കാലത്തിന്റെ മുന്നോട്ടുള്ള കുതിപ്പിന് ഒന്നും ഒരു തടസ്സമാകുന്നില്ല.

മേൽശാന്തിക്കാരന്റെ ഇളയമകൻ മണിക്കുട്ടി ഞങ്ങളോടൊപ്പമാണ് പഠിക്കുന്നത്. അമ്പലത്തിലെ ദുരനുഭവങ്ങൾ വെച്ച്... ഞങ്ങളവനെ ഒരിക്കൽ ഞങ്ങളുടെ സംഘത്തിൽ നിന്നും പുറത്താക്കി. പാവം... അവന്റെ മുഖം വല്ലാതെ വാടി – കണ്ണുകൾ നിറഞ്ഞു. അത് കണ്ടുനിൽക്കാൻ ഞങ്ങളുടെ ബാലമനസ്സ് അനുവദിച്ചില്ല. ഞങ്ങൾ മണിക്കുട്ടിയെ വീണ്ടും ഞങ്ങളുടെ ഉത്തമ ചങ്ങാതിയാക്കി.

അമ്മ ശരണം !! അച്ഛൻ ശരണം !! മാതാപിതാക്കളുടെ മതവിശ്വാസങ്ങൾ മക്കൾക്കും പിന്തുടരേണ്ടിവരും. എന്നുവെച്ച് ബാല്യത്തിന്റെ കുരുന്നുഹൃദയങ്ങളിലാരും ജാതിയുടെ വിഷവിത്തുകൾ കുത്തിയിടരുത്. ജനാധിപത്യം പ്രസംഗിക്കുന്ന സർക്കാർ ജാതി തിരിച്ചുള്ള ആനുകൂല്യങ്ങൾ ഒന്ന് അവസാനിപ്പിച്ചെങ്കിൽ... ഇന്ത്യയിൽ ഒരേ ഒരു ജാതി... ഇന്ത്യക്കാർ മാത്രം മതി.

ശാന്തം !! അപാരം !! നമ്മുടെ ദൈവം നമ്മളോട് സ്വന്തം ജാതി വെളിപ്പെടുത്താതെ... അദൃശ്യനായി... സ്വതന്ത്രനായി വാഴട്ടെ !!

രാത്രി വന്നണയുമ്പോഴും അന്ധകാരപരപ്പിനെ മാറ്റിയെടുക്കാൻ ഞാൻ പ്രാർത്ഥിക്കും. ഉദയസൂര്യന്റെ ചെങ്കതിർ കാണാനാശിച്ചും വെള്ളിയാഴ്ചകൾ പെട്ടെന്നു ഓടിയണയാൻ കൊതിച്ചും നിർലജ്ജം ഞാൻ പ്രാർത്ഥിക്കും. എന്റെ ദൈവത്തിനിപ്പോൾ ജാതിയില്ല മതമില്ല. അണുവിൽ അണുവായും സർവ്വത്ര വ്യാപ്തമായും എന്നെ പുൽകിയുണർത്തുന്ന ദൈവത്തിന്റെ ഹിതങ്ങൾ ഞാൻ മനസ്സിലാക്കുന്നു.

ഇന്ന് വെള്ളിയാഴ്ചയാണ്. എന്റെ അച്ഛൻ എന്നരികിൽ വന്നെത്താൻ ഇനി ഏതാനും നിമിഷങ്ങൾ മാത്രം. ദൂരെ നിന്ന് എന്നെ കാണുന്ന മാത്രയിൽ... എന്റെ അമ്മ ഉമ്മറപ്പടവുകളിറങ്ങി മുറ്റത്തേക്ക് കുതിച്ചെത്തും. നിറഞ്ഞ കണ്ണുകളും തുളുമ്പുന്ന മനസ്സുമായി... എന്നെ വാരിയെടുത്ത് എന്റമ്മ എന്നെ നെറുകയിലും കവിളിലും തുരുതുരാ ഉമ്മ തരും. മോനേ... മോനേ... എന്നുറക്കെ ജപിക്കും !!! ഈ ഒറ്റക്കാര്യം കൊണ്ടുമാത്രം ഞാൻ ദൈവത്തെ തിരിച്ചറിയുന്നു. ദൈവത്തിന്റെ ഹൃദയസ്പന്ദനങ്ങൾ ഞാൻ ശ്രുതി മധുരമായി ശ്രവിക്കുന്നു. സ്നേഹം... അപാരം തന്നെ...!!

പ്രിയ സുഹൃത്തേ... നിങ്ങളും എന്നോടൊപ്പം ഈ യാത്രയിൽ ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. അമ്മമാർ ദൈവകണങ്ങളായി എന്നും ഈ ഭൂമിയെ സമ്പന്നമാക്കട്ടെ !!

(അവസാനിച്ചു)



**രജീഷ് കാളികാവ്**
9946760036

# ഗുരൂർക്കടാക്ഷം

അറിവിനാലൊട്ടുമുഴുതിടാത്തൊരെൻ
നിലത്തുഞാനിന്നുവിതച്ച വിത്തുകൾ
അലിവെഴുന്നൊരാ കരങ്ങളാൽ തൊട്ടി-
ട്ടനുഗ്രഹിച്ചൊരെൻ ഗുരൂർക്കടാക്ഷമേ
ചെളി നിറഞ്ഞൊരീയരിയ ജീവിത
ക്കയത്തിൽ ഞാൻ കണ്ടൊരരുണവാരിജം
അനർഹനെങ്കിലുമെനിക്ക് നീട്ടിയ
തതിരെഴാത്തതാം കരുണതൻ വരം
ഒരിക്കലാസ്മിതം കൊളുത്തി വെച്ചൊരാ
നുറുങ്ങു വെട്ടത്തിൽ തുടിക്കയാണുഞാൻ
കുറിച്ചതൊക്കെയും കൊറിച്ചു, വാത്സല്യ
മറുമൊഴികളാൽ തെളിച്ചു നേർവഴി
കടലുപോൽ തിരയിളകി നിന്നൊരീ
കലിച്ച കാലത്തിൻ കദനമൊക്കെയും
കനലു ചൂഴുന്നോരുലയിലെന്ന പോൽ
കവിതയായ് തപിച്ചുരുകി നെഞ്ചിലും
നടനവേദി തൻ നാട്യ വിസ്മയം
നടനമില്ലാത്ത പഥിക ജീവനം
സ്മരണകൾ പെയ്തു നിറവു, നിത്യവു
മാ കാവ്യ ഗീതിയിലലിഞ്ഞ മാത്രകൾ
അറിവു, നീ വാർക്കുമുഷസ്സു പൂത്തിടാ
മൊരിക്കലെന്റെയീയിരുണ്ട വീഥിയിൽ
അതിന്റെയാഭയാരറിഞ്ഞില്ലെങ്കിലെ-
അറിയുമങ്ങെന്നിൽ നിറഞ്ഞുനിൽക്കയാൽ
ഉയരട്ടേ നീല നഭസ്സിന്നീണമാർ-
ന്നൊഴുകട്ടെ തവയശസ്സിൻ വീചികൾ
പുലരട്ടെ ജന്മ സുകൃതം, ഞങ്ങളെ
പ്പുണരട്ടെ നൂറുവസന്ത കാവ്യമായ്...

**സമർപ്പണം : ശ്രീ മുക്കം ഭാസിമാഷിന്.**

ജീവിത ദർശനങ്ങളിലും എഴുത്തിലും എന്നും ഗുരുവും വഴികാട്ടിയുമായ് ശ്രീ. മുക്കം ഭാസി മാഷിന്റെ നിർലോപമായ സ്നേഹ വാത്സല്യങ്ങൾ വാക്കുകൾക്കും വർണ്ണനകൾക്കും അതീതമാണ്, എങ്കിലും ആ സ്നേഹസാഗരത്തിനു മുമ്പിൽ ഈ എളിയ ഗുരുദക്ഷിണ ഞാൻ സവിനയം സമർപ്പിക്കുന്നു.



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001


# അനുസ്മരണ സമ്മേളനം




**തിരുവനന്തപുരം:** 16 ജൂലായ് 2017 ഞായറാഴ്ച 10 മണിക്ക് തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ വെച്ച് കെ. ബാലകൃഷ്ണൻ സ്മാരക പത്രപ്രവർത്തക സമിതിയുടെ ആഭിമുഖ്യത്തിൽ ആരാധ്യനായ കെ. ബാലകൃഷ്ണനെ അനുസ്മരിച്ചു. അദ്ദേഹത്തിന്റെ മുപ്പത്തിമൂന്നാം ചരമവാർഷികദിനമായിരുന്നു അന്ന്. സമാന്തര പത്ര-മാധ്യമ രംഗത്തെ പ്രമുഖരും സാമൂഹിക സാംസ്കാരിക നേതാക്കളും പ്രവർത്തകരും വേദിയിലും സദസ്സിലുമായി ഒത്തുചേർന്ന് സമ്മേളനത്തെ സമ്പുഷ്ടമാക്കി.

# പുസ്തകപരിചയം

## കുഞ്ഞിക്കിളിയുടെ പാട്ട്



(കുട്ടിക്കവിതകൾ)
ടി. വി. ഹരികുമാർ
കണിച്ചുകുളങ്ങര
മൊബൈൽ : 9446118387, 9447975914
പ്രസാധകർ : യെസ്പ്രസ് ബുക്സ്, പെരുമ്പാവൂർ
വില : 50 രൂപ
പേജ് : 51

പ്രപഞ്ചവും മനുഷ്യനും അതിന്റെ മനോഹാരിതയും നിലനിൽക്കണമെങ്കിൽ സ്നേഹമെന്ന വികാരത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കേണ്ടതാണെന്ന് ഓരോ കവിതയിലും കവി നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ സമാഹാരത്തിലെ കവിതകളിലൂടെ കടന്നുപോകുമ്പോൾ ഒരു മുതിർന്ന വായനക്കാരൻ പോലും അവന്റെ 'ഈഗോ'യുടെ സ്വയം നിർമ്മിത ആടയാഭരണങ്ങൾ അടർന്നുപോകുന്നതായും സ്വയം കുഞ്ഞായി മാറിപ്പോകുന്നതായും അനുഭവവേദ്യമാകുന്നു. ഇത് തന്നെയാണ് ഈ കൃതിയുടെ പ്രസക്തിയും.

## പ്രണയവസന്തം




(പുരാണ നോവൽ)
നെടുംകുന്നം രഘുദേവ്
മൊബൈൽ : 9447508147
പ്രസാധകർ: സർഗവേദി ബുക്സ്, കോട്ടയം
പേജ്: 167
വില : 100 രൂപ

ഇതിഹാസകഥയിലെ സുന്ദരിയും ധീരോദാത്തയുമായ ഉഷ. വീരനും സന്മാർഗ്ഗചാരിയുമായ അനിരുദ്ധൻ - കാമോപമൻ. വിരുദ്ധധ്രുവങ്ങളിൽ നിന്നവർ കണ്ടു... ഒരുമിച്ചു... സംഘർഷാത്മക രംഗങ്ങൾ അരങ്ങേറിയത് മനസ്സിൽ മാത്രമായിരുന്നില്ല... ഒടുവിൽ വന്നെത്തിയത് പ്രണയവസന്തം.


## സാറചരിതം



(ഹാസ്യനോവൽ)
ജനാർദ്ദനൻ പി. വണ്ടാഴി
മൊബൈൽ : 8089060168
പേജ് : 126
വില : 100 രൂപ

നല്ല നർമ്മത്തിന്റെ വഴികളിലൂടെ വായനക്കാരന് ഒരുത്തമ ഔഷധമായി പരുവപ്പെടുത്തിയെടുത്ത ചെറുനോവൽ. ബഷീർ, വി. കെ. എൻ., സഞ്ജയൻ എന്നിവരുടെ കൃതിയിലുള്ളതുപോലുള്ള സീരിയസ് നർമ്മം കൃതിയെ അർത്ഥവത്താക്കുന്നു. വായനക്കാരനെ ചിന്തിപ്പിച്ച് ചിരിപ്പിക്കുന്ന വിധത്തിലുള്ള നർമ്മഭാവനകൾ നോവലിനെ സംപുഷ്ടമാക്കുന്നു.

## കൃഷ്ണശിലകൾ



(കവിതാസമാഹാരം)
എം. കെ. ശശിധരൻ
വില : 70 രൂപ
പേജ് : 110

മൊബൈൽ : 9847838361

ജീവിതയാതനകൾ, യാഥാർത്ഥ്യങ്ങൾ കവിതകളിലെ വരികളായി... പച്ചയായ ജീവിതാനുഭവങ്ങളുടെ നേർക്കാഴ്ചകളായി...

ഗ്രന്ഥകർത്താക്കളുടേയും പ്രസാധകരുടേയും ശ്രദ്ധയ്ക്ക് - നിങ്ങൾ രചിച്ച/പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ഏക തത്ത്വയ്ക്ക് അയച്ചു തരാവുന്നതാണ്. പുസ്തകനിരൂപണത്തിനായി രണ്ടു ബുക്കുകളും പുസ്തകപരിചയത്തിലേയ്ക്കായി ഒരു ബുക്കും അയക്കേണ്ടതാണ്.

Published on 15/07/2017, RNI No. KERMAL/2010/35818, REGISTERED Eka Thathwa Monthly, Vol 7, Issue 9, August 2017, Rs. 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019

# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM










Performance with style

Sleepwell MATTRESSES PILLOWS CUSHIONS

Peps

RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com